
2024 DECEMBER
VOL 23
ISSUE 12
PAGE 48
PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക




## ക്രിസ്തു മിസ്സായ വഴി തേടിയുള്ള യാത്ര


ഏലിയാമ്മ അറക്കൽ


JESUS YOUTH
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH


www.jykairosmedia.org




























# കഥ പറയുന്ന കവർചിത്രങ്ങൾ

വെല്ലുവിളികളെ തെല്ലുംഭയക്കാത്ത യുവമനസുകൾ...

മൂല്യങ്ങളുയർത്തുന്ന ജീവിതസാക്ഷ്യങ്ങളുടെ നേർക്കാഴ്ചകൾ...

സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും കഥകൾ...

സഹനത്തിന്റെയും സഹാനുഭൂതിയുടെയും കഥകൾ...

Kairos MEDIA

Kairos Media, 8/174, Navodaya Studio Complex,
Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org
+91 484 2984327  91 62382 79115
**www.jykairosmedia.org**

**കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക**

എഡിറ്റേഴ്സ് റൂം -
അഡ്വ. കെ.ജെ. ജോൺസൺ
jjadvocatesjy@gmail.com



# ചെറിയ ഭാണ്ഡങ്ങൾ നൽകുന്ന സന്തോഷം

ആനന്ദഭരിതരായി ആകാശത്ത് പാറിനടന്ന മഞ്ഞക്കിളി താഴെ കിടക്കുന്ന ഒരു മാംസക്കഷണം കണ്ടു. അധികം വിശപ്പില്ലെങ്കിലും ആ മാംസക്കഷണം സ്വന്തമാക്കാൻ അത് താഴ്ന്നിറങ്ങി. തന്റെ കൊക്കിലൊതുങ്ങാത്ത ആ മാംസക്കഷണം കൊത്തി വലിച്ചുയർത്താൻ അത് പരിശ്രമിച്ചു. ഉയർന്നു പറന്ന സമയം മറ്റു ചില പക്ഷികളും മാംസക്കഷണത്തിനായി പാഞ്ഞു വരുന്നത് കണ്ടു. മാംസത്തിന്റെ ഭാരവും പക്ഷികളുടെ മാത്സര്യവും മഞ്ഞക്കിളിയെ തളർത്തിക്കളഞ്ഞു. തന്റെ കൊക്കിലൊതുങ്ങാത്ത ആ മാംസക്കഷണം കുടഞ്ഞു കളഞ്ഞ് വീണ്ടും ആകാശത്തിന്റെ വിശാലതയിലേക്ക് അനായാസം അത് പറന്നുനീങ്ങി. ദീർഘദൂര യാത്രക്കാരോടും പർവതാരോഹകരോടും പൊതുവേ നിർദേശിക്കുന്ന ഒരു കാര്യമാണ് ചെറിയ ഭാണ്ഡങ്ങൾ കരുതുക എന്നത്. ലക്ഷ്യത്തിൽ എത്തിച്ചേരാനും യാത്രകൾ സന്തോഷഭരിതമാക്കാനും ചെറുഭാണ്ഡങ്ങൾക്ക് കഴിയുമെന്നാണ് അർഥമാക്കുന്നത്. Less luggage more comfort എന്ന ആംഗലേയ വരികളാണ് ഇക്കാര്യം വിവക്ഷിക്കുന്നത്.

ക്രൈസ്തവ ജീവിതവും ഒരു യാത്രയാണ്. യാത്ര എന്നതിനേക്കാളുപരി തീർഥാടനമാണത്. ജീവിതയാത്രയിലെ സൗന്ദര്യത്തെ കണ്ണും മനസ്സും ഒരുപോലെ ആവാഹിക്കുമ്പോഴാണ് അത് തീർഥാടനമാകുക. ഇടവക പള്ളിയിൽനിന്ന് വിശുദ്ധ അൽഫോൻസാമ്മയുടെയും ചാവറ കുര്യാക്കോസ് അച്ചന്റെയും അടുത്തേക്ക് തീർഥാടനം പോയി. ഒരുവൻ മാത്രം വേഗത്തിൽ ഓരോ വിശുദ്ധ സ്ഥലവും സന്ദർശിച്ച് സമയത്തിനു മുൻപേ ബസ്സിൽ കയറിയിരുന്നു. അച്ചന്റെ അടുത്തിരുന്ന അവനോട് അച്ചൻ ചോദിച്ചു മോനെ ഖബറിടത്തിൽ പ്രാർഥിച്ചുവോ? അച്ചാ പ്രാർഥിക്കാൻ പറ്റിയില്ല, വേഗം ബസ്സിൽ വന്നില്ലെങ്കിൽ സീറ്റ് പോകും. ഒരു ദിവസത്തെ യാത്രയിൽ അവന്റെ മനസ്സുടക്കിയത് അവൻ ഇരുന്നിരുന്ന ആ സീറ്റിൽ മാത്രം. Possessions ഉം Positions മാണ് ജീവിതത്തെ പലപ്പോഴും ഭാരമുള്ളതാക്കുന്നത്. കൈവശമുള്ളതിനെ വിട്ടുകളയാതിരിക്കാനും കൂടുതൽ കൈക്കലാക്കാനുമുള്ള മത്സരം പലപ്പോഴും സന്തോഷത്തെ ഇല്ലാതാക്കുന്നു. ആത്മീയ പ്രവർത്തനങ്ങളിലെ ഇടങ്ങളിൽ പോലും പൊസിഷനും പൊസഷനും വേണ്ടിയുള്ള മത്സരങ്ങൾ മുറുകുമ്പോൾ നഷ്ടപ്പെടുന്നത് ആത്മീയ സന്തോഷമാണ്.

ലളിതവും അപരനാൽ നിരാകരിക്കപ്പെടുന്ന ഇടങ്ങളിലുമാണ് ദൈവദർശനം സാധ്യമാകുന്നത് എന്ന വെളിപ്പെടുത്തലാണ് ക്രിസ്തുമസിന്റെ കാതൽ. ഉള്ളതിൽ സംതൃപ്തിയും അതിൽ ആനന്ദവും കണ്ടെത്തുന്ന ഒരു കൂട്ടം മനുഷ്യർക്കാണ് ഈ ദൈവദർശനം സാധ്യമായത്.

അസൂയ, ശത്രുത, മാത്സര്യം, അശുദ്ധി, വിഗ്രഹാരാധന എന്നീ വികാരങ്ങൾ മനുഷ്യനെ ഭാരപ്പെടുത്തുന്നു. ഈ ഭാരം ഒരുവന്റെ ദൈവദർശനത്തെ തടസ്സപ്പെടുത്തുന്നു. എന്നാൽ ദൈവ ദർശനം സാധ്യമാക്കുന്ന ലളിതമായ കാര്യങ്ങൾ പൗലോസ് ശ്ലീഹ റോമാക്കാർക്കുള്ള പന്ത്രണ്ടാം അധ്യായത്തിൽ പ്രതിപാദിക്കുന്നു. സന്തോഷിക്കുന്നവരോടൊപ്പം സന്തോഷിക്കാനും കരയുന്നവരോട് കൂടെ കരയാനും ശ്ലീഹാ ഓർമിപ്പിക്കുന്നു. ജീവിതത്തിന്റെ ഇരുണ്ട സമയങ്ങളിൽ പുൽക്കൂട്ടിലെ ക്രിസ്തുവിനെ ദർശിക്കാൻ അവസരം ലഭിച്ച ഇടയന്മാരെ ധ്യാനിക്കാം. അവരോടൊത്ത് ദൂതന്മാർ പറഞ്ഞത് "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം."

എഡിറ്റർ-ഇൻ-ചീഫ്

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Simon Cheruvathur *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Managing Trustee**
Ginees Francis 9562379515

**Executive Director**
Mathew Joseph 9447762273 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editors**
Sunny Kokkappillil 9446890744
Sujamol Jose 9497166591

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Joby Joseph Ontario +1 2899 686 074
***East Timor*** Sr. Julie Antony +670 77827618 ✆+91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Jijomon T C, Doha +974 3045 2347
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org

**Office** Smitha Jose: smitha.jose@jykairosmedia.org

**Mailing Address**
**INDIA:** 8/174, Navodaya Studio Complex,
Thengode P.O, Kochi 682030, Kerala, India.
✉ infoin@jykairosmedia.org
✆ +91 484 2984327

**USA:** Kairos International Inc.,
3010 Mason Grove Ln, Pearland, TX 77584 USA
✉ info@jykairosmedia.org
✆ +1 832 592 3675

www.jykairosmedia.org
Facebook.com/Readkairos
Twitter.com/kairosmalayalam

**Design:** Shaji Joseph Arakkal ✆ +91 98954 05631 ✉ arakkalshaji@gmail.com


Kairos MEDIA


കെയ്റോസ് മലയാളം/കെയ്റോസ് ഗ്ലോബൽ/
കെയ്റോസ്ബഡ്സ് എന്നിവ ലഭിക്കാൻ:




Cloudcatholic Mobile App

Print (Mal, Eng, Buds)

contents

06

10

12

16

23

24

32


**കെയ്റോസിന് ബാങ്കുവഴി പണമടക്കുവാൻ:**

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ
സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ.
കാക്കനാട്, കൊച്ചി 682030
0484 2984327 62382 79115
kairosmag@jykairosmedia.org

**Cover :** Painting 'The Nativity' oil on panel (1507) by Rueland Frueauf the Elder (1440–1507)

# letters

## ആല തേടുന്നവർ

ഒക്ടോബർ ലക്കത്തിലെ 'ഈശോയുടെ കൂട്ടിൽ കയറാൻ വന്നവർ' എത്ര ആകർഷണീയമായ ശീർഷകം. ആടുകളെ ആലയിലേക്ക് കയറ്റാൻ വിസമ്മതിക്കുന്നവർ, ആടുകളെ പുറത്താക്കുന്നവർ, ആടുകളോട് താത്പര്യമില്ലാത്തവർ, ഇന്ന് കൂടി വരികയാണ്. നിയമം, പാരമ്പര്യം, ദൈവശാസ്ത്രം, റീത്തുകൾ, കീഴ്‌വഴക്കം മുതലായവ പറഞ്ഞ് ആടുകളെ തള്ളി വിടുന്നവർ ഇന്ന് സഭയിലുണ്ട്. 25 പേരുടെ മാമോദിസയെപ്പറ്റി എഴുതിയത് കണ്ടു. ക്രിസ്തുവിൽ സ്നാനപ്പെടുത്തുന്നതാണ് മുഖ്യം. വടക്കേ ഇന്ത്യയിലെ ഒരു വൈദികനെ ബെൽജിയത്ത് പഠിക്കാൻ അഞ്ചുവർഷത്തേക്ക് വിടാൻ ബിഷപ്പ് പറഞ്ഞപ്പോൾ "പിതാവേ എനിക്ക് രണ്ടുവർഷം പഠിച്ചാൽ മതി എന്റെ പൗരോഹിത്യ ജൂബിലി വർഷത്തിൽ 100 പേരെ സ്നാനപ്പെടുത്തണമെന്ന് എനിക്കുണ്ട്." എന്ന് പറഞ്ഞതോർക്കുന്നു. വിദേശ ജീവിതവും പഠനവും പോലും വെട്ടിച്ചുരുക്കി ആത്മാക്കളെ നേടുവാനുള്ള മനസ്സ് ഇന്ന് ഇടയന്മാർക്ക് കുറയുന്നുണ്ടോ? ക്രിസ്തുവിനെ വിട്ട് സഭയുടെ നിയമങ്ങൾക്ക് പ്രാധാന്യം നൽകരുത്. ഈശോയുടെ കൂട്ടിൽ കയറാൻ ആഗ്രഹിക്കുന്നവരെ ഒരിക്കലും ഒഴിവാക്കരുത്. സേവ് നൈജീരിയയ്ക്ക് വേണ്ടി നാം നിലകൊള്ളുന്നുണ്ടോ? ഉണർന്നു ചിന്തിക്കണം.

***ഫാ. ലൂക്ക് പൂതൃക്കയിൽ***

38 44 36 42 46



വ്യത്യസ്തവും അമൂല്യങ്ങളുമായ ഈശോയുടെ പിറവി ചിത്രങ്ങളും പ്രിയപ്പെട്ട പള്ളിയനെക്കുറിച്ചുള്ള കുറിപ്പുകളും മറ്റു സ്ഥിരം പംക്തികളും



"നിങ്ങൾക്ക് ഒരു ഗ്രൂപ്പ് തുടങ്ങാൻ താത്പര്യമുണ്ടോ? നമുക്ക് എല്ലാ ആഴ്ചയും ഒന്നിച്ചുകൂടാം." മാർസെലീനോ അച്ചന്റെ ഈ ചോദ്യമായിരുന്നു ഞങ്ങളുടെ കൂട്ടായ്മയുടെ തുടക്കം. ഞാൻ ഉടൻ കൈ പൊക്കി. അടുത്ത ഞായറാഴ്ച, ആ കോളേജിലെ ഒരു ക്ലാസ്സ് മുറിയിൽ ഞങ്ങൾ കുറെ പേർ ഒത്തുകൂടി. ഏറെ താത്പര്യത്തോടെ എന്നാൽ കുറച്ച് ആശങ്കയോടെയുമാണ് ഞാൻ അവിടെ എത്തിയത്. ചിരിക്കുന്ന ചില മുഖങ്ങൾ കുറച്ച് ആശ്വാസം പകർന്നു. അച്ചൻ ചില പാട്ടുകൾ പഠിപ്പിച്ചുകൊണ്ടു തുടങ്ങി, കൂടെ പാടാൻ ആവശ്യപ്പെട്ടപ്പോൾ ഞങ്ങൾ സന്തോഷത്തോടെ പ്രതികരിച്ചു.

ആ തുടക്കം ഒരു പുതുമയായിരുന്നു. താമസിയാതെ ഞങ്ങൾ ഒരു മനസ്സായി. ഒരു ചെറിയ പ്രാർഥനാ സമയം, പിന്നെ വചന പഠനം, ഗ്രൂപ്പ് ചർച്ച. അങ്ങനെ ആദ്യ ദിവസം നന്നായി പോയി, അതിനിടെ അര ഡസൻ സുഹൃത്തുക്കളും കുറെ പ്രതീക്ഷയും. കൂട്ടായ്മയുടെ നീണ്ട ഒരു യാത്രയുടെ തുടക്കമായി. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ ഏറെ സംഭവബഹുലമായ ഒരു പ്രയാണത്തിന്റെ ആദ്യ പടി.



# നല്ല കൂട്ടായ്മയുടെ അഞ്ച് പടികൾ

## എന്നാൽ മൂന്നാം പടിയിൽ പലതും മരിക്കുന്നു

Photo by Pressfoto

## അഞ്ച് ഘട്ടങ്ങളിലൂടെ ഒരു യാത്ര

നമുക്കോരോരുത്തർക്കും എത്രയോ കൂട്ടായ്മകൾ ഉണ്ടാകും! കുടുംബം, അയൽ പക്കം, ക്ലാസ്സ്റൂമിൽ, ഇടവകയിൽ, ജീസസ് യൂത്തിൽ എന്നുതുടങ്ങി എവിടെയെല്ലാം. ചിലത് തുടരുന്നു, പലതും ഇല്ലാതാകും. അറിഞ്ഞോ അറിയാതെയോ, നമ്മുടെ ജീവിതം രൂപപ്പെടുത്തുന്നതിൽ നിരവധി ഗ്രൂപ്പുകൾ നിർണായക പങ്ക് വഹിക്കുന്നു. ഒരു ചോദ്യം രസകരമാകും, ഈ കൂട്ടായ്മ കളുടെ പ്രയാണത്തിൽ എന്തെങ്കിലും പൊതു രീതികളുണ്ടോ? പ്രത്യേകിച്ച് അവയുടെ വളർച്ചാ ഘട്ടങ്ങളിൽ സമാനതകളുണ്ടോ?

കോളേജിലെ ആദ്യ വർഷം, ഒരു സുഹൃത്ത് അടുത്തുള്ള പട്ടണത്തിലെ ഒരു കത്തോലിക്കാ വിദ്യാർഥിക്കൂട്ടായ്മയിലേക്ക് എന്നെ ക്ഷണിച്ചു. കുറെ നാളായി തുടരുന്ന ഒരു ഗ്രൂപ്പ്. ഒരു ശനിയാഴ്ചയാണ് ഞാൻ അവിടെ ചെന്നത്. അതായിരുന്നു എന്നെ സംബന്ധിച്ചിടത്തോളം ആ ഗ്രൂപ്പിലെ തുടക്കം. അടുത്തത് ബന്ധങ്ങ ളുടെ വളർച്ചയുടെ ഒരു രണ്ടാം ഘട്ടം. ഞാൻ പലരുമായും ചങ്ങാത്തം കൂടുകയും, പല പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും, സുഹൃത്തുക്കളുമായി ചേർന്ന് ചില പാവപ്പെ ട്ടവരെ സന്ദർശിക്കുകയും ഒക്കെ ചെയ്ത വളരെ സന്തോഷകരമായ ഒരു സമയം.

കുറച്ച് മാസങ്ങൾക്കുശേഷം ആ ഗ്രൂപ്പിലെ എന്റെ മൂന്നാം ഘട്ടമായി. ഒരുപാട് ഭിന്നത കളും വഴക്കുകളും തർക്കങ്ങളും എല്ലാമായി അന്തരീക്ഷം കുറേ കലുഷിതമായി. ഇത് ഏറെ ആശയക്കുഴപ്പവുമുണ്ടാക്കി. ഭാഗ്യവ ശാൽ, അത് പൂർണമായ തകർച്ചയിലേക്ക് നയിച്ചില്ല. പക്ഷേ ഞങ്ങളിൽ ചിലർക്ക് അത് അങ്ങനെ തുടരരുത് എന്ന് നിർബന്ധമുണ്ടാ യിരുന്നു. ഞാനും ഒരു സുഹൃത്തും ചില സംഭാഷണങ്ങൾ ആരംഭിച്ചു, പിന്നീട് മറ്റുള്ളവ രുമായി സൗമ്യമായി ബന്ധപ്പെടുകയും ചർച്ച കൾ തുടരുകയും ചെയ്തു. അത് പല നേതാ ക്കളുടെയും വ്യത്യസ്തമായ റോളുകൾ മനസ്സിലാക്കാൻ ഈ നാലാം ഘട്ടം ഞങ്ങളെ സഹായിച്ചു. ഞങ്ങളുടെ കൂട്ടായ്മയുടെ ഏറെ നിർണായകമായ വളർച്ചാ ഘട്ടമായി രുന്നു അത്. ഞങ്ങളെ അത് ഒരു പുതിയ പ്രവർത്തനരീതിയിലേക്ക് നയിച്ചു. ആ യുവജന കൂട്ടായ്മ കൂടുതൽ വ്യക്തതയോടെ വള രാൻ തുടങ്ങി, അത് അംഗങ്ങൾക്ക് കൂടുതൽ ആത്മവിശ്വാസവും പകർന്നു.

ഏതു കൂട്ടായ്മയും വളർച്ചയുടെ ഏതാണ്ട് സമാനമായ വിവിധ ഘട്ടങ്ങളിലൂടെ കടന്നു പോകേണ്ടതുണ്ട്. ഒരുപക്ഷേ ഏറ്റവും വലിയ വെല്ലുവിളി ഉയർത്തുന്ന ഭാഗം മൂന്നാം ഘട്ടമാകും. പ്രശ്ന കലുഷിതമായ ആ സമയത്ത് പല അംഗങ്ങളും ഏറെ നിരാശിത രാകും. അവർ ഒരു പക്ഷേ പിന്നെ ഒരിക്കലും ഗ്രൂപ്പിലേക്ക് മടങ്ങില്ല. എന്നാൽ ക്ഷമാ പൂർവം ആ ഘട്ടം തരണം ചെയ്ത് ഗ്രൂപ്പിൽ തുടരുന്നവർ പക്വതയുടെയും സ്നേ ഹത്തിന്റെയും നല്ല വിളവ് കൊയ്യും.

## ഈ യാത്രയിൽ ഞാൻ എവിടെയാണ്?

യേശു പറഞ്ഞു: "സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ." 'രമ്യതയുടെ ശുശ്രൂഷ' യേശു നമുക്ക് നൽകിയിട്ടുണ്ടെന്ന് വി. പൗലോസ് സൂചിപ്പിക്കുന്നു (2 കൊറി 5,18). പരസ്പര ധാരണയില്ലാതെ വിട്ടുനിൽക്കുന്ന രണ്ടു കൂട്ടരെ ഒരുമിപ്പിക്കുന്ന ഈ പ്രവർത്തനം സുവിശേഷവത്കരണത്തിന്റെ നിർണായക പ്രവർത്തനമല്ലേ? ഈ രണ്ട് വശങ്ങളിൽ നിൽ ക്കുന്നവർ ഭാര്യാഭർത്താക്കന്മാരോ, മാതാപി താക്കളോ, ജീസസ് യൂത്ത് ടീമിലുള്ളവരോ, രണ്ടു തലമുറകളോ ഒക്കെയാകാം. ഇവരിൽ മിക്കവരും യാത്ര ഒരുമിച്ചു തുടങ്ങി. എന്നാൽ ഒരു ഘട്ടത്തിൽ എത്തിയപ്പോൾ പരസ്പരം മനസ്സിലാക്കാൻ സാധിക്കാതെ വന്നവരാണ്. അവർക്കിടയിൽ ഞാൻ അനുരഞ്ജനത്തിന്റെ ദൂതനായി എത്തിയാൽ അവിടെ എന്റെ ദൗത്യ മെന്താണ്? ഒന്നിച്ച് പ്രവർത്തിക്കുക എന്ന ദൈവേഷ്ടം അവരെ ബോധ്യപ്പെടുത്തുകയും പരസ്പര പൂരകമായ വിവിധ വരദാനങ്ങൾ ഒന്നിച്ചു വരുന്നതിന്റെ മനോഹാരിത അവർക്ക് കാണിച്ചു കൊടുക്കുകയും ചെയ്യുക.

എന്നാൽ നിങ്ങൾ ആ വഴിത്തിരിവിൽ എത്തി നിൽക്കുമ്പോൾ മറക്കാൻ പാടില്ലാത്ത ചില കാര്യങ്ങളുണ്ട്:

- പശ്ചാത്തലം ശ്രദ്ധിക്കാതെ സംഘർഷം മാത്രം കണ്ടാൽ
- തെറ്റ് ഒരുവശത്ത് മാത്രമെന്ന് തോന്നിയാൽ
- നിരാശയിൽ ഈ വഴക്കാണ് അന്ത്യം എന്ന് കരുതിയാൽ
- തർക്കവും വഴക്കും സംഘർഷവും ആത്മീയതയ്ക്ക് പറ്റിയതല്ലെന്ന് തോന്നിയാൽ
- ഈ സംഘർഷത്തിൽ എനിക്കൊന്നും ചെയ്യാനില്ല എന്ന് പറഞ്ഞാൽ
- പിന്നെ, വഴക്കുകൾ വർധിക്കുന്നിടം വിട്ടുപോകാൻ തീരുമാനിച്ചാൽ

ഒന്നോർക്കുക സ്നേഹത്തിൽ സത്യം പറഞ്ഞ് ക്രിസ്തുവിന്റെ പൂർണതയിലേക്ക് വളരുന്നതി നുള്ള വിളിയാണ് നിങ്ങൾ ഉപേക്ഷിക്കുന്നത്.

സംഘർഷം വളർച്ചയുടെ ഒരു പടി മാത്രമാണെ

**പരസ്പര ധാരണയില്ലാതെ വിട്ടുനിൽ ക്കുന്ന രണ്ടു കൂട്ടരെ ഒരുമിപ്പിക്കുന്ന ഈ പ്രവർത്തനം സുവിശേഷവത്ക്കരണ ത്തിന്റെ നിർണായക പ്രവർത്തനമല്ലേ? ഈ രണ്ട് വശങ്ങളിൽ നിൽക്കുന്നവർ ഭാര്യാഭർത്താക്കന്മാരോ, മാതാപിതാ ക്കളോ, ജീസസ് യൂത്ത് ടീമിലുള്ളവരോ, രണ്ടു തലമുറകളോ ഒക്കെയാകാം. ഇവരിൽ മിക്കവരും യാത്ര ഒരുമിച്ചു തുടങ്ങി. എന്നാൽ ഒരു ഘട്ടത്തിൽ എത്തിയപ്പോൾ പരസ്പരം മനസ്സിലാ ക്കാൻ സാധിക്കാതെ വന്നവരാണ്.**



ന്നത് നാം മറക്കരുത്. ഉദാഹരണത്തിന് പല കാര്യങ്ങളിലും ഒത്തുപോകാൻ ആവില്ലെന്ന് ഭാര്യാഭർത്താക്കന്മാർക്ക് തോന്നി തുടങ്ങു മ്പോൾ, അല്ലെങ്കിൽ മക്കളും മാതാപിതാ ക്കളും തമ്മിൽ ബന്ധങ്ങൾ വഷളാകുമ്പോൾ, ജീസസ് യൂത്ത് ഗ്രൂപ്പിൽ സംഘർഷങ്ങൾ ഉണ്ടാകുമ്പോൾ, അതേ തുടർന്ന് ആളുകൾ അസ്വസ്ഥരാകുമ്പോൾ, ഓർക്കുക, നമ്മൾ വളർച്ചയുടെ മൂന്നാം ഘട്ടത്തിൽ എത്തി. അവിടെ അനുരഞ്ജന ശ്രമങ്ങളുടെ നാലാം ഘട്ടത്തിന് സമയമായി. മിക്ക തർക്കങ്ങളും വഴക്കുകളും നന്നായി കൈകാര്യം ചെയ്താൽ കൂടുതൽ ധാരണയിലേക്കും പുതിയ പാതകളിലേക്കും നാം മുന്നേറും. സഭയിൽ, നാം ഇതിനെ പങ്കാളിത്തത്തി ന്റെയും കൂട്ടായ്മയുടെയും ദൗത്യവളർച്ച യുടെയും സിനഡൽ സമീപനം എന്നാണ് വിളിക്കുന്നത്.

## ഈ മൂന്നാം ഘട്ടത്തിൽ എത്തുമ്പോൾ നാം എന്തു ചെയ്യണം?

ഒരു കുട്ടി വളർച്ചയുടെ ഒരു ഘട്ടത്തിൽ മാതാപിതാക്കളോട് പറയാൻ തുടങ്ങും, "ഞാൻ വ്യത്യസ്തനാണ്; എന്നെ അംഗീകരി ക്കുക!" ഇത് നിഷേധത്തിന്റെയോ അനുസര ണക്കേടിന്റെയോ ചില വാക്കുകളോ പ്രവൃത്തി കളോ ഒക്കെയാകാം. ഞാൻ കണ്ട മറ്റൊരു മൂന്നാം ഘട്ടമായിരുന്നു ഒരു ടീമിൽ മൂന്നു പേർ പ്രവർത്തന തിരക്കിൽ മീറ്റിംഗുകൾ ഒഴിവാക്കുന്നു, മറ്റു നാലുപേർ മുടക്കം കൂടാതെ കൂട്ടായ്മയിൽ തുടരുന്നു, മറ്റൊന്ന്, ആദിമ സഭയിൽ, പരിച്ഛേദനയുടെയും യഹൂദ ആചാരങ്ങളുടെയും പ്രശ്നത്തിൽ കടുത്ത ഭിന്നത ഉയർന്നു. ഇതെല്ലാം നാം പറഞ്ഞ മൂന്നാം ഘട്ടം. പക്ഷേ ചോദ്യം, നാം എങ്ങനെ അടുത്ത ഘട്ടത്തിലേക്ക് മുന്നേറും?

i. തിരിച്ചറിയുക. അഭിപ്രായ വ്യത്യാസങ്ങൾ ഒരു ഗ്രൂപ്പിന്റെ മുന്നോട്ടുള്ള യാത്രയുടെ ഒരു ഘട്ടമാണെന്ന് തിരിച്ചറിയുക സുപ്രധാനമാണ്.

ii. അംഗീകരിക്കുക. ആദർശവാദമാണ് വളർച്ചയുടെ പ്രധാന ശത്രു. അടിസ്ഥാന യാഥാർഥ്യം അംഗീകരിച്ച് അവിടെ നിന്ന് തുടങ്ങുക.

iii. ദൈവഹിതം അന്വേഷിക്കുക. പ്രാർഥനാ പൂർവം ചോദിക്കുക, 'കർത്താവേ, അങ്ങ് ഞങ്ങളെ എവിടേക്കാണ് നയിക്കുന്നത്?'

iv. എളിമയിൽ തുടങ്ങുക. താഴ്മയോടെ, ഞാൻ ചെറുതെന്ന് കരുതി, എന്നാൽ ആകാ വുന്ന ആദ്യപടി വയ്ക്കുക.

v. പരസ്പര സംഭാഷണം. മറ്റുള്ളവരുമായി ബന്ധപ്പെട്ട് അനുരഞ്ജന ശ്രമങ്ങൾ നടത്തുക.

vi. ക്രിയാത്മക പടികൾ. പറ്റുന്ന രീതിയിൽ സഹകരിച്ച് കർത്താവ് നയിക്കുന്നത് തിരിച്ച റിഞ്ഞ് മുന്നേറുക.

vii. സാഘോഷം ഉണ്ടായ നേട്ടങ്ങളിൽ ഒന്നിച്ച് സന്തോഷിക്കുക.

തുടക്കത്തിൽ സൂചിപ്പിച്ചപോലെ ബന്ധങ്ങൾ ഒരു യാത്ര പോലെയാണ്, കൂട്ടായ്മകൾ പല പടികൾ കടന്നാണ് മുന്നേറുന്നത്. ഏതാണ്ട് മരങ്ങൾ വളരുന്ന പോലെ, വിത്ത് പാകി, തഴച്ചു വളർന്ന്, വെട്ടിയൊതുക്കി, ഭംഗിയാക്കി, ഫലമണിയും. മൂന്നാം ഘട്ടത്തിലെ വെട്ടിയൊരുക്കൽ നമുക്ക് ഒഴിവാക്കാനാ കില്ല. കൂട്ടായ്മകളിൽ പരിശുദ്ധാത്മാവിന്റെ നയിക്കലിൽ നാം അത് ചെയ്താൽ വിശ്വാ സവും പ്രത്യാശയും സ്നേഹവും നിറഞ്ഞ് ആ കൂട്ടായ്മ ഏറെ സുന്ദരമാകും.

***ലേഖകൻ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിൽ പ്രധാനി. അന്തർദേശീയ പ്രഭാഷകനും എഴുത്തുകാരനുമാണ്. 2018ൽ ഷെവലിയർപട്ടം സ്വീകരിച്ചിട്ടുണ്ട്.***





# യഹൂദിയായിലെ ഒരു ഗ്രാമത്തിൽ നടന്നത്



തിയോ മനുഷ്യസ്നേഹി മാസികയിലാണ് ഈ കഥ വായിച്ചത്. കുട്ടികളെ ഉദ്ദേശിച്ചുള്ള ഒരു ചെറിയ പുസ്തകത്തിലെ ഒരു രംഗം. പുൽക്കൂട്ടിലെ ഉണ്ണിയേശുവും ഒരു ചെറിയ കുട്ടിയും തമ്മിലുള്ള സംഭാഷണമാണ്. എല്ലാവരും സമ്മാനപ്പൊതികളുമായി നിൽക്കുമ്പോൾ കുട്ടിയുടെ കൈയിലൊന്നുമില്ല.


"അടുത്ത തവണ വരുമ്പോൾ ഞാൻ നിനക്കൊരു സമ്മാനം കണിശമായിട്ടും കൊണ്ടുവരും. അവൻ പറഞ്ഞു!" "എനിക്ക് നിന്റെ നോട്ടുബുക്കിലെ ലാസ്റ്റ് കോമ്പോസിഷൻ മതി!" ഉണ്ണീശോയുടെ മറുപടി.

കുട്ടി വിഷമിച്ചു പോവുകയാണ്: "അതോ, നിറയെ ചുവന്ന വരകളാണ്. ടീച്ചർ incomplete എന്ന് വിളിച്ച് പറഞ്ഞ് എനിക്കത് എറിഞ്ഞു തരുകയായിരുന്നു!" ഉണ്ണീശോ വിടാൻ ഭാവമില്ല; "ഒന്നു കൂടിയുണ്ട്. നിനക്കൊരു സ്പെഷ്യൽ കോഫി കപ്പില്ലേ, അതും വേണം." "ഉടഞ്ഞൊരു കപ്പാണ്." കുട്ടി തർക്കിച്ചു; "തീർന്നില്ല, അന്ന് ആ കപ്പ് പൊട്ടിയപ്പോൾ നീ അമ്മയോട് എന്താണ് പറഞ്ഞത്." കുട്ടി ബുദ്ധിമുട്ടിലായി. അമ്മയോടൊരു കള്ളം പറഞ്ഞു, സത്യത്തിൽ, എന്തോ ദേഷ്യത്തിന് എറിഞ്ഞുടച്ചതായിരുന്നു. "ആ നുണയും എനിക്ക് വേണം. അപൂർണവും ഉടഞ്ഞതുമായ എല്ലാത്തിനോടുമൊപ്പം."

ബോബിയച്ചൻ ഇങ്ങനെകൂടെ കുറിച്ചിരിക്കുന്നു. ഇതിനൊക്കെയാണ് സുവിശേഷമെന്നു പറയുന്നത്.

ക്രിസ്തുമസാണ്, എല്ലാം തികഞ്ഞവരുടെ ആഘോഷമെന്ന മട്ടിലാണ് നാം കൊണ്ടാടുന്നത്. ഒന്നുമല്ല. ഒന്നുമില്ലാത്തവരുടെ, എല്ലാം തകർന്നുപോയവരുടെ, ചുവന്ന വരകൾ കൊണ്ട് അകറ്റി നിറുത്തപ്പെട്ടവരുടെ പുൽക്കൂട്ടിലേക്കാണ് നസറത്തിലെ ആ പാവപ്പെട്ട അമ്മയുടെ മകൻ പിറക്കുക.

ഒന്നും പേടിക്കേണ്ട എന്ന് പറയാൻ എല്ലാം ശരിയാക്കാൻ ഞാനില്ലേയെന്ന് പറയാൻ, ചിന്നിച്ചിതറിയത് കൂട്ടി ചേർക്കാൻ.. ദൈവം അയാളെ (എഴുത്ത് ഭാഷ) അയച്ചത് സ്നേഹം അത്രമാത്രം നിറഞ്ഞു കവിഞ്ഞപ്പോഴാണെന്നാണ് വി. യോഹന്നാൻ പറയുന്നത് (യോഹ 3,16).



ഇത്രയൊക്കെ സ്നേഹിക്കാൻ എന്താ ഉള്ളത്! ഒന്നുമില്ലല്ലോ.. സമരിയാക്കാരി, ഒരു ശരിയല്ലാത്ത പെണ്ണ്; സക്കേവൂസോ അറുത്ത കൈക്ക് ഉപ്പ് തേക്കാത്ത കൊടും പിശുക്കൻ, ഇനി പീറ്ററാകട്ടെ, വേണ്ടനേരത്ത് തള്ളിപ്പറയുന്ന നട്ടെല്ലില്ലാത്തയാൾ, യൂദാസാകട്ടെ നാലു കാശു കിട്ടുമെങ്കിൽ ആരേയും ഒറ്റാൻ മടിക്കാത്തവൻ... ഇവരെയൊക്കെ സ്നേഹിക്കാൻ ഒന്നും ചിന്തിക്കാതെ ഇങ്ങുപോന്ന ഒരാളുടെ ജനന തിരുനാളാണ്!

അർഹതയില്ലാത്ത സ്നേഹം ഇലത്തുമ്പിൽ ആരോ വിളമ്പിയിട്ട്, മതി വരുവോളം എടുത്തോ എന്ന് പറയുകയാണ്.. ഇക്കുറി പുൽക്കൂട്ടിനരികിൽ നിൽക്കുമ്പോൾ ആരും കാണാതെ ഒന്നു കരയാൻ പറ്റിയിരുന്നെങ്കിൽ. അതായിരിക്കും ഈ ക്രിസ്തുമസിലെ ഏക ശരിയായ കാര്യം, അല്ലേ സുഹൃത്തേ..

ഏവർക്കും തിരുപ്പിറവിയുടെ ആശംസകൾ.

***തൃശ്ശൂർ സ്വദേശിയായ ശശി ഇമ്മാനുവൽ തൃശ്ശൂർ നിർമല മാതാ സെൻട്രൽ സ്കൂളിൽ വാല്യൂ എഡ്യൂക്കേഷൻ ടീച്ചറായി ജോലി ചെയ്യുന്നു. ഭാര്യ അമ്പിളി, മൂന്ന് മക്കൾ***



The Presentation in the Temple, c1454 by artist Andrea Mantegna (1431–1506)

"ഭയപ്പെടേണ്ട! ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്‌വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു" (ലൂക്കാ 2,10). 2024ലെ ക്രിസ്തുമസിനെ പറ്റി എങ്ങനെയാണ് പറഞ്ഞു തുടങ്ങേണ്ടതെന്നറിയില്ല. ആകുലങ്ങളും അലച്ചിലുകളും അലയടിക്കുന്ന തനിയാവർത്തനമായ ക്രിസ്തുമസ് എന്നോ, ഏത് സാഹചര്യത്തിലും ആനന്ദിച്ചും ഉല്ലസിച്ചും ഇരിക്കാൻ പ്രചോദിപ്പിക്കുന്ന ഹാപ്പി ക്രിസ്തുമസ് ആയിട്ടോ?





കവർസ്റ്റോറി - ഏലിയാമ്മ അറക്കൽ

# ക്രിസ്തു മിസ്സായ വഴിതേടിയുള്ള യാത്ര

ദൈവത്തെ ധിക്കരിച്ച് സാത്താനാൽ വഞ്ചിക്കപ്പെട്ട ഹവ്വ ശ്രമിച്ചത് ഇന്ദ്രിയങ്ങളെ ശ്രവിക്കാനാണ്. കാലം മാറിയപ്പോൾ കഥമാറി. ദൈവമനുഷ്യബന്ധത്തിന്റെ കാലാവസ്ഥ അപ്പാടെ മാറിമറിഞ്ഞു. പുതിയ ഹവ്വയായ മറിയമാകട്ടെ, മനസ്സിന്റെ ആശങ്കകളെ ഒരു കല്ലേറ് ദൂരം മാറ്റി നിറുത്തി ഗബ്രിയേൽ ദൂതന്റെ വാക്കിന് വിലകൊടുത്തു. "ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" ആമേൻ.

ഉണ്ണി പിറക്കുമ്പോൾ എന്തുകൊണ്ടോ വിസ്മരിക്കപ്പെടുന്നത് അവർ കിടന്ന സുരക്ഷിത താവളമാണ്. അമ്മയുടെ ഉദരത്തിന്റെ കോട്ടയ്ക്കുള്ളിൽ സുഖമായി കഴിഞ്ഞിരുന്നവർ പുറത്തു വരുമ്പോൾ സർവ കണ്ണുകളും കുഞ്ഞുവാവക്ക് നേർക്കാവും. പാവം അമ്മ. പത്തുമാസത്തെ അധ്വാനത്തിന് പ്രസവനിമിഷത്തോടെ കിട്ടുന്ന സമ്മാനം ഇതാണ്. തള്ളയെ ചവിട്ടി പിള്ള രാജാവാകുന്ന അവസ്ഥ. വളരുംതോറും രാജാവാകുന്നത് കുഞ്ഞാണ്. അറിയപ്പെടുന്നത് അപ്പന്റെ പേരിലാണ്. എങ്ങാനും അടിപതറിയാൽ കുറ്റപ്പെടുത്താൻ നേരംതപ്പിയെടുക്കും അമ്മയെന്ന സാന്നിധ്യത്തെ. പിന്നെയൊക്കെ അമ്മയുടെ വഴികേട്. വഴിയിൽ പര്യക്തരാകും എന്ന് അറിയുമ്പോഴും ഓരോ ഭാര്യയും ആഗ്രഹിക്കും അമ്മയാകാൻ. മക്കൾ കിരീടംവച്ച് വാഴുന്നതു കാണാൻ എല്ലാം ഉള്ളിലൊതുക്കാനും മക്കളുടെ വിജയവഴിയിൽ നിന്നും ഒരു ചുവട് പിന്നിലേക്ക് മാറിനിന്ന് വീക്ഷിക്കാനും തയ്യാറാകുന്നവർക്ക് അമ്മ എന്നല്ലാതെ മറ്റെന്ത് പേരാണ് ചേരുക?

ക്രിസ്തുമസ് കാലത്തും സ്ഥിതി വ്യത്യസ്തമല്ല. എല്ലാ കണ്ണുകളും പുൽക്കൂട്ടിൽ പുഞ്ചിരി തൂകി കിടക്കുന്ന ദിവ്യശിശുവിലേക്കാണ്. പരിശുദ്ധ അമ്മയുടെ കണ്ണുകളിലൂടെ ഈ ക്രിസ്തുമസിനെ നോക്കികാണുകയാണ് ഇവിടുത്തെ ലക്ഷ്യം. പാവം മേരി! പ്രാർഥനയും പരിത്യാഗവുമായി രക്ഷകനെ കാത്തിരുന്നവൾ. എട്ടുംപൊട്ടും തിരിയാത്ത പ്രായം എന്ന് മുതിർന്നവർ വിശേഷിപ്പിക്കുന്ന കാലത്ത് ദൂതൻ പറഞ്ഞത് കേട്ട് സ്വർഗത്തിന്റെ വിളി സ്വീകരിച്ചവൾ. തുടർന്ന് ദൈവാത്മാവിനാൽ കന്യകാമറിയം ഗർഭിണിയാകുന്നു. സത്രത്തിൽ ഇടം കിട്ടാതെ വലഞ്ഞപ്പോഴും കാലിത്തൊഴുത്തിൽ പ്രസവിച്ചപ്പോഴും ദൂതന്മാർ പാട്ടുപാടി ആഘോഷിച്ചപ്പോഴും മേരി ആശിച്ചിട്ടുണ്ടാകണം, മകൻ മിടുക്കനാകുമ്പോൾ അമ്മയേയും കൂടെ കൊണ്ടുനടക്കുമെന്ന്. നാല്പതാം ദിവസം ദേവാലയത്തിൽ കുഞ്ഞിനെ സമർപ്പിക്കാൻ പോയപ്പോൾ അവിടന്ന് ശിമയോന്റെ വക ഫ്രീ ആയിട്ട് ഒരു ആശീർവാദം കിട്ടി. "നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കും" ആഹാ എത്ര മനോഹരമായ ആശീർവാദം! മാതാവ് അവിടം മുതൽ തയ്യാറെടുത്തു തുടങ്ങിയിരുന്നു എന്ന് വിശ്വസിക്കാനാണ് ഇഷ്ടം. അടിവരയിടുന്ന കാരണങ്ങൾ നിരവധി.

വളർച്ചയുടെ കാലത്തങ്ങനെ പുത്രനെ ഓർക്കുമ്പോൾ മാതാവിന് ഉറക്കമില്ലാത്ത

രാത്രികളായിരുന്നു. ഒരേയൊരു പുത്രൻ. പന്ത്രണ്ടാം വയസ്സിൽ തിരുനാൾ സ്ഥലത്തു വച്ച് യേശുവിനെ കാണാതാകുന്നു. മുതിർന്നപ്പോൾ ലോകം നന്നാക്കാൻ ചുറ്റിക്കറങ്ങുന്നവനായി മാറി. പിന്നാലെ അസംഖ്യം പെരുകുന്ന ശത്രുക്കൾ. ശരവേഗത്തിൽ കാലം കടന്നു പോയി. മൂന്നുവർഷത്തെ സാഹസിക യാത്ര കാൽവരിയിൽ തീരാൻ പോകുന്നു. യാത്രയ്ക്കിടയിൽ അമ്മയും മകനും തമ്മിൽ കണ്ടുമുട്ടുന്നു. കുരിശിന്റെ വഴിയിലെ ഏറെ ഹൃദയഭേദകമായ രംഗം ഈ കൂടിക്കാഴ്ചയാണ്. അമ്മയും മകനും ഒന്നും സംസാരിക്കുന്നില്ല. മകന്റെ വേദന അമ്മയുടെ ഹൃദയം തകർക്കുന്നു എന്ന വാക്യം അർഥമറിഞ്ഞു ചൊല്ലിയാൽ കണ്ണുനിറയാത്തവർ ആരുണ്ട്?

ശരിക്കും എന്തിനായിരുന്നു മാതാവ് ഇത്രയുമൊക്കെ നിശ്ശബ്ദം സഹിച്ചത്, ഉത്തരം ഇതാകാം. 'ഇതാ കർത്താവിന്റെ ദാസി' എന്ന് വിളികേട്ടതിന്റെ അർഥം കൊണ്ട്. ഈ പ്രത്യുത്തരത്തിന്റെ മഹാവിലയാണ് ദൈവപുത്രന്റെ മനുഷ്യാവതാരം അഥവാ ക്രിസ്തുമസ്.

അങ്ങനെയെങ്കിൽ ഓരോ തിരുപ്പിറവിയും അമ്മയുടെ സമർപ്പണത്തിന്റെ വിലയല്ലേ. കാൽവരിയോളം മൗനം പാലിച്ചും എല്ലാം ഉള്ളിൽ സംഗ്രഹിച്ചും ഹൃദയത്തിന്റെ വ്യാകുലങ്ങളെ കൃപയുടെ പ്രകാശ കിരണങ്ങളാക്കാൻ മറിയം ഇറങ്ങിത്തിരിച്ചിടത്താണ് യഥാർഥത്തിൽ ക്രിസ്തുമസിന്റെ പവിത്രത. ഓരോ ക്രിസ്തുമസ് രാവിലും ഉണ്ണിയെ അനുസ്മരിക്കുമ്പോൾ മറന്നുപോകുന്ന മറ്റൊരു ജനനം ഉണ്ട്; മേരിയെന്ന കന്യക. പരിപൂർണ സമർപ്പണത്തിലൂടെ അവൾ ദൈവമാതാവായി പുനർജനിച്ചത്.

ഒന്നോർത്താൽ എന്തുകൊണ്ടാണ് ക്രിസ്തുമസ് ലിമിറ്റഡ് എഡിഷൻ ആയത്?

കാരണങ്ങൾ നാല്: (1) മേരിയെപ്പോലെ വേറെ ഒരുവളും സമ്മതം മൂളിയില്ല. (2) ജോസഫിനെ പോലെ വേറെ ഒരുവനും അറിയാത്ത ഗർഭത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തില്ല. (3) മകന്റെ വഴിയിൽ എന്റെ മോൻ എന്ന സ്വാർഥചിന്ത ഉഴിഞ്ഞുവച്ചുകൊണ്ടു പിന്നാലെ കൂടിയില്ല. കുരിശേറാൻ പോകുമ്പോൾ പ്രാർഥനയോടെ അനുധാവനം ചെയ്തില്ല. (4) ഹൃദയം സഹനത്തിന്റെ വാൾകൊണ്ട് മുറിയാനും ചോര ഒഴുകാനും നിശ്ശബ്ദം സഹിക്കാനും അനുവദിച്ചില്ല.

ഈ നാലുകടമ്പകൾക്ക് സമ്മതമെങ്കിൽ തിരുപ്പിറവികൾ ഇന്നും ആവർത്തിക്കപ്പെടും. നല്ല ക്രിസ്തു അനുയായികൾ പിറവിയെടുക്കേണ്ടത് ഈ നൂറ്റാണ്ടിന്റെ ആവശ്യമാണ്. അതിനാദ്യമായി ഇതുപോലെ ഒരമ്മ പിറക്കണം. അപ്പോൾ തനിയെ തിരുപ്പിറവികളും ആവർത്തിക്കപ്പെടും. ശരിക്കൊന്നു ഒരുങ്ങി പ്രാർഥനയിൽ ആഴപ്പെട്ട് ഇതാ കർത്താവിന്റെ ദാസി/ദാസൻ എന്ന് പറയാൻ തയ്യാറായാൽ ഈ ക്രിസ്തുമസിന് നമ്മുടെ ഭവനങ്ങളിലും ഉണ്ണി പിറക്കും. തീർച്ച

ക്രിസ്തുവിന്റെ ജനനത്തെ കുറിച്ച് മാത്രമല്ല. വഴികാട്ടിയായ നക്ഷത്രത്തെ കുറിച്ചും ആ വെളിച്ചത്തെ അനുധാവനം ചെയ്ത വ്യക്തികളെ കുറിച്ചുമുള്ള ഓർമകൾ കൂടിയാണ് ക്രിസ്തുമസ്. ദിവ്യശിശുവിനെ ദർശിക്കാൻ ഇടയന്മാർക്ക് തുണയായതും നക്ഷത്രം തന്നെയാണ്. ഏതുമനുഷ്യനും ദൈവദർശനം സാധ്യമാക്കുവാൻ നിമിത്തമാകുന്നതാണ് യഥാർഥ നക്ഷത്രങ്ങൾ. ഓരോരുത്തരും അപരന് ദൈവദർശനത്തിന് വഴികാട്ടിയായി മാറുമ്പോൾ ആന്തരിക നക്ഷത്രത്തിന് ജ്വലനം സംഭവിക്കുന്നു. വഴിതെറ്റിപ്പോയ ജ്ഞാനികൾക്ക് തിരിച്ചുവരാനും ലക്ഷ്യത്തിലേക്കുള്ള ചൂണ്ടാണിയായി തീർന്നതും നക്ഷത്രമാണ്. അന്നുമുതൽ താരകങ്ങൾ ദൈവമഹത്വം തേടുന്നവരുടെ ഇടയിലെ താരമായി.

> മക്കൾ കിരീടംവച്ച് വാഴുന്നതു കാണാൻ എല്ലാം ഉള്ളിലൊതുക്കാനും മക്കളുടെ വിജയവഴിയിൽ നിന്നും ഒരു ചുവട് പിന്നിലേക്ക് മാറിനിന്ന് വീക്ഷിക്കാനും തയ്യാറാകുന്നവർക്ക് അമ്മ എന്നല്ലാതെ മറ്റെന്ത് പേരാണ് ചേരുക?

അധികാര ശീതളിമയിൽ മയങ്ങാതെ വെളിച്ചത്തെ പിൻചെല്ലാനുള്ള ധൈര്യത്തിന്റെയും ആത്മവിശ്വാസത്തിന്റെയും മുഖമുണ്ടെന്നുള്ളതാണ് ക്രിസ്തുമസിന്റെ മറ്റൊരു ദർശനം. ഒപ്പം ക്രിസ്തുമസ് ദൈവകരുണയെ കൂടി അനാവരണം ചെയ്യുന്നു. എന്നാൽ ക്രിസ്തുമസ് കാലം അവനവന്റെ സ്വത്വത്തെ മറക്കുന്നതിന് ആയുധമാക്കിയിരിക്കുന്ന മൂടുപടങ്ങൾ നീക്കം ചെയ്യാനും ദിവ്യ ചൈതന്യത്താൽ പ്രകാശപൂരിതമാക്കാനും ഉള്ളതാണ്. സ്വയം ശൂന്യവത്ക്കരണത്തിന്റെ പാത സ്വീകരിച്ച് കാലിത്തൊഴുത്തിൽ പിറന്ന് കാലിക്കൂടിനെ കാഴ്ചക്കൂടാക്കി മാറ്റിയ മിശിഹാ മാജിക്കിനു പിന്നിലെ രഹസ്യം സ്വയം ചെറുതാകലിന്റെ സമർപ്പണമാണ്. സ്നേഹമെന്നാൽ ചെറുതാകലാണെന്നും ശൂന്യമായി തന്നെ സമർപ്പിക്കയാണെന്നും തിരിച്ചറിയാം. ഉദരത്തിൽ വളരുന്ന കുഞ്ഞുമായി ഇളയമ്മയായ എലിസബത്തിനെ കാണാൻ മറിയം തിടുക്കത്തിൽ നടത്തിയ യാത്ര കരുതലിന്റെ തീക്ഷ്ണതയാണ് പറഞ്ഞു തരുന്നത്. ദാരിദ്ര്യത്തിൽ പിറന്ന ഉണ്ണികുമാരൻ ദാരിദ്ര്യത്തിൽ മറഞ്ഞുകിടക്കുന്ന ദൈവകരുണയെ ധ്യാനിക്കാൻ തന്നെ പ്രേരിപ്പിക്കട്ടെ. സഭാതലവന്റെ വാക്ക് കേൾക്കാം. "ഏറ്റവും എളിയവരും ദുർബലരും ദരിദ്രരും നമ്മുടെ ഹൃദയത്തെ സ്പർശിക്കണം. നമ്മുടെ ഹൃദയത്തോടും ആത്മാവിനോടും അഭ്യർഥിക്കാൻ അവർക്ക് അവകാശമുണ്ടുതാനും. അവർ നമ്മുടെ സഹോദരീസഹോദരന്മാരാണ്. അതിനാൽ അവരെ സ്നേഹിക്കുകയും കരുതുകയും വേണം" (ഫ്രത്തേലി തൂത്തി).

സദ്വാർത്ത നവമായി കേൾക്കാനും പുതുചൈതന്യത്തോടെ അതിന്റെ ദൂത് ആശ്ലേഷിക്കാനും ഈ തിരുപ്പിറവി നമ്മെ സഹായിക്കട്ടെ.

സ്വർഗീയ ചൈതന്യത്താൽ ഭൂമി പ്രഭ തൂകട്ടെ. തിരിച്ചറിവിന്റെ തിരുപ്പിറവിയും നന്മനിറഞ്ഞ നല്ലകാലത്തിലേക്കുള്ള തിരിച്ചുവരവിന്റെ പുതുവർഷവും ആശംസിക്കുന്നു.

***ഏലിയാമ്മ അറക്കൽ, റിട്ടയേർഡ് അധ്യാപിക ചെറുപുഷ്പ ദേവാലയം, കരുവഞ്ചാൽ***.




Subscribe!
to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/
kairosbuds



**കവർസ്റ്റോറി** - സമാഹരണം: സുജമോൾ ജോസ്

# പള്ളിയച്ചൻ എന്ന വലിയ പള്ളിക്കൂടം

ഫാ. എബ്രഹാം പള്ളിവാതുക്കൽ എസ്.ജെ. (പള്ളിയച്ചൻ) ഒരു പാഠപുസ്തകം ആണെന്ന് പറയുന്നതിലപ്പുറം ഒരു പള്ളിക്കൂടം തന്നെയാണെന്ന് വേണം പറയാൻ.

ജീസസ് യൂത്ത് ഒത്തിരി സ്നേഹത്തോടെ അച്ചനെ വിളിക്കുന്നു, 'ഞങ്ങടെ സ്വന്തം പള്ളിയച്ചൻ.' പള്ളിവാതുക്കൽ എന്ന വീട്ടുപേര് അച്ചനെ സംബന്ധിച്ചിടത്തോളം തീർത്തും അന്വർഥമാണ്. പള്ളിവാതുക്കലച്ചന്റെ മുമ്പിൽ എത്തുമ്പോൾ ഒരു ദേവാലയ കവാടത്തിന് മുമ്പിൽ എത്തുന്നതിന് തുല്യമാണ്. സങ്കടങ്ങളും സന്തോഷങ്ങളും ജീവിതഭാരവും നിസ്സഹായതയും കടബാധ്യതയും രോഗാവസ്ഥയും അനാഥത്വവും ഒറ്റപ്പെടലും.. അങ്ങനെ പറഞ്ഞറിയിക്കാനാവാത്ത പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും എടുത്താൽ പൊങ്ങാത്ത ഭാണ്ഡവും പേറി എത്ര പേരാണ് ഓരോ ദേവാലയ കവാടത്തിലൂടെയും ഉള്ളിലേക്ക് കടന്നിട്ടുണ്ടാവുക. കടലോളം വരുന്ന സങ്കടങ്ങളുടെ ഭാണ്ഡം അൾത്താരയ്ക്ക് മുന്നിൽ അർപ്പിച്ച് തിരിച്ച് ദേവാലയ കവാടത്തിലൂടെ പുറത്തേക്ക് വരുമ്പോൾ ഭാണ്ഡം കാലിയായിട്ടുണ്ടാകും. കുന്നോളമുള്ള സങ്കടങ്ങളെ കുമ്പസാരക്കൂട്ടിലും കാൽവരിക്കുരിശിലും അർപ്പിച്ചു പുറത്തേക്കിറങ്ങുമ്പോൾ എന്തെന്നില്ലാത്ത ഒരു ആശ്വാസം അനുഭവിക്കാത്തവരായി ആരുമുണ്ടാകില്ല. ഇതേ അവസ്ഥ തന്നെയാണ് പള്ളിയച്ചന്റെ അടുത്തെത്തുന്ന ഓരോ വ്യക്തിക്കും അനുഭവിക്കാൻ കഴിയുക. പറയാതെതന്നെ തന്റെ പ്രിയപ്പെട്ടവരുടെ സങ്കടങ്ങൾ അറിയുന്ന, പറയുന്നതെല്ലാം ക്ഷമയോടെ കേട്ടിരിക്കുന്ന, ആത്മീയവും ഭൗതികവുമായ ആവശ്യങ്ങളിൽ അറിഞ്ഞു സഹായിക്കുന്ന, കണ്ണീരൊപ്പുന്ന, മുറിവുണക്കുന്ന, ചേർത്തണക്കുന്ന, എല്ലാറ്റിലുമുപരി മറ്റുള്ളവരുടെ ആത്മാഭിമാനത്തെ മുറിപ്പെടുത്താതെ പൊതിഞ്ഞു പിടിക്കുന്ന, പ്രിയപ്പെട്ട പള്ളിയച്ചനിൽ മറ്റൊരു ക്രിസ്തുവിനെ കാണാത്തവർ വിരളം. ഒരിക്കൽ ഒരാൾ ഇങ്ങനെ പറഞ്ഞു: "ആ പാവം പള്ളിവാതുക്കലച്ചനെ ഈശോ ഒത്തിരി സന്തോഷത്തോടെ അങ്ങോട്ടുകൊണ്ടു പോയതാ. പക്ഷേ നിങ്ങൾ ജീസസ് യൂത്തുകാർ നെഞ്ചത്തടിച്ചു കരഞ്ഞു പ്രാർഥിച്ച് തമ്പുരാന്റെ കൈയിൽ നിന്നും തിരിച്ചുവാങ്ങി. എനിക്ക് അച്ചനെ അധികം പരിചയം ഒന്നുമില്ല. അതുകൊണ്ടുതന്നെ ചോദിക്കുവാ, നിങ്ങളൊക്കെ എന്തുകൊണ്ടാണ് അച്ചനെ ഇങ്ങനെ സ്നേഹിക്കുന്നതെന്ന് മനസ്സിലാകുന്നില്ല." ഉത്തരം അന്നും ഇന്നും ഒന്നുമാത്രം.

"പള്ളിയച്ചൻ സ്നേഹിച്ചതുപോലെ, ചേർത്തു പിടിച്ചതുപോലെ, വീണപ്പോൾ താങ്ങിയത് പോലെ, സ്നേഹത്തോടെ നുള്ളി പറിച്ചത് പോലെ,.. വേറെ ആരും ഞങ്ങളെ സ്നേഹിച്ചിട്ടില്ല.. ഈ ഭൂമിയിൽ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾ അനുഭവിച്ചത് അച്ചനിലൂടെയാണ്" ഒന്നിനും സമയമില്ലെന്ന് പറഞ്ഞ് ഓടുന്നവരുടെ ഈ ലോകത്ത് ഓരോരുത്തർക്കും വേണ്ടി സമയം കണ്ടെത്താനും അവരോടൊപ്പം ആയിരിക്കാനും അച്ചന് വേണ്ടുവോളം സമയമുണ്ടായിരുന്നു. ആയിരക്കണക്കിന് യുവജനങ്ങളെ ചങ്കോടു ചേർത്ത, ഈശോയിലേക്ക് അടുപ്പിച്ച,.. 'ഞങ്ങടെ സ്വന്തം പള്ളിയച്ചൻ.' ഈശോയുടെ കൈയൊപ്പുള്ള പുരോഹിതൻ, ആടുകളുടെ ചൂരുള്ള ഇടയൻ. സ്നേഹത്തിന്റെയും കരുതലിന്റെയും കാവലാൾ. പള്ളിയച്ചനെ കുറിച്ച് പറയാൻ വാക്കുകൾ പോരാ. ആയുസ്സും ആരോഗ്യവും നൽകി ദൈവം ഇനിയും അച്ചനെ അനുഗ്രഹിക്കട്ടെ. സങ്കടങ്ങളും വേദനകളും പ്രതിസന്ധികളും ഇടിമിന്നൽ പോലെ ജീവിതത്തിനു മേൽ പതിക്കുമ്പോൾ പലപ്പോഴും മുകളിൽ ഒരു ദൈവം ഉണ്ട്, താഴെ ഞങ്ങൾക്കൊരു പള്ളിയച്ചനുണ്ട്.. എന്ന ചിന്തയിൽ എല്ലാ അശനിപാതങ്ങളെയും അതിജീവിച്ച അനേകരുടെ പ്രാർഥന അച്ചന് സ്നേഹപൂർവം നേരട്ടെ. പള്ളിയച്ചന്റെ സ്നേഹമറിഞ്ഞ ഓരോരുത്തർക്കും അച്ചനെക്കുറിച്ച് പറയാൻ നൂറുനാവാണ്. പള്ളിയച്ചൻ എന്ന പള്ളിക്കൂടത്തിൽ നിന്നും അനേകർക്ക് പകർന്നുകിട്ടിയ നല്ല പാഠങ്ങൾ അവരിവിടെ പങ്കുവയ്ക്കുന്നു.

അച്ചന്റെ ജീവിതം ഇത്രമാത്രം ധന്യമായതും മറ്റുള്ളവർക്ക് അനുഗ്രഹപ്രദമായതും സഭയ്ക്കുതന്നെ വലിയ കൃപയായി മാറിയതും. ജീസസ് യൂത്തിന്റെ പ്രാരംഭകരിൽ ഒരാൾ, പലതരത്തിലും മാർഗദർശി, ആ ജീവിതം കൂടുതൽ ധന്യമായി, മറ്റുള്ളവർക്ക് അനുഗ്രഹമായി മാറട്ടെ. പള്ളിവാതുക്കൽ നിന്നും പള്ളിയുടെ അനുഗ്രഹം എല്ലാവർക്കും ഉണ്ടാകട്ടെ.

***ബിഷപ്പ് അലക്സ് വടക്കുംതല***

## മനുഷ്യത്വം


മനുഷ്യത്വത്തിന്റെ മഹാ ഉടമയാണ് പള്ളിയച്ചൻ. സ്നേഹത്തിൽ ചാലിച്ച ശകാരങ്ങൾ കൊണ്ടും സത്യത്തിൽ കടഞ്ഞെടുത്ത പുണ്യങ്ങൾ കൊണ്ടും അച്ചൻ എന്നെ വീർപ്പുമുട്ടിക്കുകയാണ്. പുണ്യമായ ജന്മദിനാശംസകൾ.

***ബിഷപ്പ് ജെയിംസ് ആനാപറമ്പിൽ***

## പങ്കുവയ്ക്കുന്ന സ്നേഹം

പള്ളിവാതുക്കൽ അച്ചൻ ആരെ കാണാൻ ചെന്നാലും ഏത് ഗ്രൂപ്പിൽ പോയാലും എന്തെങ്കിലും സമ്മാനവുമായേ പോകൂ. പ്രത്യേകിച്ച് എന്തെങ്കിലും ഭക്ഷണസാധനം കൊണ്ടുപോവുക എന്നത് അച്ചന്റെ ഒരു നിർബന്ധമായി പലപ്പോഴും തോന്നിയിട്ടുണ്ട്. വീട് സന്ദർശിക്കാൻ പോയാലും ആളുകളെ കാണാൻ പോയാലും ജീസസ് യൂത്ത് ഗാതറിങ്ങിൽ ആയാലും അച്ചൻ എന്തെങ്കിലും കരുതിയിട്ടുണ്ടാവും. വലിയ ഗ്രൂപ്പ് ആണെങ്കിൽ പോലും അവർക്ക് നൽകാൻ പണ്ടത്തെ പല്ലിമിഠായി ആണെങ്കിൽ പോലും അച്ചന്റെ കൈവശം ഉണ്ടാകും. ഞങ്ങൾ ഒടുവിൽ ആ മിഠായിയെ 'പള്ളി'മിഠായി എന്ന് വിളിക്കാൻ തുടങ്ങി. എല്ലാവരുടെയും കൈകളിൽ ആ കുഞ്ഞുമിഠായി എത്തുക, എല്ലാവരെയും സ്പർശിക്കുക, ഇതായിരുന്നു അച്ചൻ അതിലൂടെ ആഗ്രഹിച്ചിരുന്നത്. പള്ളിയച്ചന്റെ ഈ കൊടുക്കുന്ന സ്നേഹം, പങ്കുവയ്ക്കുന്ന സ്നേഹം, ഇതാണ് മനുഷ്യനെ സ്പർശിക്കുന്നത്.

***ഡോ. എഡ്വേർഡ് എടേഴത്ത്***



# ഈശോ നിങ്ങളോടൊപ്പം കാറിൽ ഉണ്ടായിരുന്നല്ലോ?

കഴിഞ്ഞപ്രാവശ്യം ഞാൻ പള്ളിവാതുക്കലച്ചനെ കാണാൻ പോയപ്പോൾ എന്നോടൊപ്പം രണ്ട് സെമിനാരിക്കാരും ഒരച്ചനും ഉണ്ടായിരുന്നു. ആ സെമിനാരിക്കാരനോട് അച്ചൻ ചോദിച്ചു: നിങ്ങൾ എത്ര പേരാണ് വന്നത്? ഡ്രൈവർ ഉൾപ്പെടെ അഞ്ചുപേർ എന്ന് അദ്ദേഹം മറുപടി പറഞ്ഞു. അപ്പോൾ അച്ചൻ പറഞ്ഞു, "അഞ്ചല്ലല്ലോ, ആറുപേർ ഉണ്ടായിരുന്നല്ലോ? ഈശോ നിങ്ങളോടൊപ്പം കാറിൽ ഉണ്ടായിരുന്നല്ലോ?" അച്ചൻ അങ്ങനെ പറഞ്ഞത് യഥാർഥത്തിൽ ഞാൻ ഉൾപ്പെടെയുള്ള എല്ലാവർക്കും കിട്ടിയ വലിയൊരു സന്ദേശം തന്നെയായിരുന്നു. അച്ചൻ പറഞ്ഞതുപോലെ ജീവിതയാത്രയിൽ എപ്പോഴും ഈശോ കൂടെയുണ്ട്. ആ ഈശോ കൂടെ ഉള്ളതുകൊണ്ട് തന്നെയാണ്

## കരുതൽ

ഓരോ വ്യക്തികളോടുമുള്ള പള്ളിയച്ചന്റെ പരിഗണനയും കരുതലുമാണ് എന്നെ ഏറ്റവും സ്വാധീനിച്ചത്.

***ഡോ. ചാക്കോച്ചൻ ഞാവള്ളിൽ***

## അപൂർവങ്ങളിൽ അപൂർവം

എബ്രഹാം പള്ളിവാതുക്കൽ അച്ചനെ ക്കുറിച്ച് ഞാൻ ഓർക്കുമ്പോൾ അച്ചന്റെ ഒരുപാട് ക്വാളിറ്റീസിനെക്കാളെല്ലാം അധികമായി എന്നെ സ്വാധീനിച്ചത് അച്ചന്റെ പ്രതിബദ്ധതയാണ്. നമ്മൾ പറയാറുള്ളതു പോലെ, നീറു പോലുള്ള ഒരുതരം കമ്മിറ്റ്മെന്റ്. ഏതെങ്കിലും കാര്യത്തിന് ഇറങ്ങിത്തിരിച്ചാൽ ആരൊക്കെ എന്തൊക്കെ പറഞ്ഞാലും അവസാനംവരെ അതിനുവേണ്ടി ഒപ്പം നിൽക്കുന്ന അച്ചന്റെ ആ പ്രതിബദ്ധത വളരെ അപൂർവങ്ങളിൽ അപൂർവമാണ്. അച്ചന് അനേകം ക്വാളിറ്റീസ് ഉണ്ടെങ്കിലും അതിനെയെല്ലാം അതിശയിക്കുന്നതാണ് അച്ചന്റെ പ്രതിബദ്ധത എന്ന് ഞാൻ  അഭിമാനത്തോടെ പറയും.

***ബേബി ചാക്കോ (ബേബിച്ചായൻ)***



## അച്ചനെപ്പോലെ നമുക്കും സാധിക്കണം

ഈശോയുടെ ഹൃദയത്തോട് ചേർന്ന് നിൽക്കുന്ന നല്ലിടയനാണ് ഒരു വൈദികൻ എന്ന് മനസ്സിലാക്കിത്തരുന്ന ജീവിതമാണ് പള്ളിയച്ചന്റേത്. ഞങ്ങളുടെ ജീവിതത്തിലും മറ്റ് അനേകരുടെ ജീവിതത്തിലും അവരുടെ ജീവിതത്തിലെ ചെറിയ വിഷമങ്ങളിൽ, ആവശ്യങ്ങളിൽ, എത്ര ദൂരെയാണെങ്കിലും യാത്ര ചെയ്ത് അവരുടെ അടുത്തെത്തി, കൂടെയുണ്ടെന്ന് പറഞ്ഞ് ആശ്വസിപ്പിക്കുന്ന അച്ചൻ. ചിലപ്പോൾ വളരെ ചെറിയ കാര്യത്തിനായിരിക്കാം അച്ചൻ ഇങ്ങനെ യാത്ര ചെയ്യുന്നത്. എറണാകുളത്തു നിന്നും കാസർഗോഡിനും തലശ്ശേരിക്കുമൊക്കെ ഒരു മടിയും കൂടാതെ അച്ചൻ യാത്ര ചെയ്യുമായിരുന്നു. ഒരു ആത്മീയ ഗുരുവിന്റെ ഏറ്റവും നല്ല ഗുണം എപ്പോഴും അവൈലബിൾ ആവുക എന്നതാണ്. പള്ളിയച്ചനെ സംബന്ധിച്ചിടത്തോളം അച്ചന് സ്വന്തമായി ഒരു സമയം ഉണ്ടായിരുന്നില്ല. അച്ചന്റെ സമയം എപ്പോഴും മറ്റുള്ളവർക്കായി നീക്കിവച്ചിട്ടുള്ളതായിരുന്നു. ജീവിതത്തിലുടനീളം അച്ചന്റെ ആ സാമീപ്യം അനുഭവിക്കാൻ ഇടവന്നിട്ടുണ്ട്. ഏത് സമയത്തും അച്ചനെ കാണാൻ നമുക്ക് സാധിക്കും. നമ്മൾ കാണാൻ സമയം ചോദിച്ചാൽ അച്ചൻ സ്നേഹത്തോടെ നമ്മളെ ക്ഷണിക്കും, അല്ലെങ്കിൽ അച്ചൻ നമ്മുടെ അടുത്തേക്ക് വരും. ആടിനെ തേടിവരുന്ന ഒരു നല്ല ഇടയൻ.. അതാണ് പള്ളിയച്ചൻ. അച്ചന്റെ വ്യക്തിത്വത്തിലെ ഈയൊരു സവിശേഷത എന്റെ ജീവിതത്തിൽ പകർത്തണമെന്നാണ് ഞാൻ ആഗ്രഹിക്കാറുള്ളത്. മറ്റുള്ളവരുടെ സങ്കടങ്ങളിൽ, പ്രശ്നങ്ങളിൽ, ആശങ്കകളിൽ, ക്രിസ്തീയ സ്നേഹത്തോടെ കൂടെ ആയിരിക്കാനും അവരെ ചേർത്തുപിടിക്കാനും അച്ചനെപ്പോലെ നമുക്കും സാധിക്കണം.

***മനോജ് സണ്ണി***

## ദൈവത്തെ അറിഞ്ഞ ഒരപ്പൻ

പ്രിയപ്പെട്ട എബ്രഹാം പള്ളിവാതുക്കൽ അച്ചൻ നമ്മുടെയെല്ലാം പ്രിയപ്പെട്ട പള്ളിയച്ചൻ.. 33 വർഷങ്ങൾക്കു മുമ്പ് ജീസസ് യൂത്തിൽ വന്ന് ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ അച്ചനെ ഞാൻ പരിചയപ്പെട്ടതാണ്. അക്കാലം മുതൽ ഇന്നുവരെ ഒരു അപ്പന്റെ വാത്സല്യം, സ്നേഹം. ഒക്കെ അച്ചനിൽ നിന്ന് അനുഭവിക്കാൻ കഴിഞ്ഞു. അത് വെറുമൊരു അപ്പന്റെ സ്നേഹം അല്ല; പിതാവായ ദൈവത്തെ

അറിഞ്ഞ ഒരപ്പൻ എന്ന നിലയിലുള്ള സ്നേഹമാണത്. പള്ളിയച്ചനോടുള്ള ഓരോ ഇടപഴകലിലും അച്ചന്റെ സാന്നിധ്യത്തിലും, അച്ചനെ കണ്ടുമുട്ടുമ്പോഴും, അച്ചനോട് നേരിട്ട് സംസാരിക്കുമ്പോഴും, ഫോണിൽ സംസാരിക്കുമ്പോഴും, ആ പിതാവായ ദൈവത്തിന്റെ സ്നേഹവും ചൈതന്യവും അനുഭവിക്കാൻ സാധിച്ചിട്ടുണ്ട്. അച്ചന്റെ ഉദാരമനസ്കത, ചേർത്തുപിടിക്കാനുള്ള വലിയ മനസ്സ്, അതോടൊപ്പം തിരുത്തേണ്ട കാര്യങ്ങളെ കാർക്കശ്യത്തോടെ തന്നെ തിരുത്തുന്ന സ്വഭാവം, ഇവയെല്ലാം എന്നിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഒരുപാട് തവണ അച്ചനിൽ നിന്നും വഴക്ക് കേൾക്കേണ്ടി വന്നിട്ടുണ്ട്. എപ്പോഴൊക്കെ അച്ചനിൽ നിന്നും ശക്തമായി വഴക്ക് കേൾക്കേണ്ടി വന്നിട്ടുണ്ടോ, ആ വഴക്കിനുശേഷം കാലഘട്ടത്തിനനുസരിച്ച്, ഒരു 200 രൂപയോ 500 രൂപയോ പോക്കറ്റിൽ ഇട്ടുതന്നിട്ട്, "പോയി നല്ല ഭക്ഷണം, ബിരിയാണി ഒക്കെ വാങ്ങി കഴിക്കെടോ" എന്ന് പറയും. ഇത്രമാത്രം സ്നേഹിക്കുന്ന, കരുതുന്ന, പ്രൊട്ടക്ട് ചെയ്യുന്ന, നയിക്കുന്ന, ഒരപ്പനാണ് പള്ളിയച്ചൻ. അച്ചന് ഇനിയും ദൈവം കൂടുതൽ ആയുസ്സ് നൽകട്ടെ എന്ന് പ്രാർഥിക്കുന്നു.

***അഡ്വ. റൈജു വർഗീസ്***

## എന്നെ പഠിപ്പിച്ചത്

കരുതലിന്റെ 'പള്ളി വാതിൽ' ആണ് എന്റെ ഹൃദയത്തിൽ പള്ളിയച്ചൻ. 'അപരനെ കുറിച്ചുള്ള കരുതൽ' എങ്ങനെയെന്ന് എന്നെ പഠിപ്പിച്ചത് അച്ചനായിരുന്നു. ചിലവഴിക്കാൻ കിട്ടിയ അവസരങ്ങളിലൂടെ അച്ചൻ ഈ പാഠം എന്നെ പഠിപ്പിച്ചു. ഇന്ന് എന്നിലൂടെയും എന്റെ കുടുബത്തിലൂടെയും അത് തുടരുക തന്നെ ചെയ്തുകൊണ്ടിരിക്കുന്നു.

***ജെയിംസ് ഇലഞ്ഞേരി, കലൂർ***

## ഡിസിപ്ലിൻ വേണമെന്ന് ആഗ്രഹിച്ചു

പള്ളിയച്ചനെ കുറിച്ച് മൂന്ന് കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്. ഒന്ന് അച്ചടക്കം. വ്യക്തികൾക്കും മുന്നേറ്റത്തിനും ഒരു ഡിസിപ്ലിൻ വേണമെന്ന് ആഗ്രഹിച്ച വ്യക്തിയാണ് അച്ചൻ. അച്ചൻ അംഗമായ ഈശോ സഭയുടെ ഒരു അച്ചടക്കം എപ്പോഴും പുലർത്താനും മറ്റുള്ളവരെ അതിനായി പ്രേരിപ്പിക്കാനും അച്ചൻ ശ്രദ്ധ പുലർത്തിയിരുന്നു. മറ്റൊന്ന് ചെറുപ്പക്കാരോടുള്ള ഒരു കമ്മിറ്റ്മെന്റാണ്. യുവജനങ്ങളോടൊപ്പം സമയം സ്പെൻഡ് ചെയ്യാനും അവർക്കായി ഏതറ്റം വരെ പോകാനും അച്ചൻ എപ്പോഴും തയ്യാറായിരുന്നു. മറ്റൊന്ന് അച്ചനെ വാത്സല്യമെന്നോ, കരുതലെന്നോ, സ്നേഹമെന്നോ എന്താണ് വിശേഷിപ്പിക്കേണ്ടത് എന്നറിയില്ല. എന്തു പരിപാടിക്ക് വരുമ്പോഴും ബിസ്ക്കറ്റ് എങ്കിലും അച്ചൻ ഞങ്ങൾക്കായി കൈയിൽ കരുതും..

***അഡ്വ. കെ.ജെ. ജോൺസൺ***

## ഫീൽ ചെയ്യുന്ന സ്നേഹം

പള്ളിയച്ചനിൽ എന്നെ ഏറ്റവും സ്വാധീനിച്ച കാര്യം അച്ചന്റെ unconditional love ആണ്. അച്ചനുമായി ഇടപഴകുന്ന ഒരു വ്യക്തിക്ക് അയാൾ അച്ചന് വളരെ പ്രധാനപ്പെട്ട ഒരാളാണെന്നും വളരെ സ്പെഷ്യൽ ആയി അച്ചൻ അയാളെ സ്നേഹിക്കുന്നുണ്ടെന്നും ഫീൽ ചെയ്യുന്നതോടൊപ്പം അച്ചന് ഏറ്റവും ഇഷ്ടം ആ വ്യക്തിയെയാണെന്നും ഓരോരുത്തർക്കും തോന്നും. അച്ചൻ അറിയുന്ന ഓരോ വ്യക്തികളുടെയും വളരെ മൈന്യൂട്ട് ആയിട്ടുള്ള കാര്യങ്ങൾവരെ, അവർ പറഞ്ഞ കാര്യങ്ങൾ, അവരുടെ ഇഷ്ടങ്ങൾ, ആഗ്രഹങ്ങൾ, ഭയങ്ങൾ, അവർക്ക് സ്പെഷ്യൽ ആയിട്ടുള്ള ഡേറ്റ്സ് ഇതെല്ലാം അച്ചൻ ഓർത്തുവയ്ക്കുകയും. അവരെ വിളിക്കുകയും, അവർക്കുവേണ്ടി സ്ഥിരമായി പ്രാർഥിക്കുകയും ചെയ്യും, ഇതെല്ലാം പള്ളിയച്ചനിൽ ഞാൻ എക്സ്പീരിയൻസ് ചെയ്ത കാര്യങ്ങളാണ്. "തങ്ങൾ ഒരാൾക്ക് അത്രമേൽ സ്പെഷ്യൽ ആണെന്നും അയാൾ തങ്ങളെ അത്രമാത്രം സ്നേഹിക്കുന്നുവെന്നു ഓരോരുത്തർക്കും ഫീൽ ചെയ്യുന്ന വിധത്തിൽ സ്നേഹിക്കുക" എന്ന വലിയ ഒരു ചലഞ്ച് ആണ് പള്ളിയച്ചൻ നമ്മുടെ മുന്നിൽ വയ്ക്കുന്നത്.

***ഡോ. ബീന മനോജ്***

## പാഠപുസ്തകം

ഒരായുസ്സുകൊണ്ട് ഒരു മനുഷ്യന് പതിനായിരങ്ങളുടെ ഹൃദയങ്ങളെ ക്രിസ്തുവിനായി നേടാനാവുമെന്ന് തെളിയിച്ചു തന്ന പള്ളിയച്ചനെ ഏതാനും വാക്കുകൾകൊണ്ട് പ്രതിഫലിപ്പിക്കുക അസാധ്യമാണ്. പരിചയപ്പെട്ടവർക്കെല്ലാം ക്രിസ്തു സാന്നിധ്യമാകാനും അനേകരുടെ ജീവിതപ്രശ്നങ്ങൾക്ക് ഉത്തരമേകാനും അച്ചന് സാധിച്ചത് അച്ചന്റെ മഹത്വം തുറന്നുകാട്ടുന്നു. വാക്കിലും ജീവിതത്തിലും ലാളിത്യം മുറുകെ പിടിച്ചിരുന്ന അച്ചന്റെ ജീവിതം എന്നെ എന്നും അത്ഭുതപ്പെടുത്തിയിരുന്നു. ബന്ധങ്ങളുടെ വില, വിളിയുടെ വില, കരുതലിന്റെ വില.. എല്ലാം പഠിപ്പിച്ചു തന്ന ഒരു വലിയ പാഠപുസ്തകമാണ് അച്ചൻ. ആരോഗ്യമുള്ള മനസ്സും ശരീരവും, ദീർഘായുസും നൽകി ഈശോ അച്ചനെ സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

***അഡ്വ. മിനി ഫ്രാൻസിസ്, പാലക്കാട്***



# സ്വയം മറന്ന്

പള്ളിയച്ചനിൽ നിന്നുമാണ് സ്വയം മറന്ന് അപരനെ സ്നേഹിക്കേണ്ടതെങ്ങനെയെന്ന് ഞാൻ പഠിച്ചത്. അച്ചനെ കണ്ടുമുട്ടിയതിനു ശേഷം അച്ചനിൽ നിന്നും ലഭിച്ച ഒരപ്പന്റെ സ്നേഹവും ലാളനയും എനിക്കു കൂടുതൽ ധൈര്യവും, ജീവിതത്തെ നേരിടാനുള്ള പ്രത്യാശയും തന്നു. എന്റെ ആവശ്യങ്ങൾ മറ്റാരേക്കാളും മുൻപേ മസ്സിലാക്കി എന്നെചേർത്തുനിറുത്തിയ അച്ചനെക്കുറിച്ചു എത്രപറഞ്ഞാലും തീരില്ല.

***റാണി ജോർജ്***

# ബന്ധങ്ങളുടെ ഇഴയടുപ്പം

ഇതുപോലെ ഓരോ മനുഷ്യരുടെയും ജീവിതത്തിൽ ഇടപെടുന്ന ഒരു വൈദികനെ ഞാൻ കണ്ടിട്ടില്ല. വ്യക്തിപരമായി ഞാനും എന്റെ കുടുംബവും കടന്നുപോയ വേദനാജനകമായ അവസ്ഥകളിലും ദുഃഖങ്ങളിലുമൊക്കെ ക്രിസ്തു സാന്നിധ്യമായി കടന്നുവന്ന് ആശ്വസിപ്പിക്കുകയും മുന്നോട്ടുള്ള യാത്രയിൽ ദൈവത്തെ മുറുകെപ്പിടിച്ച് പ്രത്യാശയോടെ ജീവിക്കാനായി ഉൾക്കരുത്ത് നൽകുകയും ചെയ്തത് പള്ളിവാതുക്കലച്ചനായിരുന്നു. ബന്ധങ്ങൾ തമ്മിലുള്ള ഇഴയടുപ്പം എന്നും കാത്തുസൂക്ഷിക്കണമെന്നത് പള്ളിവാതുക്കലച്ചനിൽ നിന്നും കണ്ടു പഠിക്കേണ്ടതാണ്. നൽകുന്നതാണ് നേടുന്നതിനേക്കാൾ ശ്രേയസ്കരം എന്നത് അച്ചന്റെ മുഖമുദ്രയായിട്ടാണ് എനിക്ക് അനുഭവപ്പെട്ടിട്ടുള്ളത്.

***റോസമ്മ ജേക്കബ്, എറണാകുളം***

# ഉള്ളിൽ തട്ടിവിളിക്കാൻ

ഈശോ സ്ഥാപിച്ച സഭയിൽ, ഈശോയുടെ ചൈതന്യം പേറി ജീവിക്കുന്ന പള്ളിയച്ചനെ കുറിച്ച് ഒറ്റവാക്കിൽ പറഞ്ഞാൽ 'അച്ചാ' എന്ന് ഉള്ളിൽ തട്ടിവിളിക്കാൻ തോന്നിയിട്ടുള്ള ഏക പുരോഹിതൻ.

***ആബേൽ എസ്. എബ്രഹാം***






പള്ളിയച്ചനെ കുറിച്ച് രണ്ടു വാക്ക് എന്ന് പറഞ്ഞപ്പോൾ എത്ര പറഞ്ഞാലും മതിവരില്ല എന്ന് പറഞ്ഞ് അനേകർ മുന്നോട്ട് വന്നു. അത്രമാത്രം ഓരോരുത്തരുടെയും ജീവിതങ്ങളെ സ്പർശിക്കാൻ അച്ചന് കഴിഞ്ഞു. സീനിയർ ജീസസ് യൂത്തുകളുടെ ഏറ്റവും വലിയ നേട്ടവും പുതിയ ജീസസ് യൂത്ത് മക്കളുടെ നഷ്ടവുമാണ് പള്ളിയച്ചൻ. 'ഇങ്ങനെ ഒരു പുരോഹിതൻ നമുക്കുണ്ടായിരുന്നോ?' എന്ന് പുതിയ തലമുറ വിസ്മയത്തോടെ ചോദിക്കാൻ ഉതകുന്ന ഒരു ജീവിതമാണ് പള്ളിയച്ചൻ കാഴ്ചവച്ചത്. ആ ജീവിതമാണ് പള്ളിയച്ചനെ 'ഞങ്ങടെ സ്വന്തം പള്ളിയച്ച'നാക്കി മാറ്റിയത്.

എന്റെ വ്യക്തിജീവിതത്തിലും പള്ളിയച്ചൻ എനിക്കൊരു പള്ളിതന്നെയായിരുന്നു. എനിക്ക് കുമ്പസാരിക്കാൻ, എന്റെ ദുഃഖങ്ങളും സങ്കടങ്ങളും സന്തോഷങ്ങളും പങ്കുവയ്ക്കാൻ, വീണു പോയപ്പോൾ താങ്ങാൻ, കൂടെയുണ്ടെന്ന് പറഞ്ഞ് ആശ്വസിപ്പിക്കാൻ, അന്നും ഇന്നും പള്ളിയച്ചൻ ഉണ്ട്. ചിലരെങ്കിലും പള്ളിയച്ചനെയും ബേബിച്ചായനെയും കുറിച്ച് പറയുന്ന ഒരു കമന്റ് ഉണ്ട്. "പള്ളിയച്ചനും ബേബിച്ചായനുമെല്ലാം ഒരു യൂത്തിനെ ഏറ്റെടുത്താൽ അവരോടൊപ്പം എന്നും ഉണ്ടാകും." ഞാൻ പ്രീ ഡിഗ്രിക്ക് പഠിക്കുന്ന കാലം പരിചയപ്പെട്ട പള്ളിയച്ചൻ ഇന്ന് എന്റെ ഭർത്താവിനും കോളേജ് വിദ്യാർഥികളായ മൂത്ത മക്കൾക്കും ഏഴാം ക്ലാസ്സുകാരനായ ഇളയ പുത്രനും സ്വന്തമാണ്. ഇങ്ങനെ അനേകർക്കും അവരുടെ മക്കൾക്കും തലമുറകളുടെ മാർഗദീപമായി നിൽക്കുന്ന 'നമ്മുടെ സ്വന്തം പള്ളിയച്ചന്" അച്ചന്റെ പ്രിയപ്പെട്ടവരുടെ ഒരു പിറന്നാൾ സമ്മാനമാണ് ഈ ലേഖനം. പെട്ടെന്ന് ഇങ്ങനെ ഒരു ആവശ്യം അറിയിച്ചപ്പോൾ പള്ളിയച്ചനോടുള്ള അവരുടെ സ്നേഹം പങ്കുവച്ച അനേകരുടെയും ഇവിടെ രണ്ടു വാക്ക് കുറിക്കാൻ അവസരം ലഭിക്കാതെ പോയ അനേകരുടെയും പ്രാർഥന അച്ചനോടൊപ്പം ഉണ്ട്. ദൈവം അച്ചനെ അനുഗ്രഹിക്കട്ടെ.

***മോട്ടിവേഷണൽ ട്രെയിനറും കൺസൾട്ടന്റ് സൈക്കോളജിസ്റ്റുമായ സുജമോൾ ജോസ് എറണാകുളം സ്വദേശിയാണ്.***



**മിഷൻ ബീറ്റ്സ്** - **ഫാ. ഡായി കുന്നത്ത്** MST

# എന്റെ കളർഫുൾ ഉണ്ണീശോ



പൊൻതാരമായ ഉണ്ണീശോയുടെ ജനനം ലോകമാസകലമാഘോഷിക്കാൻ ഒരുങ്ങുന്നു. ലോകരക്ഷകനായി ഭൂമിയിൽ പിറന്ന ദൈവസുതനിലൂടെയാണ് നാം രക്ഷ കൈവരിച്ചത്. എല്ലാവർക്കും എന്റെ ക്രിസ്മസ് ആശംസകൾ. ഞാൻ ഇപ്പോൾ അമേരിക്കയിലാണ്. ഇവിടെ നവംബർ മാസത്തിന്റെ അവസാനംതന്നെ ക്രിസ്മസ് ആഘോഷത്തിന്റെ ഒരുക്കങ്ങൾ ആരംഭിച്ചു. വീടുകളും പള്ളികളും വിവിധ വർണങ്ങളിലുള്ള ബൾബുകളാലും മറ്റു ഡെക്കറേഷനുകളാലും അലംകൃതമായി കഴിഞ്ഞു. ക്രിസ്മസിന് ഒരുക്കമായി പ്രാർഥനകൾ തുടങ്ങി കഴിഞ്ഞു. അമേരിക്കയിലെ ഈ ക്രിസ്മസ് ആഘോഷങ്ങൾ ഏറെ മനോഹരമാണെങ്കിലും എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു ക്രിസ്മസ് അനുഭവം അത് ഇന്ത്യയിൽ നിന്നുള്ളതാണ്. അത് നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയാണ്.

ഒരിക്കൽ സി.എം.ഐ. വൈദികർ ശുശ്രൂഷ ചെയ്യുന്ന ജഗദൽപ്പൂരുള്ള കൊതകാവ് എന്ന ഗ്രാമത്തിൽ പോകാനിടയായി. ഒരു ക്രിസ്മസ് കാലമായിരുന്നു അത്. ഞാൻ അവരോടൊപ്പം ക്രിസ്മസ് ആഘോഷിക്കാൻ ആ ഗ്രാമത്തിലെത്തി. വാസ്തവത്തിൽ അവർക്ക് ഒരു ക്രിസ്മസ് സന്ദേശം നൽകാനാണ് ഞാൻ അവിടെയെത്തിയത്. അന്നത്തെ അവിടത്തെ വികാരിയായിരുന്ന ജോയ് ചവറനാനിയച്ചൻ എന്നോട് പറഞ്ഞു: "ഈ ക്രിസ്മസിന് അച്ചൻ ഇവിടെയുള്ളവരോടൊപ്പം എല്ലാ വീടുകളിലും ഉണ്ണീശോയുമായി കരോളിന് പോകണം." ഒരു വീടും വിട്ടുകളയാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നുകൂടി അച്ചൻ കൂട്ടിച്ചേർത്തു.

അച്ചൻ പറഞ്ഞതനുസരിച്ച് ഞാൻ കുറെ ആളുകളുടെ കൂടെ യാത്ര തിരിച്ചു. ഒരു വീട് പോലും വിടാതെ ഞങ്ങൾ എല്ലാ വീടും കയറി. ഗ്രാമവാസികൾ അവരുടെ വാദ്യോപ കരണം ഉപയോഗിച്ച് കരോൾ ഗാനങ്ങൾ പാടിക്കൊണ്ടിരുന്നു. ആദ്യ വീട്ടിൽ എത്തിയ പ്പോൾ എന്നെ അത്ഭുതപ്പെടുത്തിയ ഒരു സന്ദർഭം ഉണ്ടായി. അവിടത്തെ വീട്ടമ്മ ഒരു കൊരണ്ടി പലക വീടിനുമുന്നിൽ കൊണ്ടു വന്നിട്ടു. എന്നിട്ട് എന്നോട് അതിൽ കയറി നിൽക്കണം എന്നു പറഞ്ഞു. അതിനുശേഷം ആ ഗൃഹനാഥ പാത്രത്തിൽ വെള്ളം കൊണ്ടു വന്ന് എന്റെ രണ്ടുകാലും കഴുകി. അവരുടെ സാരിത്തലപ്പുകൊണ്ടു തുടച്ചു; എന്നിട്ട് മുട്ടു കുത്തിനിന്ന് എന്റെ കാലുകൾ ചുംബിച്ചു. അതിനുശേഷം ഉണ്ണീശോയെ കൊണ്ട് അകത്തേക്ക് പ്രവേശിക്കാൻ ആവശ്യപ്പെട്ടു. എനിക്കൊന്നും മനസ്സിലാകുന്നില്ലായിരുന്നു. ഞാൻ ചോദിച്ചു: "നിങ്ങൾ എന്തിനാണ് എന്റെ കാലുകൾ കഴുകി ചുംബിച്ചത്?" അവർ എന്നെ കാര്യം പറഞ്ഞു മനസ്സിലാക്കി. "അച്ചാ ഞാൻ കഴുകിയത് അങ്ങയുടെ കാലുകൾ അല്ല. ഉണ്ണിയേശുവിന്റെ കാലുകളാണ്. ആ ഉണ്ണീശോയുടെ കാലുകളാണ് ഞാൻ എന്റെ സാരി തലപ്പുകൊണ്ട് തുടച്ചതും ചുംബിച്ചതു മെല്ലാം. ഈശോയെ വഹിച്ചിരിക്കുന്ന അങ്ങ് ദൈവത്തിന്റെ പ്രതിപുരുഷനാണ്. അതു കൊണ്ടാണ് ഞാൻ ആ കാലുകൾ കഴുകി യത്. അവരുടെ ആ വാക്കുകളും അവരുടെ വിശ്വാസവും എന്നെ വിസ്മയിപ്പിച്ചു. "ആ വീട്ടിനുള്ളിൽ ഉണ്ണീശോയെ കിടത്താൻ ഒരു ടീപ്പോയിയോ കസേരയോ ഒന്നുമില്ലായി രുന്നു. അകത്ത് ഒരു പഴയ സാരിയോ തുണിയോ വിരിച്ചിട്ടുണ്ട്. ആ തുണിയിൽ ഞാൻ ഉണ്ണി ഈശോയെ നിലത്തുകിടത്തി.

ആ അകത്തുതന്നെ പല മൂലകളിലായി അവ രുടെ ആടും കന്നുകാലികളുമെല്ലാം കിട ക്കുന്നത് ഞാൻ കണ്ടു. ശരിക്കും ഒരു പുൽ ക്കൂട് പോലെ തോന്നി. ഞാൻ പ്രാർഥിക്കുന്ന സമയത്ത് എല്ലാവരും ഉണ്ണീശോയ്ക്ക് ചുറ്റും മുട്ടുകുത്തി പ്രാർഥിക്കുന്നുണ്ടായിരുന്നു. ആ സമയം ഞാൻ അവിടെ നിന്ന് ഓരോരു ത്തരെയും തലയിൽ കൈവച്ച് പ്രാർഥിച്ചു. ഹന്നാൻ വെള്ളം തളിച്ചു. അവരെ ആശീർ വദിച്ചു. പ്രാർഥനക്കൊടുവിൽ ഉണ്ണീശോയെ എടുത്ത് ഞാൻ പുറത്തേക്കിറങ്ങുമ്പോൾ അവരുടെ സന്തോഷത്തിന്റെ അടയാളമായി ആ വീട്ടിലെ കുട്ടികൾ ഉണ്ണീശോയുടെ മേലേക്ക് കളർ പൊടി വാരി എറിഞ്ഞു. ഏതാണ്ട് ഹോളി ആഘോഷിക്കുന്നത് പോലെ. ചുവപ്പും പച്ചയും നീലയും മഞ്ഞയും എല്ലാം അവരുടെ പക്കൽ ഉണ്ടായിരുന്നു. അവർ ചുവന്ന കളർ വാരി വിതറുമ്പോൾ ഉണ്ണീ ശോയും എന്റെ ളോഹയും ചുവന്ന കളർ ആകും. അടുത്തയാൾ മഞ്ഞ എറിയുമ്പോൾ വീണ്ടും മഞ്ഞ കളർ ആകും. അവിടന്ന് ഇറങ്ങുമ്പോൾ ഉണ്ണീശോയെ തുടച്ച് വൃത്തി

**ആ ഗൃഹനാഥ പാത്രത്തിൽ വെള്ളം കൊണ്ടുവന്ന് എന്റെ രണ്ടുകാലും കഴുകി. അവരുടെ സാരിത്തലപ്പുകൊണ്ടു തുടച്ചു; എന്നിട്ട് മുട്ടുകുത്തിനിന്ന് എന്റെ കാലുകൾ ചുംബിച്ചു.**

യാക്കും. അടുത്ത വീട് എത്തുമ്പോൾ ഉണ്ണീ ശോയും ഞാനും വീണ്ടും കളറിൽ മുങ്ങി കുളിക്കും. ഓരോ വീട് കഴിയുമ്പോഴും ഞാൻ ഉണ്ണീശോയെ തുടച്ചു വൃത്തിയാക്കും. അങ്ങനെ ഞങ്ങൾ എല്ലാ വീടും കയറിയി റങ്ങി. എല്ലാ വീട്ടിലും ഇതേ അനുഭവങ്ങൾ തന്നെയായിരുന്നു. മുട്ടുകുത്തി ഉണ്ണീശോ യ്ക്ക് ചുറ്റും നിന്ന് പ്രാർഥിച്ച ശേഷം അവർ ഉണ്ണീശോയ്ക്ക് കാഴ്ചകൾ അർപ്പിക്കുന്നതും എന്നെ അത്ഭുതപ്പെടുത്തി. അവരുടെ ഇല്ലാ യ്മയിൽ നിന്ന് അവരുടെ വീട്ടിലുള്ള അരിയോ തേങ്ങയോ അങ്ങനെ എന്തെങ്കിലും സാധനങ്ങൾ അവർ ഉണ്ണീശോയ്ക്ക്. കാഴ്ച യായി കൊണ്ടുവന്നു വയ്ക്കും. ഇങ്ങനെ എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഒരു ക്രിസ്മസ് ആഘോഷം എന്ന് പറയാവുന്ന ആ കരോൾ കഴിഞ്ഞപ്പോഴാണ് ഞാൻ ആ സത്യം തിരിച്ചറിഞ്ഞത്. ആ ഗ്രാമത്തിലുള്ളവർ ആരും ക്രിസ്ത്യാനികൾ ആയിരുന്നില്ലെന്ന്. പക്ഷേ അവർക്ക് ക്രിസ്തുവിനെ വേണമായി രുന്നു. ക്രിസ്തുവിനെ രക്ഷകനായി അവർ ഉള്ളുകൊണ്ട് സ്വീകരിച്ചിരുന്നു. അതു കൊണ്ടുതന്നെ ഓരോ ക്രിസ്മസും ആ ഗ്രാമവാസികൾക്ക് ഏറെ പ്രിയപ്പെട്ടതായി രുന്നു. അവർതന്നെ വലിയ ഉത്സാഹത്തോടെ പള്ളിയിൽ വരികയും പുൽക്കൂട് നിർമി ക്കുകയും അതിൽ ഉണ്ണീശോയെ വയ്ക്കു കയും പ്രാർഥിക്കുകയും എല്ലാം ചെയ്യുന്നത് കണ്ടു ഞാൻ അത്ഭുതപ്പെട്ടു. ഈശോയ്ക്കു വേണ്ടി ദാഹിക്കുന്ന ഒരു ജനത്തെയാണ് അവിടെ ഞാൻ കണ്ടത്. "നിങ്ങൾ ലോക മെങ്ങും പോയി എല്ലാ ജനതകളോടും സുവി ശേഷം പ്രഘോഷിക്കുവിൻ" എന്ന ക്രിസ്തു വിന്റെ വാക്കുകളാണ് ഞാൻ അപ്പോൾ ഓർത്തത്. എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഒരു ക്രിസ്മസ് അനുഭവമായിരുന്നു അത്. ഇനിയും എന്നെങ്കിലും നാട്ടിൽ മടങ്ങി യെത്തുമ്പോൾ എന്റെ ആ കൊതകാവ് ഗ്രാമത്തിൽ പോകണമെന്നും അവരോ ടൊപ്പം ഒരു ക്രിസ്മസ് കൂടി ആഘോ ഷിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു.

എല്ലാവർക്കും ഒരിക്കൽ കൂടി ക്രിസ്മസ് മംഗളങ്ങൾ നേരുന്നു. ഒപ്പം ഒന്നുകൂടി ഓർമിപ്പിച്ചു കൊള്ളട്ടെ എന്റെ ഉണ്ണീശോ ഇപ്പോഴും കളർഫുൾ ആണ്. നമ്മുടെ ജീവിതവും കളർഫുൾ ആകണമെങ്കിൽ ക്രിസ്മസിന്റെ "സന്തോഷത്തിന്റെ സദ് വാർത്ത" ഇനിയും അനേകരിലേക്ക് എത്തിക്കണം. കളർഫുൾ ആയ ഉണ്ണീശോ അതിന് നമ്മെ അനുഗ്രഹിക്കട്ടെ.

***ചിക്കാഗോ രൂപതയുടെ കീഴിലുള്ള ടെക്സ്സസിലെ പിയർലാൻഡ് സെന്റ് മേരിസ് ഇടവക വികാരിയായ ഫാ. ഡായി കുന്നത്ത്, എം.എസ്.ടി. സഭാംഗമാണ്.***





**സംഗീതത്തിലൂടെ ക്രിസ്തുവിനെ പ്രഘോഷിക്കുവാൻ... സംഗീതജ്ഞരും സംഗീതം ഇഷ്ടപ്പെടുന്നവരും ഒരുമിച്ചു വരുന്നു. ജീസസ് യൂത്തിനെ കൂടുത ലായി പരിചയപ്പെടാൻ ആഗ്രഹിക്കു ന്നവർക്കും സംഗീതം ആസ്വദിക്കാൻ കഴിയുന്ന ആർക്കും ഈ പ്രോഗ്രാ മിൽ പങ്കെടുക്കാവുന്നതാണ്.**

Emmanuel : 7994165253
Tomorrow Savio : 9400674141

ചുവർച്ചിത്രം - ഷാജി ജോസഫ് അറക്കൽ

# വിസ്മയിപ്പിക്കുന്ന നിധി ശേഖരത്തിലെ സപ്ത രത്നങ്ങൾ

ലോകപ്രശസ്തങ്ങളായ അനേകം ക്രിസ്മസ് ചിത്രങ്ങളിൽ നിന്നും ഏഴ് പെയിന്റിങ്ങുകൾ തെരഞ്ഞെടുത്ത് അവയുടെ പശ്ചാത്തലവും ചിത്രകാരന്മാരെയും ലഘുവായി പരിചയപ്പെടുത്തുകയാണ് ഈ ക്രിസ്മസ് പതിപ്പിൽ..





യൂറോപ്പിൽ സുവിശേഷം അക്ഷരങ്ങളായും വായ്മൊഴിയായും പ്രഘോഷിക്കപ്പെട്ട അതേ പ്രാധാന്യത്തോടെ തന്നെയാണ് ദൃശ്യകലയിലൂടെയും പ്രഘോഷിക്കപ്പെട്ടത്. സുവിശേഷത്തിലെ വിവിധ സന്ദർഭങ്ങളുടെ ഒട്ടനവധി പെയിന്റിങ്ങുകളാണ് യൂറോപ്പിലെങ്ങുമുള്ള അൾത്താരകളിലും, പള്ളിച്ചുവരുക ളിലും, ക്യാൻവാസുകളിലും മറ്റും രചിക്കപ്പെട്ടിട്ടുള്ളത്. അത്തരം ചിത്രങ്ങളിൽ ക്രിസ്മസ് വിഷയമാക്കിയുള്ള പെയി ന്റിങ്ങുകൾ നിരവധിയാണ്. അതിൽനിന്നും തെരഞ്ഞെടുത്ത പ്രശസ്തങ്ങളായ ഏഴ് ക്രിസ്മസ് ചിത്രങ്ങൾ ഇതാ..

മത്തായിയുടെ സുവിശേഷത്തിലെ രണ്ടാം അധ്യായത്തിൽ എഴുതപ്പെട്ടിട്ടുള്ള നവജാതനായ യേശുവിനെ സന്ദർശിച്ചു ജ്ഞാനികൾ സ്വർണവും മീറയും കുന്തുരുക്കവും സമർപ്പിച്ചു ആരാധിക്കുന്നതാണ് ആർട്ടിസ്റ്റ് ആൽബ്രെക്റ്റ് ഡ്യൂററുടെ The Adoration of the Magi എന്ന ഈ പാനൽ പെയിന്റിങ്ങിലെ വിഖ്യാതമായ രചന. ജർമൻകാരനായ ഡ്യൂററുടെ ഇറ്റലിയിലേക്കുള്ള (1494-5, 1505) ആദ്യത്തെയും രണ്ടാമത്തെയും യാത്രകൾക്കിടയിലുള്ള കാലയളവിലെ ഏറ്റവും മികച്ചതും സുപ്രധാനവുമായ കൃതികളിൽ ഒന്നായി ഇത് കണക്കാക്കപ്പെടുന്നു. വലതുകൈയിൽ നിക്ഷേപപാത്രം പിടിച്ചു ഇടത്തോട്ടു തിരിഞ്ഞുനിൽക്കുന്ന, താടിയും നീളമുള്ള സ്വർണ മുടിയുമായി ജ്ഞാനികളിലൊരാളെ ഡ്യൂറർ ചിത്രീകരിച്ചിരിക്കുന്നത് തന്റെതന്നെ ഛായാ ചിത്രത്തിലൂടെയാണ്. ഒരു സാധാരണ വ്യക്തിത്വത്തിൽനിന്നു ജ്ഞാനിയിലേ ക്കുള്ള രൂപാന്തരം ക്രിസ്തു സാമീപ്യത്തിന്റെ സവിശേഷതയാണെന്ന് ഡ്യൂറർ അടയാളപ്പെടുത്തുന്നു. നീല മേലങ്കി ധരിച്ചു വലതുകൈയിൽ നിക്ഷേപ പാത്രവുമായി വേറിട്ടു നിൽക്കുന്ന കറുത്തവർഗക്കാരനും ഡ്യൂററുടെ രചന യിലെ സവിശേഷമായ പ്രത്യേകതയാണ്. ക്രിസ്തു സർവരുടെയുമാണെന്ന് ഇതു പ്രഖ്യാപിക്കുന്നു.

ജർമനിയിലെ വിറ്റൻബെർഗിലെ കാസിൽ ചർച്ച് എന്നറിയപ്പെടുന്ന ഓൾ സെയിന്റ്സ് ചർച്ചിന്റെ അൾത്താരയിൽ വരയ്ക്കുവാനായി ഫ്രെഡറിക് മൂന്നാമൻ ഡ്യൂററെ ചുമതലപ്പെടുത്തിയതാണ് ഈ ചിത്രപ്പണി. 1603-ൽ സാക്സണിയിലെ ക്രിസ്ത്യൻ രണ്ടാമൻ ഈ ചിത്രം വിശുദ്ധ റോമൻ ചക്രവർത്തി റുഡോൾഫ് രണ്ടാമന് സമ്മാനമായി നൽകി. 1504-ലാണ് ചിത്രരചന പൂർത്തീകരിച്ചിട്ടുള്ളത്. കന്യകാമാതാവിന്റെ സമീപത്തു മുൻഭാഗത്ത് സ്ഥാപിച്ചിരിക്കുന്ന ചാരനിറത്തിലുള്ള കല്ലിൽ കലാകാരന്റെ മോണോഗ്രാം 'AD' രേഖപ്പെടുത്തിയിട്ടുണ്ട്.



മഹാനായ പീറ്റർ പോൾ റൂബൻസ് തന്റെ 62 വർഷക്കാലത്തെ (1577-1640) ഹ്രസ്വ ജീവിതത്തിനിടയിൽ ഏകദേശം 2,500 ചിത്രങ്ങളും 10,000 മറ്റു കലാസൃഷ്ടികളും നടത്തിയിട്ടുണ്ട്. 'The adoration of the magi' എന്ന ടൈറ്റിലിൽത്തന്നെ 1609-1634 കാലയളവിൽ നാലു വ്യത്യസ്ത ചിത്രങ്ങൾ രചിക്കുകയും നവീകരിക്കുകയും ചെയ്തിട്ടുണ്ട്. ആ ശ്രേണിയിലുള്ള റൂബൻസിന്റെ രചനകളിൽ ഏറെ വലുപ്പമുള്ളതും (11.6 x 16.1 ft) വിശ്വവിഖ്യാതവുമാണ് ഈ ചിത്രം. ഈ രചനയിൽ പൗരസ്ത്യ ദേശത്തുനിന്ന് ഉണ്ണിമിശിഹായെ കാണാനെത്തിയ ജ്ഞാനികളായ മൂന്ന് രാജാക്കന്മാർക്കൊപ്പം അവരുടെ ഭൃത്യന്മാരെയും പരിവാരങ്ങളെയും കുതിരകളെയും മറ്റും വളരെ വിസ്തൃതമായി റൂബൻസ് വ്യന്യസിച്ചിരിക്കുന്നുവെന്നത് ഇതിലെ പ്രത്യേകതയാണ്. പന്തങ്ങളും വിളക്കുകളുമായി രാത്രിയിലാണ് സന്ദർശനമെന്നത് മറ്റൊരു പ്രത്യേകത. മൂന്ന് രാജാക്കന്മാരിൽ ഒരാളെ കറുത്തവർഗക്കാരനായിട്ടാണ് റൂബൻസ് രചിച്ചിരിക്കുന്നത്.

ഒരു ഫ്ളെമിഷ് കലാകാരനായിരുന്നു സർ പീറ്റർ പോൾ റൂബൻസ്. ഫ്ളെമിഷ് ബറോക്ക് പാരമ്പര്യത്തിലെ ഏറ്റവും സ്വാധീനമുള്ള കലാകാരനായി അദ്ദേഹം കണക്കാക്കപ്പെടുന്നു. റൂബൻസിന്റെ രചനകൾ ക്ലാസിക്കൽ, ക്രിസ്ത്യൻ ചരിത്രത്തിന്റെ വിജ്ഞാനീയ വശങ്ങളെ പരാമർശിക്കുന്നവയാണ്. അതുല്യവും ജനപ്രിയവുമായ അദ്ദേഹത്തിന്റെ ബറോക്ക് ശൈലി ചലനം, നിറം, ഇന്ദ്രിയത എന്നിവയ്ക്ക് ഊന്നൽ നൽകുന്നു. അൾത്താരകൾ, ഛായാപടങ്ങൾ, പ്രകൃതിദൃശ്യങ്ങൾ, ചരിത്ര പെയിന്റിംഗുകൾ എന്നിവയിലെല്ലാം റൂബൻസ് വൈദഗ്ധ്യം തെളിയിച്ചിട്ടുണ്ട്.





ഇറ്റാലിയൻ കലാകാരനായ മൈക്കലാഞ്ചലോ മെറിസി, കാരവാജിയോ (Caravaggio) എന്നാണ് അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ The Adoration of the Shepherds എന്ന ഈ എണ്ണച്ഛായാച്ചിത്രം ക്യാൻവാസിലാണ് രചിച്ചിട്ടുള്ളത്. വലുപ്പം 83.07 x 123.62 ഇഞ്ച്. വെറും 38 വർഷക്കാലം മാത്രമായിരുന്നു ഈ മഹാ ചിത്രകാരന്റെ ആയുസ്സ്. 1571ൽ ജനിച്ചു, 1610ൽ മരിക്കുന്നതിന് ഒരു വർഷം മുമ്പ് 1609ൽ സാന്താ മരിയ ഡെഗ്ലി ആഞ്ചെലി ചർച്ചിനായി മെസ്സിനയിൽ കപ്പൂച്ചിൻ ഫ്രാൻസിസ്കന്മാരുടെ നിയോഗാനുസരണം വരച്ചതാണ് ഈ ചിത്രം.

ഒരു ഫ്രാൻസിസ്ക്കൻ ലാളിത്യം ഈ രചനയിൽ നിറഞ്ഞുനിൽക്കുന്നു. തടികൊണ്ടു നിർമിച്ച തൊഴുത്തിൽ ഒരു കഴുതയും കാളയും ക്ഷമയോടെ പുറകിൽ നിൽക്കുന്നു, തറയിൽ വൈക്കോലും, ഒരു കൊട്ടയിൽ തിരുക്കുടുംബത്തിന്റെ ഒരു റൊട്ടിയും, ആശാരിയായ ജോസഫിന്റെ പണിയുപകരണങ്ങളും, കുറച്ച് തുണിക്കഷണങ്ങളും കാണാം. ജോസഫ് ചുവപ്പ് മേലങ്കിയണിഞ്ഞും, മൂന്ന് ഇടയന്മാരെ തവിട്ടുനിറത്തിലും ചാരനിറത്തിലുമുള്ള വസ്ത്രങ്ങളണിഞ്ഞും രചിച്ചിരിക്കുന്നു. കന്യകാമാതാവ് തന്റെ കുഞ്ഞിനെ സമാധാനപൂർവം ആലിംഗനം ചെയ്യുന്നു, രണ്ട് പ്രഭാവലയങ്ങൾ ഒഴികെ, കൈകൂപ്പി മുട്ടുകുത്തി നിൽക്കുന്ന നഗ്നമായ തോളുള്ള യുവാവ് മാത്രമാണ് ദിവ്യരക്ഷകനെ കണ്ടുവെന്ന വിശിഷ്ട നിമിഷത്തിന് അതിന്റെ അർഥ സൂചന നൽകുന്നത്. ഇപ്പോൾ ഈ ചിത്രം മെസിനയിലെ ഇന്റർ ഡിസിപ്ലിനറി റീജിയണൽ മ്യൂസിയത്തിലാണുള്ളത്.



El Greco-യുടെ ജീവിതത്തിന്റെ അവസാന വർഷത്തിൽ വരച്ച ചിത്രമാണ് Adoration of the Shepherds എന്ന ഈ ചിത്രം. ടോളിഡോയിലെ Santo Domingo el Antiguo കോൺവെന്റിൽ തന്റെ സ്വന്തം ശവകുടീരത്തിൽ തൂക്കിയിടാൻ ചിത്രകാരൻ സൃഷ്ടിച്ചതാണ് ഈ പെയിന്റിംഗ്. ഗ്രീക്കിലുള്ള അദ്ദേഹത്തിന്റെ ഒപ്പ് താഴെ ഇടതു മൂലയിൽ കാണാം. എൽ ഗ്രീക്കോയുടെ ഭൗതികാവശിഷ്ടം ഏതാനും വർഷങ്ങൾക്കുശേഷം മറ്റൊരു പള്ളിയിലേക്ക് മാറ്റി, എന്നാൽ 20-ാം നൂറ്റാണ്ട് വരെ പെയിന്റിംഗ് സാന്റോ ഡൊമിംഗോയിൽ സൂക്ഷിച്ചിരുന്നു. ചിത്രകാരന്റെ അവസാന സൃഷ്ടിയായി കണക്കാക്കാമെന്ന് പ്രസ്താവിക്കുന്ന ഈ ചിത്രം ഇപ്പോൾ Museo del Prado-ൽ ആണുള്ളത്.

എൽ ഗ്രീക്കോയുടെ അവസാന നാളുകളിലെ എല്ലാ ചിത്രങ്ങളെയും പോലെ, ശരീരഘടനയിലെ വൈരൂപ്യം ഈ ചിത്രത്തിലും സവിശേഷതയാണ്. ശിശുവായ ക്രിസ്തു തന്റെ അത്ഭുതകരമായ ജനനത്തിന് അഭിവാദ്യം അർപ്പിക്കാൻ വന്നുചേർന്ന നഗ്നപാദരായ ഇടയന്മാരുടെ മുഖത്തേക്ക് തന്നിൽനിന്ന് ഒരു പ്രകാശം പുറപ്പെടുവിക്കുന്നതായി തോന്നുന്നു. ഇത് ഒരു താളാത്മകമായ ഊർജം ചിത്രത്തിനു നൽകുന്നുണ്ട്. നൃത്തരൂപത്തിലുള്ള ദേഹചലനങ്ങളിൽ ഇത് പ്രകടമാണ്. വെളിച്ചവും ഇരുണ്ട ഭാഗങ്ങളും തമ്മിലുള്ള ശ്രദ്ധേയമായ വൈരുധ്യങ്ങൾ ഒരു നാടക ബോധത്തെ ഉയർത്തുന്നു. ദൃശ്യത്തിന് മുകളിലൂടെ സഞ്ചരിക്കുന്ന മാലാഖമാരുടെ കൂട്ടം Opening of the Fifth Seal എന്ന എൽ ഗ്രീക്കോയുടെതന്നെ ചിത്രത്തെ അനുസ്മരിപ്പിക്കുന്നുമുണ്ട്.

The Adoration of the Magi ഇറ്റാലിയൻ നവോത്ഥാന മാസ്റ്ററായ Sandro Botticelli 1475ൽ രചിച്ച ഒരു ചിത്രമാണ്. സാന്താ മരിയ നോവെല്ലയിലെ ഗാസ്പെയർ ഡി സനോബി ഡെൽ ലാമയുടെ ചാപ്പലിലെ അൾത്താരയ്ക്ക് വേണ്ടിയാണ് Botticelli ഈ ചിത്രം വരച്ചത്. ഹേറോദേസ് രാജാവിന്റെ കാലത്ത് യൂദയായിലെ ബേത്‌ലെഹെമിൽ യേശു ജനിച്ചതറിഞ്ഞു പൗരസ്ത്യദേശത്തുനിന്നു മൂന്ന് ജ്ഞാനികൾ നക്ഷത്രത്തെ പിന്തുടർന്ന് ജറുസലെമിലെത്തി നവജാതനായ ദൈവപുത്രനെ ആരാധിക്കുകയും സ്വർണവും മീറയും കുന്തുരുക്കവും സമ്മാനമായി സമർപ്പിക്കുന്നതാണ് ചിത്രം. ശിശുവിനെ കാണാനെത്തിയ ഒരു കൂട്ടം ആളുകളും തിരുക്കുടുംബത്തെ വലയം ചെയ്യുന്നു (മത്താ 2,1-11).





ലിയോനാർഡോ ഡാവിഞ്ചിയുടെ പൂർത്തീകരിക്കാത്ത ഒരു ആദ്യകാല ചിത്രമാണ് The Adoration of the Magi. 1481ൽ ഫ്ളോറൻസിലെ സ്കോപെറ്റോയിലെ സാൻ ഡൊണാറ്റോയിലെ അഗസ്തീനിയൻ സന്യാസിമാർ ലിയോനാർഡോയെ ചുമതലപ്പെടുത്തിയതാണ് പ്രസ്തുത ചിത്രം. രചന തുടങ്ങിയതിന്റെ അടുത്ത വർഷം അദ്ദേഹം അതു പൂർത്തിയാക്കാതെ മിലാനിലേക്ക് പോകുകയായിരുന്നു. പരിശുദ്ധ കന്യകയെയും ഉണ്ണിയേശുവിനെയും മധ്യത്തിൽ കേന്ദ്രീകരിച്ചാണ് ചിത്രീകരണം. മുന്നിലായി ജ്ഞാനികൾ മുട്ടുകുത്തി ദൈവപുത്രനെ ആരാധിക്കുകയും സ്വർണവും കുന്തുരുക്കവും മീറയും സമ്മാനമായി സമർപ്പിക്കുന്നതും ത്രികോണാകൃതിയിലാണ് വിന്യസിച്ചിരിക്കുന്നത്.


പിന്നിൽ വലതുവശത്തായി യുവ ലിയോനാർഡോയുടെ ഒരു സ്വന്തം ഛായാചിത്രവും ഉൾചേർത്തിട്ടുണ്ട്. ഇടതുവശത്ത് പശ്ചാത്തലത്തിൽ വിഗ്രഹാരാധകരുടേത് എന്നു തോന്നിപ്പിക്കുന്ന ഒരു പൊട്ടിപ്പൊളിഞ്ഞ കെട്ടിടവും, അത് കേടുപാടു തീർക്കുന്ന ജോലിക്കാരെയും കാണാം. വലതുവശത്ത് കുതിരപ്പുറത്തിരുന്ന് പരസ്പരം പോരടിക്കുന്ന പുരുഷന്മാരുടെയും, പാറക്കെട്ടുകളുടെയും രേഖാചിത്രവും കാണുന്നുണ്ട്. മരപ്പലകയിൽ കരിയും ജലച്ചായ മഷിയും, എണ്ണച്ചായവും ഉപയോഗിച്ചാണ് വരച്ചിട്ടിട്ടുള്ളത്. ഏകദേശം 1482–ലാണ് രചനാ കാലം. 1670 മുതൽ ഈ ചിത്രം ഫ്ളോറൻസിലെ ഉഫിസി ഗാലറിയിലാണുള്ളത്.



The Adoration of the Shepherds വെനീഷ്യൻ കലാകാരനായ ജോർജിയോണിന്റെ (Giorgione) പ്രശസ്തമായ ഒരു പെയിന്റിംഗ് ആണിത്. ക്രിസ്തുവിനെ ദിവ്യബലിയായും മറിയത്തെ അൾത്താരയായും ഈ കൃതിയിൽ നിഗൂഢമായി അവതരിപ്പിച്ചിരിക്കുന്നു. രചനയെ രണ്ട് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു, വലതുവശത്ത് ഇരുണ്ട ഗുഹയും ഇടതുവശത്ത് തിളങ്ങുന്ന വെനീഷ്യൻ പ്രകൃതിദൃശ്യവും. ദൂരത്തേക്ക് നീണ്ടു കിടക്കുന്ന പ്രകൃതിദൃശ്യങ്ങളിൽ അലയടിക്കുന്ന ഒരു അരുവി, ജോലി ചെയ്യുന്ന കുറച്ച് ആളുകൾ, കെട്ടിടങ്ങൾ, മലനിരകൾ എന്നിവയാൽ സങ്കീർണവുമാണ്. ഉച്ചകഴിഞ്ഞുള്ള ഇളം വെയിലാണ് ചിത്രത്തെ പ്രകാശിപ്പിക്കുന്നത്.

ജോസഫിന്റെയും മേരിയുടെയും തിളങ്ങുന്ന വസ്ത്രങ്ങൾ അവരുടെ പിന്നിലുള്ള ഇരുട്ടിൽനിന്ന് അവരെ എടുത്തുകാട്ടുന്നു. ഇടയന്മാരുടെ മുഷിഞ്ഞതും കീറിയതുമായ വസ്ത്രത്തിൽനിന്ന് വ്യത്യസ്തമാണിത്. ക്രിസ്തുവിന്റെ ജനനം മാലാഖമാരാൽ വെളിപ്പെട്ട് എത്തിയ ഇടയന്മാർ മുട്ടുകുത്തി ആദരപൂർവമാണ് ആരാധിക്കുന്നത്. മേരിയും ജോസഫും അവരുടെ ആ ആരാധനയിൽ പങ്കുചേരുന്നുമുണ്ട്. തീവ്രമായ ഒരു ധ്യാനരംഗം.

വെനീഷ്യൻ കലയിൽ ഉയർന്ന നവോത്ഥാന ശൈലിയുടെ തുടക്കക്കാരിൽ ഒരാളായിരുന്നു വെനീഷ്യൻ ചിത്രകാരനായിരുന്ന ജോർജിയോൺ. തന്റെ മുപ്പതാം വയസ്സിൽ അദ്ദേഹം മരിച്ചു. അദ്ദേഹത്തിന്റെ സൃഷ്ടികളിലെ അവ്യക്തമായ കാവ്യാത്മക ഗുണത്തിനാൽത്തന്ന അദ്ദേഹം ഏറെ ശ്രദ്ധേയനുമാണ്. ഹ്രസ്വകാലത്തെ കലാജീവിതത്തിലെ ശ്രദ്ധേയമായ മറ്റു കൃതികൾ: The Tempest, Sleeping Venus, Castelfranco Madonna, The Three Philosophers എന്നിവയാണ്.





# ലളിതം സുന്ദരം ഈ 'സ്വർഗം'

സഭയെയും വിശ്വാസത്തെയും സാന്മാർഗികപഠനങ്ങളെയും അപഹസിച്ചുകൊണ്ടുള്ള സിനിമകൾ ധാരാളമായി ഇറങ്ങുന്ന ഈ കാലഘട്ടത്തിൽ നല്ല സിനിമകൾ ഉണ്ടാകണമെന്ന് അതിയായി ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നവരാണ് നമ്മളിൽ പലരും. വിവിധ രൂപതകളിൽ നിന്ന്






വിദേശ രാജ്യങ്ങളിൽ താമസിക്കുന്ന 16 പ്രവാസികൾ ഇതേ ആഗ്രഹവുമായി സി. ന്യൂസ് ഗ്ലോബൽ മൂവീസ് എന്ന നിർമാണ കമ്പനിക്ക് രൂപം നൽകുകയും അതിന്റെ ബാനറിൽ നിർമിച്ച ആദ്യ സിനിമയായ 'സ്വർഗം' ഇപ്പോൾ തിയേറ്ററുകളിൽ പ്രദർശനം തുടരുകയാണ്.

ഓരോ കുടുംബത്തിന്റെയുമുള്ളിൽ സംഭവിക്കാൻ സാധ്യതയുള്ള പ്രശ്നങ്ങളും വിഷമങ്ങളും അയൽപക്കത്തുള്ള മറ്റു കുടുംബങ്ങൾ പരിഹരിക്കാൻ വിവേകപൂർവം പരിശ്രമിക്കുന്നത് മനോഹരമായി ഈ സിനിമ ചിത്രീകരിക്കുന്നു. ഒരു കുടുംബത്തിലെ പ്രശ്നങ്ങൾ പതിയെ മറ്റുള്ളവർ അറിയുകയും കൂടുതലാളുകളിലേക്ക് അവ എത്താതെ ചുറ്റുവട്ടത്തുള്ളവർതന്നെ അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതുമൊക്കെ ചിത്രത്തിന്റെ മൂല്യമുയർത്തുന്ന ഘടകങ്ങളാണ്. കുടുംബ ബന്ധങ്ങളുടെ താളവും ഈണവും സ്വരച്ചേർച്ചയും പരസ്പരം മനസ്സിലാക്കാനാവാത്ത അവസ്ഥകളും ഇതിൽ ഇഴചേർന്നിരിക്കുന്നു. കുടുംബത്തിൽ അവനവന്റെ ശരികൾ മാത്രം അംഗീകരിക്കപ്പെടുമ്പോൾ മറ്റു കുടുംബാംഗങ്ങൾ നിസ്സഹായരാകുന്നത് പക്വതയോടെ ചിത്രീകരിച്ചിരിക്കുന്നു. ലളിതം സുന്ദരം എന്ന് വിശേഷിപ്പിക്കാവുന്ന ചിത്രത്തിൽ മധ്യതിരുവിതാംകൂറിലെ രണ്ട് ക്രൈസ്തവ കുടുംബങ്ങളെ കേന്ദ്രീകരിച്ചാണ് കഥ മുന്നോട്ടു പോകുന്നത്.

അയൽപക്കങ്ങൾ തമ്മിൽ മതിലുകൾ നിർമിക്കാതെ പാലങ്ങൾ പണിതു പാരസ്പര്യത വളർത്തേണ്ടത് അനിവാര്യമാണ്. എല്ലാം തികഞ്ഞു എന്ന ബോധ്യത്തിൽ പുതുപ്പണക്കാരൻ ജീവിക്കുമ്പോൾ സ്വന്തം കുടുംബാഗങ്ങളുടെ പോലും മനസ്സ് വായിക്കാനാവുന്നില്ല. കൗമാരക്കാരായ മക്കൾക്ക് മാതാപിതാക്കളെ സുഹൃത്തുക്കളായി കണ്ട് അവരുടെ പ്രശ്നങ്ങൾ തുറന്നു പറയാൻ സാധിക്കണം. മക്കളുടെ ജീവിതത്തിന്റെ ഭ്രമണപഥം പ്രത്യേകിച്ച് പഠനം, കരിയർ, ഭാവി തുടങ്ങിയവ മാതാപിതാക്കൾ അവരുടെ മനസ്സ് അറിയാതെ വരയ്ക്കരുത്.

അജു വർഗീസ്, ജോണി ആന്റണി, സിജോയ് വർഗീസ്, അനന്യ, മഞ്ജു പിള്ള തുടങ്ങിയ അഭിനേതാക്കൾ അവരുടെ സ്വാഭാവിക അഭിനയംകൊണ്ട് ചിത്രത്തെ മികവുള്ളതാക്കി. തൻമൂലം മക്കൾ, മാതാപിതാക്കൾ, അയൽപക്കത്തുകാർ, സുഹൃത്തുക്കൾ തുടങ്ങിയ ബന്ധങ്ങൾ പ്രേക്ഷകനും എളുപ്പത്തിൽ റിലേറ്റ് ചെയ്യാൻ സാധിക്കുന്നു.

ടെക്നോളജിയുടെ അതിപ്രസരവും അതിഭാവുകത്വവും നിറക്കാത്ത ഈ ഫീൽ ഗുഡ് മൂവിയിൽ take away ആയി കൊണ്ടുപോകാവുന്ന ചിന്തകൾ ശ്രദ്ധേയമാണ്. ഒരു ഫാമിലി എന്റർടൈനർ എന്ന് വിശേഷിപ്പിക്കാവുന്ന ചിത്രത്തെ സാഹചര്യത്തിനടങ്ങുന്ന കോമഡികളും സമ്പന്നമാക്കി.

ക്രിസ്തീയ ഭക്തിഗാനരംഗത്ത് ശ്രദ്ധേയനായ ബേബി ജോൺ കലയന്താനി സംഗീതത്തിന്റെ മറ്റൊരു പുത്തൻ രുചിക്കൂട്ട് നൽകുന്നു. ലിസി കെ. ഫെർണാണ്ടസിന്റെ കഥയ്ക്ക് റെജിസ് ആന്റണിയുടെ സംവിധാനം, സങ്കീർണത നിറഞ്ഞ കുടുംബബന്ധങ്ങളെ സുന്ദരമായി അവതരിപ്പിക്കുന്നു.

***തൃക്കാക്കര ഭാരത് മാതാ കോളേജിൽ എക്കണോമിക്സ് വിഭാഗം മേധാവിയായി റിട്ടയർ ചെയ്ത ഡോ. കൊച്ചുറാണി ജോസഫ് എറണാകുളത്ത് താമസിക്കുന്നു.***



**യുവ/മൈസ്റ്റോറി** - സിൽവി സന്തോഷ്, ഡാലസ്

# നല്ല അയൽക്കാരി

ജീവിതത്തിലെ ഏറ്റവും വലിയ അനുഗ്രഹം നമ്മെ സ്നേഹിക്കുന്ന, നമ്മെ കരുതുന്ന വ്യക്തികളെ ജീവിതത്തിൽ കണ്ടുമുട്ടുക എന്നതാണ്. മനസ്സിൽ നിറയെ സ്നേഹമുള്ള ഈ വ്യക്തികൾ നമ്മുടെ ജീവിതത്തിലെ മരുഭൂമികളെ നനയ്ക്കുന്ന നീരുറവകളാണ്! നല്ല അയൽക്കാരന്റെ കഥ പറഞ്ഞു തന്നുകൊണ്ട് ഈശോ നമ്മെ പഠിപ്പിക്കുന്നുണ്ട്, എങ്ങനെ ഒരു നല്ല അയൽക്കാരൻ ആകണമെന്ന് (ലൂക്കാ 10, 25-37).

എന്റെ ജീവിതത്തിൽ ഞാൻ ഒത്തിരി വ്യക്തികളെ അങ്ങനെ കണ്ടുമുട്ടിയിട്ടുണ്ട്. ദൈവം തന്റെ മാലാഖമാരെ അവരിലൂടെ അയച്ചുകൊണ്ട് എന്നെ എന്റെ ആവശ്യങ്ങളിൽ സഹായിച്ചു എന്നുതന്നെ എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. ഇതിൽ വളരെ മനസ്സിൽ തട്ടിയ ഒരു സ്നേഹിതയുടെ കഥ പങ്കുവയ്ക്കണം എന്ന് തോന്നി. ചേച്ചിയെന്നാണ് ഞാൻ എന്റെ കൂട്ടുകാരിയെ സ്നേഹപൂർവം വിളിക്കുന്നത്.

ഞങ്ങൾ ഡാലസിൽ തനിയെയാണ് താമസിക്കുന്നത്, മാതാപിതാക്കളും സഹോദരങ്ങളും എല്ലാം നാട്ടിലാണ്. അതുകൊണ്ടുതന്നെ ഞങ്ങളുടെ ഇടവക തന്നെയാണ് ഞങ്ങൾക്ക് ഇവിടത്തെ തറവാട്. ഞങ്ങളുടെ ഇടവകയിൽ നിന്നും ഞങ്ങളുടെ കുടുംബത്തിനു ഒത്തിരി ആത്മീയ അനുഗ്രഹങ്ങളും, സൗഹൃദങ്ങളും ലഭിച്ചിട്ടുണ്ട്. എന്നെ ദത്തെടുത്തിട്ടുള്ള അമ്മമാരും, ചേച്ചിമാരും എനിക്കിവിടെയുണ്ട്! അങ്ങനെ പരിചയപ്പെട്ട ഒരു കൂട്ടുകാരി എന്റെ ജീവിതത്തിന്റെ ഭാഗമായി മാറി!

ചേച്ചിയെ ആദ്യമായി കണ്ടത് ഒരു വിശുദ്ധ കുർബാനയിലാണ്. ഞങ്ങളുടെ ദേവാലയത്തിലെ അൾത്താരയെ മനോഹരമാക്കാൻ വേണ്ടി കഷ്ടപ്പെടുന്ന ഒരു ചേച്ചിയെ ഞാൻ ആദ്യമേ തന്നെ ശ്രദ്ധിച്ചു. പിന്നീടെപ്പോഴോ ഞങ്ങളുടെ കൂട്ട് വളർന്നു. എന്നും വിശുദ്ധ കുർബാന കഴിഞ്ഞു ഞങ്ങൾ സൗഹൃദം പുതുക്കുമായിരുന്നു.

ഞാൻ എന്റെ മുപ്പതുകളിൽ രോഗങ്ങളിലൂടെ കടന്നു പോകുന്ന കാലം. എന്റെ കുടുംബ ജീവിതത്തിൽ സന്തോഷവും, ദു:ഖവും ഒരുപോലെ ദൈവസ്നേഹം ഒഴുകാനുള്ള പാതയായി മാറുന്ന ദൈവശാസ്ത്രമൊക്കെ പച്ചയായ ജീവിതത്തിൽ അനുഭവിച്ചറിയുന്ന കാലം. അങ്ങനെയിരിക്കെ 2016ൽ എന്റെ മകൾ പെട്ടെന്ന് രോഗബാധിതയായി, അവൾ എന്നെ വിട്ടു പോകുമോ എന്നുവരെ തോന്നിയ ദിവസങ്ങൾ! ഞാനും എന്റെ ജീവിത പങ്കാളിയും, പ്രത്യാശയെല്ലാം നഷ്ടപ്പെട്ടു അവളുടെ കിടക്കയുടെ അരികിൽ ഇരിക്കുമ്പോൾ, ചേച്ചി കയറി വന്നു. ചേച്ചിയുടെ സാമീപ്യം ഞങ്ങൾക്ക് നൽകിയ ആശ്വാസം പറഞ്ഞറിയിക്കാൻ കഴിയില്ല. എനിക്ക് ദൈവം അയച്ച ഒരു തുണ പോലെ, എന്റെ കൂട്ടുകാരി എന്നോടൊപ്പം സദാ സമയവും ഉണ്ടായിരുന്നു. ചേച്ചിയുടെ സ്നേഹവും കരുണയും സാന്ത്വനവും എല്ലാം എനിക്ക് ദൈവത്തിന്റെ നേരിട്ടുള്ള സാന്നിധ്യം പോലെ അനുഭവപ്പെട്ടു. എന്റെ ദു:ഖം, ആശങ്ക, എന്റെ വിശ്വാസത്തിന് ഏറ്റ ക്ഷതം.. ഇതെല്ലാം എന്നെ ഞാനല്ലാതാക്കി തീർത്ത ഈ സമയത്തെല്ലാം എനിക്ക് ദൈവം നൽകിയ സ്നേഹത്തിന്റെ പ്രതിരൂപം.

ആ ദിവസങ്ങളിൽ എന്റെ കൂടെ എല്ലാറ്റിനും വേണ്ടി ചേച്ചി ഉണ്ടായിരുന്നു. ആ സമയം ഞാൻ മൂന്നാമത് ഗർഭിണിയുമാണ്. മോളെയും കൊണ്ട് തിരിച്ചു വീട്ടിൽ വന്നുകയറിയപ്പോൾ ചേച്ചി എന്റെ കൂടെയുണ്ടായിരുന്നു, എന്ത് വന്നാലും കൂടെ നിൽക്കും എന്ന ഉറപ്പോടെ.

ഞാൻ 6 മാസം ഗർഭിണിയായ സമയത്ത്, എന്റെ അപ്പച്ചൻ എന്നെ വിട്ടു പോയി. പെട്ടെന്നായിരുന്നു, മനസ്സിനെ ഒന്ന് തയ്യാറാക്കുവാൻ പോലും സമയം നൽകാതെ അപ്പച്ചൻ പോയി. നാട്ടിൽ നിന്നും വിളി വന്നപ്പോൾ ഞാൻ പകച്ചിരുന്നു പോയി. കാരണം, എന്റെ മോൾക്ക് അസുഖം കഴിഞ്ഞു ആശുപത്രിയിൽ നിന്നും വന്നിട്ട് അധികമായില്ല. അവളെയിട്ടിട്ട് എനിക്ക് പോകണം. എന്റെ ഹൃദയം പിടഞ്ഞു. ഞാൻ ഒരു ടെക്സ്റ്റ് വിട്ടു ചേച്ചിക്ക്: "ചേച്ചി അപ്പച്ചൻ പോയി". ഒട്ടും വൈകിയില്ല, ചേച്ചി വീട്ടിലെത്തി. എന്റെ സ്യൂട്ട്കേസ് മുതൽ അടുക്കി, എന്റെ പൊന്നുമോളെ കൈയിലെടുത്ത് അവളെ സന്തോഷിപ്പിക്കുന്നത് കണ്ടാണ് ഞാൻ എന്റെ അപ്പച്ചനെ അവസാനമായി കാണാൻ വേണ്ടി പോയത്. ചേച്ചി എനിക്ക് വേണ്ടി ഒത്തിരി പ്രാർഥിക്കുന്നുണ്ടായിരുന്നു. ഞാൻ വലിയ ദു:ഖം അനുഭവിച്ചപ്പോൾ, ചേച്ചി എനിക്ക് എല്ലാ കാര്യങ്ങളിലും സഹായം നൽ

**ജീവിതത്തിന്റെ ഭാരങ്ങൾ പങ്കിടാനും സന്തോഷങ്ങളിൽ ഒപ്പം സന്തോഷിക്കാനും പറ്റുന്ന നിസ്വാർഥമായ സ്നേഹം എന്താണെന്ന്, ചേച്ചി എനിക്ക് കാണിച്ചു തന്നു!**



കുമായിരുന്നു അതിലൊന്നും പ്രതിഫലം പ്രതീക്ഷിച്ചിരുന്നില്ല എന്നതാണ് ചേച്ചിയുടെ വലിയ ഒരു പ്രത്യേകത. പ്രാർഥനയല്ലാതെ മറ്റൊന്നും ചേച്ചിക്ക് തിരിച്ചു കൊടുക്കാൻ എനിക്ക് സാധിച്ചിട്ടില്ല.

വേറൊരു സന്ദർഭത്തിൽ ചേച്ചി നൽകിയ സഹായം ഒരിക്കലും മറക്കാനാകില്ല. എന്റെ മോനെ ഗർഭിണിയായിരിക്കെ, ഞാൻ ഡോക്ടറിനെ കാണാൻ ചെന്നപ്പോൾ, എനിക്ക് ഈറ്റ് നോവ് ആരംഭിച്ചു. അച്ചാച്ചൻ ജോലിയിലാണ്, ഫാർമസിയിൽ ആരെങ്കിലും വരാതെ അച്ചാച്ചന് വരാൻ പറ്റില്ല. പെട്ടെന്ന് ചേച്ചിയെ വിളിക്കാൻ ദൈവം തോന്നിച്ചു. ചേച്ചി ചെയ്തു കൊണ്ടിരുന്ന എല്ലാ കാര്യങ്ങളും ഇട്ടിട്ടു എന്റെയടുക്കൽ ഓടിയെത്തി. അച്ചാച്ചൻ (എന്റെ ജീവിത പങ്കാളി) കുറച്ചു കഴിഞ്ഞപ്പോൾ എത്തി. എന്റെ മോനെ അച്ചാച്ചനു ശേഷം ആദ്യമായി കൈയിലെടുത്തത് ചേച്ചിയാണ്. എന്റെ 7 വയസ്സുള്ള മോന് ഇന്ന് ചേച്ചിയോടുള്ള സ്നേഹം കാണുമ്പോൾ അറിയാം, അവർ തമ്മിൽ ഒരാത്മീയ ബന്ധം ഉണ്ടെന്ന്!

ഇളയ മോന്റെ മാമോദീസക്ക് ചേച്ചി അവന് നൽകിയ സമ്മാനം ആർക്കും ചിന്തിക്കാൻ പോലും പറ്റാത്തതാണ്. അവന്റെ കൂദാശയെ മനോഹരമാക്കാൻ വേണ്ടി ചേച്ചി ചെയ്ത നന്മകൾ എനിക്കൊരിക്കലും മറക്കാനാകില്ല. ചേച്ചിയുടെ അനേകം ദിവസങ്ങളുടെ കഷ്ടപ്പാടുകൾ മോന്റെ ആദ്യത്തെ കൂദാശയെ സ്വർഗീയ അനുഭവമാക്കി മാറ്റി!

എന്റെ Graduation ദിവസത്തെ ഏറ്റവും മനോഹരമാക്കി തീർക്കുന്നതിൽ ചേച്ചി ഒത്തിരി ശ്രദ്ധിച്ചു! എന്റെ ചെറിയ ചെറിയ സന്തോഷങ്ങളിൽ എല്ലാം ചേച്ചി എന്റെ കൂടെ നിന്നു. ഞാൻ ഈശോയ്ക്ക് വേണ്ടി എഴുതി തുടങ്ങിയപ്പോൾ എന്നെ ഏറ്റവും കൂടുതൽ പ്രോത്സാഹിപ്പിച്ചതും ഈ ചേച്ചി തന്നെ

ഈയിടെ എന്റെ മോളുടെ ആദ്യ കുർബാനയായിരുന്നു. മാസങ്ങളോളം അവൾക്ക് വേണ്ടി പ്രാർഥിക്കുന്നതോടൊപ്പം, അവളെ ആത്മീയമായും, ഭൗതികമായും ഒരുക്കുന്നതിൽ ചേച്ചി വഹിച്ച പങ്ക് ചെറുതല്ല. അവൾക്ക് ഒരമ്മ കൂടെ നിന്നു ചെയ്തു കൊടുക്കുന്നത് പോലെയാണ് എല്ലാം ചെയ്തു കൊടുത്തത്, ഇന്നും ചെയ്യുന്നത്.


എന്റെ മക്കൾക്ക് ചേച്ചി നല്ലൊരു ആന്റിയാണ്. എന്റെ മോൻ വർഷങ്ങളോളം കരുതിയിരുന്നത്, ചേച്ചി എന്റെ സ്വന്തം ചേച്ചിയാണെന്നാണ്. ആന്റിയുടെ വീട്ടിൽ പോകാൻ അവർക്ക് വലിയ ഇഷ്ടമാണ്.

ഈ വർഷങ്ങളിലുടനീളം, എന്റെ സ്വന്തം സഹോദരിയായി ചേച്ചിയെ ഞാൻ കാണാൻ തുടങ്ങിയിരിക്കുന്നു. മറ്റൊരു മാതാവിൽ ജനിച്ച എന്റെ സഹോദരി. സത്യസന്ധമായ സൗഹൃദം രക്ത ബന്ധങ്ങളെയും കുടുംബ ബന്ധങ്ങളെയും അതിജീവിക്കുന്ന ഒരു ബന്ധമാണെന്ന് ചേച്ചി എന്നെ പഠിപ്പിച്ചു. ജീവിതത്തിന്റെ ഭാരങ്ങൾ പങ്കിടാനും സന്തോഷങ്ങളിൽ ഒപ്പം സന്തോഷിക്കാനും പറ്റുന്ന നിസ്വാർഥമായ സ്നേഹം എന്താണെന്ന്, ചേച്ചി എനിക്ക് കാണിച്ചു തന്നു!

ചേച്ചി എന്റെ ആത്മീയ സഹോദരിയാണ് 'ഒരു ജീവിതകാലം മുഴുവൻ ഞാൻ നന്ദിയോടെ വിലമതിക്കുന്ന ദൈവദാനം.'

സന്മനസ്സുള്ളവർക്ക് സമാധാനം എന്ന വചനം എന്റെ ചേച്ചിയിൽ അന്വർഥമാകട്ടെ; ഈശോയുടെ സമാധാനം ചേച്ചിക്കും കുടുംബത്തിനും അനുഭവവേദ്യമാകട്ടെ എന്നും ഞാൻ പ്രാർഥിക്കുന്നു!

***പീഡിയാട്രിക് നഴ്സ് പ്രാക്ടീഷണർ ആയ ലേഖിക ഭർത്താവ് സന്തോഷ് കുര്യനും മക്കൾക്കുമൊപ്പം ഡാലസിൽ താമസിക്കുന്നു.***




അടുത്തിടെ ഒരു വിവാഹച്ചടങ്ങിൽവച്ച് ഞാൻ ഒരു യുവതിയെ കണ്ടുമുട്ടി. അതീവ ഹൃദ്യമായി പെരുമാറുന്ന അവൾ പേരുകേട്ട ഒരു സ്ഥാപനത്തിൽ സാമൂഹിക പ്രവർത്തകയായി ജോലി ചെയ്യുകയാണ്. കോളജ് പഠനകാലത്തും ജോലിയുടെ ആദ്യ വർഷങ്ങളിലും അവൾ ജീസസ് യൂത്തിന്റെ ഭാഗമായിരുന്നു. ഫോർമേഷന്റെ ആദ്യ സെഷനുകളിലും പങ്കെടുത്തിട്ടുണ്ട്. എന്നിട്ടും എന്തുകൊണ്ടാണ് ഇപ്പോൾ ജീസസ് യൂത്ത് ഫോർമേഷൻ യാത്രയിൽനിന്നു മാറിനില്ക്കുന്നതെന്ന് അല്പം കൗതുകത്തോടെ ഞാൻ ചോദിച്ചു. "അത് എന്നിൽനിന്ന് വളരെയധികം സമയവും പ്രതിബദ്ധതയും ആവശ്യപ്പെടുന്നു. അതുകൊണ്ട് ഞാൻ ഒരു ഇടവേളയെടുത്തു" എന്നായിരുന്നു അവളുടെ ഉത്തരം.

വി. മത്തായിയുടെ സുവിശേഷത്തിൽ (19,16) കാണുന്ന യുവാവ് നിത്യജീവൻ സ്വന്തമാക്കാനുള്ള തീവ്രമായ ആഗ്രഹത്തോടെയാണ് ക്രിസ്തുവിനെ സമീപിക്കുന്നത്. എന്നാൽ അവന് സങ്കടത്തോടെ തിരിച്ചുപോകേണ്ടിവന്നു (19,22). കാരണം, യേശു അവനോട് ആവശ്യപ്പെട്ടത് വളരെയധികമാണെന്ന് അവൻ കരുതി. നേരത്തെ പറഞ്ഞ യുവതിയുടെയും മറ്റനേകം ജീസസ് യൂത്തിന്റെയും മാത്രമല്ല, ക്രൈസ്തവരിൽ പലരുടെയും യഥാർഥ അവസ്ഥ ഇതാണ്.

ജീസസ് യൂത്ത് ഫോർമേഷന്റെ ലക്ഷ്യം പൂർണത കൈവരിക്കലാണ്. "നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ" (മത്താ 5, 48). പരിപൂർണം എന്നാൽ കുറ്റമറ്റതായിരിക്കുക എന്നല്ല, മറിച്ച് ക്രിസ്തു കാണിച്ചുതരുന്ന സ്നേഹവും അനുകമ്പയും നീതിയും ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ആത്മാർഥമായി പരിശ്രമിക്കുക എന്നതാണ്. പരിപൂർണതയിലേക്കുള്ള ഈ വിളി ആത്മീയ വളർച്ചയുടെ ഒരു തുടർപ്രക്രിയയാണ്. ദൈവകൃപയോടുള്ള സഹകരണത്തിലൂടെ മാത്രമേ നമുക്ക് അതു സ്വായത്തമാക്കാനാകൂ.

"ജീവനിലേക്കു പ്രവേശിക്കാൻ നിനക്ക് ആഗ്രഹമുണ്ടെങ്കിൽ..." എന്ന് യേശു പറയുമ്പോൾ നിത്യജീവൻ തെരഞ്ഞെടുക്കാനുള്ള അവസരം അവിടന്നു ആ യുവാവിനെന്നപോലെ നമ്മുടെ മുന്നിലേക്കും നീട്ടുകയാണ്. ജീസസ് യൂത്തെന്ന നിലയിൽ ധാർമിക, ബൗദ്ധിക, ആത്മീയ, സുവിശേഷവത്ക്കരണ മേഖലകളിൽ നാം വളർന്നിട്ടുണ്ടാകാം. എന്നാൽ കൂടുതൽ ആഴത്തിലേക്ക് പോകാനാണ് യേശു നമ്മെ വിളിക്കുന്നത്. വി. മർക്കോസിന്റെ സുവിശേഷത്തിൽ (10,21) യേശു സ്നേഹപൂർവം ആ യുവാവിനെ നോക്കിക്കൊണ്ടു പറയുന്നത് "നിനക്ക് ഒരു കുറവുണ്ട്" എന്നാണ്. നമ്മിലെ കുറവായ ആ 'ഒരു കാര്യ'ത്തെ ഗൗരവത്തോടെ നേരിടാനാണ് യേശു നമ്മോടു പറയുന്നത്. ആ യുവാവിനോട് ഭൗതിക സ്വത്തെല്ലാം ഉപേക്ഷിച്ചിട്ട് പകരം സ്വർഗീയ സമ്പത്ത് സ്വന്തമാക്കാനാണ് യേശു ആഹ്വാനം ചെയ്തത്. എന്നാൽ അത് അവനു സ്വീകാര്യമായില്ല. അവൻ ഒത്തിരി സങ്കടത്തോടെ മടങ്ങുന്നു.

യേശുവിന്റെ വിളിയോടു പ്രത്യുത്തരിക്കാനാണ് നമ്മുടെ തീരുമാനമെങ്കിൽ ആദ്യപടി ഒരു 'ശുദ്ധീകരണപാതയിലൂടെ' കടന്നുപോകുകയാണ്. ഈ പാതയിലൂടെ അതീവ ശ്രദ്ധയോടെചരിക്കുമ്പോൾ നമ്മെത്തന്നെ പാപപങ്കിലമായ താത്പര്യങ്ങളിൽനിന്നും വേർപെടുത്താനും, എല്ലാ ജീവിത സാഹചര്യങ്ങളിലും പ്രാർഥനയും കൂദാശകളും വഴി ദൈവത്തോടു കൂടുതൽ അടുക്കാനുമാണ് നാം ശ്രമിക്കുന്നത്. ഈ ശുദ്ധീകരണം നമ്മെ ദൈവസ്നേഹത്തോട് തുറവിയുള്ളവരാക്കുകയും എല്ലാറ്റിനുമുപരിയായി ദൈവത്തെ സ്നേഹിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു.

ഒരുപക്ഷേ, ജീസസ് യൂത്ത് ഫോർമേഷനിലെ പല മൊഡ്യൂളുകളും നാം ഇതിനകം താത്പര്യത്തോടെ പൂർത്തിയാക്കിയിട്ടുണ്ടാകാം. ഇതുവഴി ഒരു ശുദ്ധീകരണ ഘട്ടത്തിലൂടെ നാം യാത്ര ചെയ്യുകയാണ്. ഈ യാത്രയിൽ ദൈവസ്നേഹത്തിലേക്ക് നമ്മുടെ ഹൃദയം പൂർണമായി തുറക്കുകയാണ്. ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിന്റെ തീവ്രത കുറയ്ക്കുന്ന എല്ലാറ്റിലുംനിന്നും ഈ ഘട്ടം നമ്മെ ശുദ്ധീകരിക്കുന്നു. ഇക്കൊല്ലത്തെ ഫോർമേഷൻ ദിനം നാം ആഘോഷിക്കുമ്പോൾ, ദൈവത്തോടു കൂടുതൽ അടുക്കാനും അവിടത്തെ കൂടുതൽ സ്നേഹിക്കാനും വേണ്ടി, നാം ബോധപൂർവം ഉപേക്ഷിക്കണമെന്ന് കർത്താവ് ആവശ്യപ്പെടുന്ന ആ 'ഒരു കാര്യം' എന്തായിരിക്കുമെന്ന് ചിന്തിക്കാം.

അടുത്തിടെ, എന്റെ ആത്മീയ ഗുരുവുമായുള്ള സംഭാഷണത്തിൽ എനിക്കു മനസ്സിലായ ഒരു കാര്യമുണ്ട്. അംഗീകാരത്തിനും പ്രോത്സാഹനത്തിനുംവേണ്ടി എന്റെ അബോധ മനസ്സിലുണ്ടായിരുന്ന ആഗ്രഹം കർത്താവിനോട് അടുക്കുന്നതിൽനിന്ന് എന്നെ തടയുന്നു. ഇക്കാര്യം തിരിച്ചറിഞ്ഞപ്പോൾ, എന്റെ ഗുരുവിന്റെ സഹായത്താൽ ഞാൻ അനുതാപത്തിലേക്കു നയിക്കപ്പെടുകയും എന്റെ ഉള്ളിലുള്ള ഈ ആഗ്രഹത്തെ ഉപേക്ഷിക്കുകയും ചെയ്തു. പറഞ്ഞറിയിക്കാനാകാത്ത സ്വാതന്ത്ര്യമായിരുന്നു ഫലം. അതിനുശേഷം എല്ലാദിവസവും ഒരുമണിക്കൂർ അവിടത്തെ സന്നിധിയിലിരിക്കാൻ എനിക്കു സാധിക്കുന്നുണ്ട്. വർഷങ്ങളായി ആഗ്രഹിച്ച ഒരു കാര്യമാണ് ഇപ്പോൾ മനോഹരമായി എല്ലാദിവസവും സംഭവിക്കുന്നത്.

ദൈവത്തെ പൂർണഹൃദയത്തോടെ സ്നേഹിക്കുന്നതിൽനിന്നു നമ്മെ തടയുന്ന കാര്യമെന്താണ്? ഓർക്കുക, ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ തടസ്സപ്പെടുത്തുന്ന എല്ലാത്തരം 'സ്നേഹങ്ങളിൽ' നിന്നും നമ്മുടെ ഹൃദയത്തെ ശുദ്ധീകരിക്കേണ്ടതുണ്ട്. ചിലപ്പോൾ അത് മറ്റുള്ളവരുടെ അംഗീകാരത്തിനായുള്ള ആഗ്രഹമായിരിക്കാം. അല്ലെങ്കിൽ ഏതെങ്കിലും വ്യക്തികളോടോ വസ്തുക്കളോടോ സാഹചര്യങ്ങളോടോ ചിന്താഗതികളോടോ ഉള്ള അതിയായ താത്പര്യമായിരിക്കാം. അതുമല്ലെങ്കിൽ നമ്മെപ്പറ്റിയോ മറ്റുള്ളവരെപ്പറ്റിയോ നമുക്കുള്ള കാഴ്ചപ്പാടുകളായിരിക്കാം.

നമ്മിൽ നാം തിരിച്ചറിയുന്നതും അറിയാത്തതുമായ വളർച്ചയുടെ മേഖലകളെ കൃതജ്ഞതാപൂർവം ഓർക്കുവാൻകൂടി ഈ ഫോർമേഷൻ ദിനം നമ്മെ സഹായിക്കട്ടെയെന്ന് ഞാൻ ആഗ്രഹിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. കർത്താവ് നമ്മോട് ഉപേക്ഷിക്കാൻ ആവശ്യപ്പെടുന്ന ആ 'ഒരു കാര്യ'ത്തെക്കുറിച്ച് ഈ നാളുകൾ നമ്മെ ബോധ്യപ്പെടുത്തട്ടെ. അപ്പസ്തോലൻമാരുടെ രാജ്ഞിയായ മറിയം ദൈവകൃപയുമായി സഹകരിക്കാൻ അനുദിനം നമ്മെ സഹായിക്കട്ടെ. അങ്ങനെ നമുക്ക് പരിപൂർണതയിലേക്കു യാത്ര ചെയ്യാം. എല്ലാവർക്കുംസന്തോഷകരവും അനുഗ്രഹപൂർണവുമായ ഒരു ഫോർമേഷൻ ദിനം ആശംസിക്കുന്നു.

***ഫാ. ബിറ്റാജു പുത്തൻപുരക്കൽ OSST***
*ജീസസ് യൂത്ത് അന്തർദേശീയ ഫോർമേഷൻ ടീമിന്റെ ചാപ്ലെയിൻ, ട്രിനിറ്റേറിയൻ സഭാംഗം*





# തെലങ്കാനയിലെ നസ്രാണികൾ

മിഷൻ ഫോക്കസ് / ദേശീയം

സഭ സ്വഭാവത്താൽ പ്രേഷിതയാണ് അതുകൊണ്ടുതന്നെ സഭാതനയർ സുവിശേഷപ്രഘോഷകരുമാണ്. ആദ്യകാലം മുതൽ തന്നെ തന്റെയും കുടുംബത്തിന്റെയും അതിജീവനത്തിനു വേണ്ടി ജനിച്ച നാടും വീടും എല്ലാം വിട്ട് അന്യദേശങ്ങളിലേക്ക് ഒറ്റയ്ക്കും കുടുംബമായും ചേക്കേറി പ്രവാസിയായി ജീവിക്കുന്ന രീതി കേരള ക്രൈസ്തവർക്ക് അന്യമല്ല. അതിന്നും തുടരുന്നു. രാജ്യം വിട്ടു പോകുന്നതുപോലെ തന്നെ ഇന്ത്യ എന്ന സ്വന്തം രാജ്യത്തിന്റെ വിവിധ കോണുകളിലേക്ക് കുടിയേറുന്ന കേരള കത്തോലിക്കരുടെ എണ്ണവും കൂടിക്കൊണ്ടിരിക്കുകയാണ്.

ചെറുതും വലുതുമായ 16 ഇടവകകളുമായി വളർച്ചയുടെ പാതയിലൂടെയാണ് തെലങ്കാനയിലെ ഈ മാർത്തോമ നസ്രാണി സമൂഹം മുന്നേറുന്നത്. ഇതിലെ രണ്ടാമത്തെ വലിയ ഇടവകയാണ്, അമീൻ പൂർ മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്നതും 85 ഓളം കുടുംബങ്ങളുമായി പ്രേഷിത തീക്ഷ്ണതയിൽ വളരുന്നതുമായ സെന്റ് ജൂഡ് സീറോ മലബാർ ചർച്ച്. ഇപ്പോഴത്തെ വികാരിയും ഇടുക്കി രൂപതാംഗവുമായ തോമസ് വാഴയിൽ അച്ചന്റെ നേതൃത്വത്തിൽ ഒരു കുടുംബമെന്നോണം ഈ കൂട്ടായ്മ മുന്നേറുന്നു.





വീടും നാടും വിട്ട് മറ്റുദേശങ്ങളിലേക്ക് കുടിയേറുന്നവർക്ക് എന്നും നഷ്ടമാവുന്നതാണ് സ്വന്തം നാട്ടിലെ ആഘോഷങ്ങളെല്ലാം. ഈ 85 വീട്ടുകാർക്ക് ആ ഒറ്റപ്പെടൽ ഒരിക്കലും അനുഭവിക്കേണ്ടി വരാറില്ല. കാരണം, നാട്ടിൽ ഉള്ളതിനോളം സന്തോഷം ഈ കാര്യത്തിൽ അവർ ഇവിടെയും അനുഭവിക്കുന്നുണ്ട്. ഒരു ഇടവക എന്ന നിലയിലല്ല ഒരു കുടുംബമായിട്ടാണ് ഇവർക്ക് മുമ്പോട്ട് പോകാൻ സാധിക്കുന്നത്. തങ്ങളുടെ പൂർവികരുടെ വിശ്വാസ പാരമ്പര്യങ്ങളിൽ പുലർത്തുന്ന നിഷ്ഠയും അത് കെടാതെ തങ്ങളുടെ മക്കളിലേക്ക് കൈമാറ്റം ചെയ്യാനുള്ള തീക്ഷ്ണതയും അഭിനന്ദനീയമാണ്. മലയാളം അത്ര വശമില്ലാതിരുന്ന തങ്ങളുടെ മക്കൾ സ്വന്തം മാതൃഭാഷ നന്നായി കൈകാര്യം ചെയ്യുന്നു എന്നുള്ളത് അവർക്ക് ഏറെ സന്തോഷം നൽകുന്നു. ഇവിടെ കേരളത്തിലെ എല്ലാ രൂപതകളിലും ഉൾപ്പെട്ടവർ ഒന്നുചേർന്ന് ഭിന്നതകളില്ലാതെ ആരാധനക്രമം പരികർമം ചെയ്യുന്നു. ഇടവക മധ്യസ്ഥ തിരുനാളും, ജപമാലമാസ ആഘോഷവും, മലയാളിയുടെ ഉത്സവമായ ഓണാഘോഷവും, ഇടവകാംഗങ്ങളുടെ ജന്മദിനവും, വിവാഹ വാർഷികങ്ങളുമെല്ലാം ഈ മെട്രോ നഗരത്തിലെ തിരക്കുകൾക്കിടയിലുള്ള കൂട്ടായ്മാവസരങ്ങളായി ഇവർ മാറ്റുന്നു.

ആദ്യമായി ഈ ഇടവകയിലേക്ക് വരുന്ന ഒരാൾക്കുപോലും അപരിചിതത്വം തോന്നില്ല എന്നുള്ളതാണ് ഇവിടത്തെ വലിയൊരു പ്രത്യേകത. ഏതൊരു ആവശ്യങ്ങളിലും സ്വന്തം കുടുംബാംഗങ്ങളെ പോലെ ഒപ്പം നിൽക്കാനുള്ള ഇടവകാംഗങ്ങളുടെ കരുതലും സ്നേഹവും സഹകരണവും അഭിനന്ദനീയമാണ്. പള്ളിക്ക് അടിയന്തിരമായി വാഹന പാർക്കിങ്ങിനു വേണ്ട സ്ഥലം വാങ്ങേണ്ടി വന്നപ്പോൾ 250 ഓളം പവൻ സ്വർണം ഇടവകാംഗങ്ങൾ സ്വരൂപിക്കുകയും അത് പണയപ്പെടുത്തി ലോണെടുത്ത് തങ്ങളുടെ ആവശ്യം നിർവഹിച്ചതുമെല്ലാം കൂട്ടായ്മയുടെയും പരസ്പര സഹകരണത്തിന്റെ ഉത്തമ ഉദാഹരണങ്ങളാണ്. ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്നവരാണ് ഇവിടെ ഇടവകാംഗങ്ങളിൽ കൂടുതലും. അതോടൊപ്പം ബിസിനസ് സംരംഭങ്ങൾ നടത്തുന്നവരും ഇക്കൂട്ടത്തിൽപ്പെടുന്നു. തിരക്കുനിറഞ്ഞ തങ്ങളുടെ ജീവിതചര്യയിൽ ദൈവവിശ്വാസത്തിൽ വളരുവാനും തങ്ങളുടെ മക്കളെ ദൈവാശ്രയത്തിൽ വളർത്തുവാനും ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറാകാത്തതാണ് ഇവർക്ക് ലഭിക്കുന്ന ദൈവാനുഗ്രഹത്തിന്റെ അടിത്തറ. തങ്ങളുടെ രൂപതയ്ക്ക് പുതിയതായി ലഭിച്ച ഇടയൻ അഭിവന്ദ്യ പ്രിൻസ് ആന്റണി പിതാവിന്റെ ആശീർവാദത്തോടെ സുവിശേഷം ജീവിച്ചുകൊണ്ട് തെലുങ്ക് നാട്ടിൽ ക്രിസ്തുവിന് പുതിയ കാലഘട്ടത്തിന്റെ സാക്ഷികളാകാൻ ആത്മാവിന്റെ അഭിഷേകത്തോടെ അവർ എന്നും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

> തിരക്കുനിറഞ്ഞ തങ്ങളുടെ ജീവിതചര്യയിൽ ദൈവവിശ്വാസത്തിൽ വളരുവാനും തങ്ങളുടെ മക്കളെ ദൈവവിശ്വാസത്തിൽ വളർത്തുവാനും ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറാകാത്തതാണ് ഇവർക്ക് ലഭിക്കുന്ന ദൈവാനുഗ്രഹത്തിന്റെ അടിത്തറ.





# ഡേവിഡ് ലൂയിസ്

## DAVID LUIZ

BRAZILIAN FOOTBALL PLAYER



"എന്റെ ജീവിതത്തിലെ എല്ലാം ദൈവത്തിന്റെ ദാനമാണ്. നമ്മുടെ ജീവിതം ദൈവിക പദ്ധതികൾക്ക് അനുസരണമായാണ് ഒരോ ദിനവും സംഭവിക്കുന്നത്."

2011 ഒക്ടോബർ 19ന് നടന്ന ചാമ്പ്യൻസ് ലീഗ് മത്സരത്തിനിടെ (ജെൻകും ചെൽസിയയും തമ്മിൽ) ഫുട്ട്ബോൾ ഗ്രൗണ്ടിൽ നടന്ന ഒരു സംഭവം ഫുട്ട്ബോൾ ആരാധകർക്കിടയിൽ എക്കാലവും ഓർമിക്കപ്പെടുന്ന ഒന്നാണ്. സംഭവത്തിനാധാരം 2011 ജനുവരിയിൽ, ചെൽസി 50 മില്യൺ പൗണ്ടിനാണ് ഫെർണാണ്ടോ ടോറിസെന്ന കളിക്കാരനെ തങ്ങളുടെ ടീമിലേക്കെടുക്കാൻ കരാർ ഒപ്പുവച്ചത്. ആ കരാർ തീരുമാനം ഫുട്ട്ബോൾ ലോകത്താകമാനം അന്ന് ഞെട്ടലുണ്ടാക്കി. അക്കാലത്ത് ഇത്രയധികം പണം നൽകി ഒരു യുവ കളിക്കാരനെ ലിവർപൂളിൽ നിന്ന് ചെൽസി വാങ്ങിയത് ഒരു ബ്രിട്ടീഷ് റെക്കോർഡായിരുന്നു. തങ്ങളുടെ സ്റ്റാർ സ്ട്രൈക്കറെ നഷ്ടപ്പെട്ടതിൽ ലിവർപൂൾ ആരാധകർ വളരെ നിരാശരായിരുന്നു. ചെൽസി ആരാധകരെ സംബന്ധിച്ച് അവരുടെ ടീമിലേക്ക് ഒരു പുതിയ ഗോൾ മെഷീൻ വന്നു എന്നുള്ളത് ഏറെ പ്രതീക്ഷ നൽകി. എന്നാൽ ടീമിൽ പുതുതായി എത്തിയ ടോറിസ് അവസരത്തിനൊത്ത് ഉയരുന്നതിൽ തുടർച്ചയായി പരാജയപ്പെട്ടു. പിന്നീട് ജെൻകും ചെൽസിയയും തമ്മിൽ ചാമ്പ്യൻസ് ലീഗിൽ ഏറ്റുമുട്ടുന്നു. മത്സരത്തിന്റെ 90 മിനിറ്റുകൾ പിന്നിടുമ്പോൾ 5 ഗോളുകളുമായി ചെൽസിയ മുന്നിലെത്തി. ചെൽസിയ നേടിയ ആ അഞ്ച് ഗോളുകളിൽ രണ്ടെണ്ണം ടോറിസിന്റെ വകയായിരുന്നു. എടുത്ത് പറയേണ്ട സംഭവമെന്തെന്നാൽ ഓരോ തവണ ടോറിസ് കിക്കെടുക്കാൻ പോകുന്ന സമയത്തും ഡേവിഡ് ലൂയിസ് ടോറസിന്റെ മേൽ കൈവച്ചു പ്രാർഥിച്ചു. തന്മൂലം അദ്ദേഹത്തിന് ഗോളുകൾ നേടാനായി. അടുത്ത ദിവസം എല്ലാ പത്രങ്ങളിലും ഡേവിഡ് ലൂയിസ് ടോറസിന്റെ മേൽ കൈ വച്ചു പ്രാർഥിക്കുന്ന ചിത്രങ്ങൾ സമൂഹ മാധ്യമങ്ങളിൽ ശ്രദ്ധ പിടിച്ചുപറ്റി. ഡേവിഡ് ലൂയിസ് ഒരു പ്രവാചകനോ പാസ്റ്ററോ അല്ല, ക്രിസ്തുയേശുവിൽ വിശ്വസിക്കുന്ന ഒരു വിശ്വാസി. എപ്പോഴും ക്രിസ്ത്യൻ വിശ്വാസം പ്രഘോഷിക്കാനും ദൈവത്തെ മറ്റുള്ളവർക്ക് നൽകാനും അദ്ദേഹം തന്റെ ഫുട്ട്ബോൾ എന്ന കളിയിലൂടെ ശ്രമിച്ചിരുന്നു. "ദൈവത്തോടുള്ള എന്റെ അടുപ്പം എനിക്ക് ശക്തിയും പ്രചോദനവും നൽകുന്നു" എന്ന് ലൂയിസ് 2011 –ൽ തുറന്ന് പറഞ്ഞു.

1987 –ൽ ബ്രസീലിലെ ഡയഡെമയിൽ ക്രിസ്ത്യൻ മാതാപിതാക്കൾക്ക് ജനിച്ച ലൂയിസ് 1999 –ൽ തന്റെ പ്രാദേശിക സാവോ പോളോ യൂത്ത് ടീമിനൊപ്പം ഫുട്ബോൾ ജീവിതം ആരംഭിച്ചു. എന്നിരുന്നാലും, അദ്ദേഹത്തിന്റെ ഉയർച്ച ആരംഭിച്ചത് വിറ്റോറിയയിൽ നിന്നാണ്. 14 വയസ്സുള്ളപ്പോൾ അദ്ദേഹം ടീമിൽ ചേർന്നു. തന്റെ ഫുട്ബോൾ ഹീറോ റിക്കാർഡോ കാക്കയുടെ കാൽപ്പാടുകൾ പിന്തുടരാൻ. സാൽവഡോർ ആസ്ഥാനമായുള്ള ടീമിൽ വച്ചാണ് ബെൻഫിക്കയിൽ നിന്നുള്ള കളിക്കാർ ലൂയിസിനുള്ളിലെ പ്രതി



ഭയെ കണ്ടെത്തുകയും അദ്ദേഹത്തെ ടീമിലേക്ക് ഉൾപ്പെടുത്തുകയും ചെയ്തത്. 2008 –ൽ, പോർച്ചുഗീസ് സംഘടനയുമായുള്ള വിജയകരമായ സീസൺ ലോൺ സ്പെല്ലിനുശേഷം ബെൻഫിക്കയുമായി 1.5 മില്യൺ യൂറോയുടെ കരാർ അദ്ദേഹം ഒപ്പിട്ടു. ലൂയിസ് ബെൻഫിക്കയിൽ നാല് വർഷത്തെ വിജയകരമായ സ്പെൽ ആസ്വദിക്കുകയും മൂന്ന് തവണ ലീഗ് കപ്പ് നേടുകയും ചെയ്തു. തുടർന്ന് ചെൽസിയിലേക്ക് മാറി. 2011 –ൽ ലണ്ടൻ ക്ലബ്ബിന് 25 മില്യൺ യൂറോയാണ് ലൂയിസിന്റെ സേവനം സ്വന്തമാക്കാൻ ചിലവായത്. ശാരീരികക്ഷമതയുടെയും പരുക്കിന്റെയും കാര്യത്തിൽ ഡേവിഡ് എപ്പോഴും സുഗമമായിരുന്നില്ലെങ്കിലും, ചെൽസിയിൽ ലൂയിസ് ധാരാളം വിജയം ആസ്വദിക്കാൻ സാധിച്ചു എന്ന് പറയാം.

ലൂയിസിന്റെ എല്ലാ ആക്ഷൻ ശൈലിയും കാഴ്ചപ്പാടും ഫ്രീ കിക്കുകൾ ഷൂട്ട് ചെയ്യാനുള്ള അഗാധമായ കഴിവും അദ്ദേഹത്തെ ആരാധകർക്ക് പ്രിയങ്കരനാക്കി. ലൂയിസ് അത്‌ലറ്റാസ് ഡി ക്രിസ്റ്റോയുടെ *(ക്രിസ്തുവിന്റെ അത്‌ലറ്റുകൾ)* എന്ന സംഘടനയിൽ ഒരു അംഗമാണ്. കൂടുതലും ബ്രസീലിൽ നിന്നുള്ള ക്രിസ്ത്യൻ കായികതാരങ്ങളുള്ള, ഒരു ലാഭേച്ഛയുമില്ലാത്ത സ്ഥാപനമാണ് ഈ സംഘടന. 1984 –ൽ സ്ഥാപിതമായ ഈ സംഘടനയിൽ കാക്ക, എഡിൻസൺ കവാനി, നെയ്മർ തുടങ്ങിയ ഫുട്ബോൾ ഐക്കണുകൾ അംഗങ്ങളാണ്. ഡേവിഡ് ലൂയിസ് എല്ലായ്പ്പോഴും തന്റെ ക്രിസ്ത്യൻ വിശ്വാസങ്ങളെക്കുറിച്ച് സംസാരിക്കാറുണ്ട്: "എന്റെ വിശ്വാസം എനിക്ക് ശക്തിയും പ്രചോദനവും നൽകി, ഒരു കളിക്കാരനെന്ന നിലയിൽ മികച്ച പ്രകടനം നടത്താനും മെച്ചപ്പെടുത്താനും കഴിഞ്ഞത് ദൈവ സഹായം മൂലമാണ്."

ഈ അടുത്ത കാലത്ത് അദ്ദേഹം സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിൽ ഒരു ബൈബിൾ വാക്യം ഉദ്ധരിച്ചു ഒരു പോസ്റ്റിട്ടിരുന്നത് ഏറെ ശ്രദ്ധിക്കപ്പെട്ടു: "അതിനാൽ, ആരെങ്കിലും ക്രിസ്തുവിൽ ആണെങ്കിൽ, അവൻ ഒരു പുതിയ സൃഷ്ടിയാണ്. പഴയത് കഴിഞ്ഞു പോയി; ഇതാ, പുതിയതു വന്നിരിക്കുന്നു (2 കോറി 5,17). വീണ്ടും ഒരു പോസ്റ്റിൽ ഇപ്രകാരം എഴുതി: "കർത്താവേ, അങ്ങയോടൊപ്പം ജീവിക്കുന്നത് എത്ര അത്ഭുതകരമാണ്, എന്നെ വളരെയധികം സ്നേഹിക്കുന്നതിനും പരിപാലിക്കുന്നതിനും നന്ദി! എന്റെ ജീവിതം നിന്റേതാണ്, ഞാൻ നിന്റെ ദാസനാണ്. എന്റെ എല്ലാ തീരുമാനങ്ങളുടെയും ആശ്രയവും സഹായവുമായി എപ്പോഴും അങ്ങുണ്ടായിരിക്കട്ടെ. ഞാൻ നിന്നെ സ്നേഹിക്കുന്നു; ദൈവമേ. ആമേൻ!"

***ലേഖകൻ കുവൈറ്റിൽ നഴ്‌സായി ജോലി ചെയ്യുന്നു.***

# അഹാവ

## യൂത്ത് കോൺഫറൻസ്



മനുഷ്യജീവിതത്തിന്റെ വസന്തകാലഘട്ടമാണ് യുവത്വം. ഒരായുസ്സിൽ ദൈവത്തിന്റെ പ്രത്യേകമായ കൈയൊപ്പ് രേഖപ്പെടുത്തി നൽകപ്പെട്ടിരിക്കുന്ന ഒന്ന്. എന്നാൽ ഇന്ന്, ഇരുട്ടു നിറഞ്ഞ വഴികളിലേക്ക് നമ്മുടെ യുവത്വം യാത്ര ആരംഭിച്ചിരിക്കുന്നു. ജീവിക്കുവാൻ മറന്നുപോകുന്ന യുവത്വം. ഉന്നത ബിരുദവും, ഉന്നത ജോലിയും, വലിയ വരുമാനവും മാത്രം ലക്ഷ്യമാക്കിയുള്ള യാത്രയിൽ പലപ്പോഴും അവർക്ക് സ്വയം നഷ്ടമാകുന്നു. ലഹരിയുടെ മറവിൽ സ്വയം ആശ്വാസം കണ്ടെത്താനുള്ള ശ്രമങ്ങളും, ആ ശ്രമത്തിൽ പരാജയപ്പെടുമ്പോൾ ഉണ്ടാകുന്ന മനോവ്യഥയും ഒട്ടുമിക്ക യുവജനങ്ങളുടെയും ജീവനുകളെ കാർന്നു തിന്നു കഴിഞ്ഞു.

ജീവിതത്തിൽ ഇത്തരം പ്രതിസന്ധിഘട്ടങ്ങൾ ഉണ്ടാകുമ്പോൾ കൈപിടിച്ച് കൂടെ നയിക്കാനും, കേട്ടിരിക്കാനും, ആശ്വസിപ്പിക്കാനും ഒരാളുണ്ടായിരുന്നെങ്കിൽ എത്രയേറെ ജീവനുകളെ രക്ഷിക്കാമായിരുന്നു. ശരിക്കും ഇങ്ങനെ ഒരാൾ ഇല്ലാത്തതാണോ? അതോ ഉണ്ടായിട്ടും നാം അറിയാതെ പോയതാണോ?

വിശുദ്ധ ബൈബിളിൽ ഏറെ വിചിന്തനം ചെയ്യപ്പെട്ടിട്ടുള്ള ഉപമയാണ് ധൂർത്തപുത്രന്റേത്. തനിക്കുള്ളതെല്ലാം നഷ്ടപ്പെടുത്തി ജീവിതത്തിൽ മുന്നോട്ടുപോകാൻ പറ്റാതെ തകർന്നു നിന്ന സമയം അവൻ എടുത്ത ഒരു തീരുമാനം അവന്റെ ജീവിതം തന്നെ മാറ്റിമറിച്ചു. "ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുത്തേക്ക് പോകും" (ലൂക്കാ 15,18). അനുതപിച്ച് പിതാവിന്റെ അടുക്കലേക്ക് പോയപ്പോൾ അവന് തിരികെ ലഭിച്ചത് അവന്റെ ജീവനായിരുന്നു. അവനെ കണ്ടപ്പോൾ മനസ്സലിഞ്ഞ് ഓടിച്ചെന്ന് കെട്ടിപ്പിടിച്ച് ചുംബിച്ച പിതാവിന്റെ സ്നേഹം നാം കണ്ടതാണ്. ഇത്തരം ഒരു പിതാവ് നമുക്കും ഇല്ലേ? എത്രയൊക്കെ അകന്നു പോയാലും ചേർത്തുനിറുത്തുന്ന ഒരു പിതാവ്... നമ്മുടെ പിതാവായ ദൈവം. പിതാവിലേക്ക് തിരികെ പോകാൻ ഒരു അവസരം ലഭിച്ചാലോ...

യുവജനങ്ങളുടെ ആത്മീയ ജീവിത പരിപോഷണം ലക്ഷ്യംവച്ചുകൊണ്ട് ജീസസ് യൂത്ത് നെയ്യാറ്റിൻകര സോണിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ മാസം 26 മുതൽ 29 വരെ മാറനല്ലൂർ ക്രൈസ്റ്റ് നഗർ കോളേജിൽ വച്ചു 'അഹാവ' എന്ന പേരിൽ ഒരു യൂത്ത് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുകയാണ്. 16 നും 25 നും മധ്യേ പ്രായമുള്ള 1000 പേരോളംവരുന്ന യുവജനങ്ങളുടെ ഈ കൂട്ടായ്മയായ അഹാവ യൂത്ത് കോൺഫറൻസ് അഭിവന്ദ്യ റൈറ്റ്. റവ. ഡോ. വിൻസെന്റ് സാമുവൽ പിതാവ് ജൂലൈ 14ന് വിളംബരം ചെയ്തു. കോൺഫറൻസ് പ്രാർഥനയുടെയും മാനസാന്തരത്തിന്റെയും അവസരമാകുവാനും ദൈവാനുഗ്രഹത്തിന്റെയും ദൈവസ്നേഹം അനുഭവത്തിന്റെയും വേദിയായി മാറുന്നതിനും പിതാവ് ആശംസിക്കുകയുണ്ടായി.

അഹാവ എന്ന ഹീബ്രു പദത്തിനർഥം 'സ്നേഹം' എന്നാണ്. ബി.സി. 458ൽ എസ്രയുടെ നേതൃത്വത്തിൽ ബാബിലോൺ പ്രവാസത്തിൽ നിന്നും തിരികെ വരുന്ന വഴി ഇസ്രായേൽ ജനം അഹാവ നദി തീരത്ത് ഒരുമിച്ചു കൂടുകയും, മുന്നോട്ടുള്ള യാത്ര സുഗമമാകുന്നതിനും വേണ്ടി ഉപവസിച്ചു പ്രാർഥിച്ചു. ജീവിതത്തിന്റെ സുവർണ കാലഘട്ടമായ യൗവനത്തിൽ ദൈവസ്നേഹം അനുഭവിച്ചറിയുവാനും മറ്റുള്ളവർക്ക് പകർന്നു കൊടുക്കാനും ഓരോ യുവജനത്തെയും പ്രാപ്തരാക്കുക എന്നതുതന്നെയാണ് ഈ കോൺഫറൻസിന്റെയും ലക്ഷ്യം. തിരുസഭയിൽ നിന്ന് അകന്നു കഴിയുന്ന ഒത്തിരി യുവജനങ്ങളെ തിരികെ കൊണ്ടുവരുന്നതിന് ഈ യൂത്ത് കോൺഫറൻസ് അനിവാര്യമാണ്.

അഹാവ കോൺഫറൻസിന്റെ ഭാഗമായി വൈദികർക്കും സന്യസ്തർക്കുമായി ഒരു







ഗാതറിങ്ങും അതോടൊപ്പം ഫാമിലി മിനിസ്ട്രിയുടെ നേതൃത്വത്തിൽ ജീസസ് യൂത്ത് ഫാമിലികൾക്കും യൂത്ത് കോൺഫറൻസിൽ പങ്കെടുക്കുന്ന യുവജനങ്ങളുടെ കുടുംബങ്ങൾക്കുമായി ഒരു ഫാമിലി ഗാതറിങ്ങും നടക്കുന്നു എന്നത് ഒരു പ്രത്യേകതയാണ്.

കോൺഫറൻസുമായി ബന്ധപ്പെട്ടു 100 വിസിറ്റ് ചലഞ്ചിന്റെ ഭാഗമായി നെയ്യാറ്റിൻകര ജീസസ് യൂത്ത് 100 കുടുംബങ്ങൾ വിസിറ്റ് ചെയ്യുക എന്ന ലക്ഷ്യത്തോടെ മുന്നോട്ട് പോകുകയാണ്. ജനറൽ കോർഡിനേറ്റർ പ്രദീപ് മരിയയുടെ നേതൃത്വത്തിൽ വിവിധ മിനിസ്ട്രികൾ രൂപപ്പെടുത്തുകയും, ഒരുക്കങ്ങളെല്ലാം ഭംഗിയായി നടന്നു വരുകയും ചെയ്യുന്നു.

മാതൃകകൾ അന്വേഷിക്കുന്ന യുവത്വത്തിന് യേശുവിനെ മാതൃകയായി സ്വീകരിക്കാനുള്ള അവസരം കോൺഫറൻസിലൂടെ ലഭിക്കാനിടയാകട്ടെ. യുവത്വത്തിന്റെ പൂർണതയിൽ ലോകത്തിനുവേണ്ടി തന്റെ കൈകൾ വിരിച്ചുവച്ച് ജീവിതം ഒരു യാഗമായി നൽകിയ യുവാവായ യേശുക്രിസ്തുവിലും ഉദാത്തമായ ഒരു ജീവിത മാതൃക ഇനിയും ലഭിക്കുവാനില്ല. പ്രിയ യുവജനങ്ങളെ, ക്രിസ്തുവിനെ ജീവിതത്തിൽ സ്വീകരിച്ച് ഈ ലോകത്തോട് അനുരൂപപ്പെടാതെ പുതിയ ആകാശവും പുതിയ ഭൂമിയും നിലകൊള്ളുന്ന ദൈവരാജ്യം ഈ മണ്ണിൽ നിർമിക്കാനും സാധിക്കും. അതിനായി യുവജനങ്ങൾ ദൈവത്തിങ്കലേക്ക് കണ്ണും നട്ട് വളരേണ്ടിയിരിക്കുന്നു. അതിനുള്ള ഒരു വേദിയായി അഹാവ യൂത്ത് കോൺഫറൻസ് മാറുന്നതിനായി നെയ്യാറ്റിൻകര സോൺ പ്രാർഥിച്ചൊരുങ്ങുകയാണ്.




ഞങ്ങളോടൊപ്പം ചേർന്ന് നിങ്ങൾക്കും ആത്മാക്കളുടെ രക്ഷയ്ക്കായി നിരന്തരം പ്രാർഥിക്കാവുന്നതാണ്. അതിനായി നെയ്യാറ്റിൻകര സോൺ ഒരു വെബ്സൈറ്റ് ലോഞ്ച് ചെയ്തിരിക്കുന്നു.

**ലിങ്ക്: https://jynta.in/**



**വാർത്താവിചാരം** - സണ്ണി കോക്കാപ്പിള്ളിൽ

# അതിരുവിട്ട ചിന്തകൾക്ക് വിരാമം, സിനഡ് സമാപിച്ചു

ഇക്കഴിഞ്ഞ ഒക്ടോബർ 28ന് റോമിൽ സമാപിച്ച മെത്രാന്മാരുടെ സിനഡ് പ്രതീക്ഷാനിർഭരമായ ഒട്ടനേകം തീരുമാനങ്ങളെടുത്താണ് പിരിഞ്ഞത്. സിനഡിനു മുമ്പ് പ്രതീക്ഷകളും ആശങ്കകളും വിഭിന്ന ആശയക്കാർക്കുണ്ടായിരുന്നു. എന്നാൽ മൂല്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യാനോ ധാർമികതയിൽ വെള്ളം ചേർക്കാനോ സിനഡ് തുനിഞ്ഞില്ല. ലോകത്തിന്റെ കാഴ്ചപ്പാടുകൾക്ക് അനുസൃതമായി വലിയ മാറ്റങ്ങൾ പ്രതീക്ഷിച്ചിരുന്നവരുണ്ട്. ഹയരാർക്കിക്കൽ ഘടനയിൽ പ്രാധാന്യം കുറയ്ക്കും, വനിതകൾക്ക് പൗരോഹിത്യം നൽകും, സ്വവർഗ അനുരാഗികളുടെ താത്പര്യങ്ങൾ അംഗീകരിക്കപ്പെടും എന്നൊക്കെ മാറ്റം പ്രതീക്ഷിച്ചിരുന്നവരുണ്ട്. എന്നാൽ ഇതൊക്കെ വെറും ഊഹാപോഹങ്ങൾ മാത്രമായിരുന്നു.

നിലവിലുള്ള ലൈംഗിക, ധാർമിക നിയമങ്ങളിൽ ഭേദഗതികൾ ഉണ്ടാകാമെന്ന് ചിലർ ചർച്ചകൾ നടത്തുകയും ആശയങ്ങൾ പങ്കുവയ്ക്കുകയും ചെയ്തിരുന്നു. വിവാഹത്തിനു മുമ്പുള്ള കൂടിതാമസം, വിവാഹമോചനം ഇവയൊക്കെ ലാഘവത്തോടെ കാണുന്നവർ അതിനനുയോ



ജ്യമായ ഇളവുകൾ പ്രതീക്ഷിച്ചിരിക്കാം. പല പാശ്ചാത്യരാജ്യങ്ങളിലും സർവസാധാരണമായ ഇത്തരം പ്രവണതകൾ ജനങ്ങളുടെ ഭൂരിപക്ഷ അഭിപ്രായത്തോടുചേർന്ന്, സഭയുടെ തീരുമാനങ്ങളും മാറി വരുമെന്ന് കാത്തിരുന്നവരും അനേകമായിരുന്നു.

LGBTQ+ വിഭാഗത്തെ നയിക്കുന്ന നിലപാടുകളോട് ഔദ്യോഗിക അംഗീകാരം ഇപ്രാവശ്യത്തെ സിനഡിൽ ഉണ്ടാകുമെന്ന് വിചാരിച്ചിരുന്നവർ ധാരാളമായിരുന്നു. എന്നാൽ മനുഷ്യമഹത്വത്തിന് ചേരാത്ത ലൈംഗിക വ്യതിചലനങ്ങളെ സഭാ അംഗീകരിക്കുന്നില്ലെന്ന് വ്യക്തമാണ്. മൂല്യങ്ങൾക്ക് വിരുദ്ധമായി വ്യത്യസ്ത പ്രവണതകൾക്ക് അടിമപ്പെട്ടവരെ സഭ അനുകമ്പയോടെ കാണുന്നു. ഈ വീക്ഷണം അവരെ അംഗീകരിക്കലല്ല തിരിച്ചുവരവിനുള്ള കാത്തിരിപ്പാണ്. അവരുടെ സാഹചര്യങ്ങളിൽ നിലനിറുത്തുന്നതിലല്ല സഭയുടെ താത്പര്യം. ജീവിത വിശുദ്ധിയിലേക്കും യഥാർഥ ലക്ഷ്യത്തിലേക്കും അവരെ കൈപിടിച്ചുയർത്താനാണ് സഭ ആഗ്രഹിക്കുന്നത്.

പങ്കാളിത്തത്തെക്കുറിച്ച് സിനഡ് ഏറെ ചർച്ച ചെയ്തു. സഭാ ശുശ്രൂഷകളിൽ സ്ത്രീകളുടെ പങ്കാളിത്തം, സഭയുടെ ഭരണത്തിൽ അത്മായരുടെ പങ്കാളിത്തം മുതലായവ വിശദമായ ചർച്ചയ്ക്ക് കാരണമായി. സഭാ പാരമ്പര്യങ്ങളെ അവഗണിക്കാതെയും സാധ്യമായ വിധത്തിൽ സഹകരിപ്പിച്ചും പങ്കാളിത്തത്തെ ഉറപ്പാക്കി നീങ്ങണമെന്നാണ് സഭ ആഗ്രഹിക്കുന്നത്. എല്ലാവിധ ചൂഷണങ്ങളേയും സിനഡ് അപലപിച്ചു. നീതിക്കുവേണ്ടി പോരാടാനും അനുരഞ്ജനത്തിന്റെ പാത തെരഞ്ഞെടുക്കാനും സഭ ആഹ്വാനം ചെയ്യുന്നു. നിലവിൽ സഭ അനുവർത്തിക്കുന്ന കാര്യങ്ങളെ സിനഡ് ഒന്നുകൂടി ഊട്ടിയുറപ്പിച്ചു. സഭയുടെ നിലപാടുകൾ എന്നും ഒന്നുതന്നെയാണ്. കാലാനുസൃതമായി സമൂഹം സ്വീകരിക്കുന്ന നിലപാടുകൾക്കനുസരിച്ച് മൂല്യങ്ങളിൽ നിന്ന് വ്യതിചലിക്കാൻ സഭയ്ക്കാവില്ല.

# ഒരേയൊരു നേതാവ് ക്രിസ്തു മാത്രം

ലോകത്ത് ഏറ്റവും ശക്തമായ അധികാരം കൈയാളുന്നു എന്നു ലോകം പരിഗണിക്കുന്ന സ്ഥാനമാണ് അമേരിക്കൻ പ്രസിഡന്റ് പദവി. പുതിയ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഡൊണാൾഡ് ട്രംപ് യേശുക്രിസ്തുവിനെ പ്രഘോഷിച്ചത് വലിയ ചർച്ചാവിഷയമായിരിക്കുന്നു. ഏറ്റവും വലിയ




ലീഡർ താനല്ല, യേശുക്രിസ്തു ആണെന്ന് ട്രംപ് പ്രഖ്യാപിച്ചപ്പോൾ അത് ലോകത്തിനു മുമ്പിൽ സുവിശേഷത്തിന് സാക്ഷിയാവുകയായിരുന്നു. ദൈവത്തിന്റെ സഹായം അമേരിക്കയ്ക്ക് വേണമെന്ന് അദ്ദേഹം പറഞ്ഞു. ഒരു യഥാർഥ ക്രിസ്തീയ വിശ്വാസിക്ക് ചേർന്ന വിധം അദ്ദേഹം പ്രവർത്തിച്ചു.

അമേരിക്കയുടെ വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ജെ.ഡി. വാൻസ് യേശുവിനെ ഉച്ചൈസ്തരം പ്രഘോഷിക്കുന്ന ആളാണ്. ഉറച്ച കത്തോലിക്ക വിശ്വാസിയാണ് അദ്ദേഹം. വിശ്വാസത്തെ പരസ്യമായി ഏറ്റുപറയുന്നയാൾ.

ഗർഭച്ഛിദ്രം സ്ത്രീയുടെ അവകാശമാണെന്ന് വാദിച്ചയാളാണ് കമലഹാരിസ്. അനിയന്ത്രിതമായ സ്ത്രീ സ്വാതന്ത്ര്യത്തിനുവേണ്ടി അവർ വാദമുയർത്തി. ഗർഭച്ഛിദ്രം തുടങ്ങിയ ആധുനിക അധാർമിക പ്രവണതകളെ പുരോഗമനമായി കാണുന്നവരുടെ പിന്തുണ കമല ഹാരിസിന് കിട്ടി. എന്നാൽ ജീവനു വേണ്ടി ട്രംപ് വാദിച്ചു. ഗർഭച്ഛിദ്രത്തിനെതിരെ ശബ്ദിച്ചു. ഭൂരിപക്ഷവും അതിനെ പിന്താങ്ങി. എന്തെല്ലാം കുറവുകൾ ഉണ്ടെങ്കിലും ട്രംപ് ഉയർത്തിപ്പിടിച്ച ആശയങ്ങൾ നീതിക്കു നിരക്കുന്നതായിരുന്നു. എല്ലാറ്റിലുമുപരി യേശുക്രിസ്തുവിനു ഒന്നാം സ്ഥാനം കൊടുത്തുകൊണ്ടുള്ള ഏറ്റുപറച്ചിലുകൾ ലോകത്ത് വലിയ സ്വാധീനമാണ് ചെലുത്താൻ പോകുന്നത്. മറ്റുള്ളവർ എന്ത് വിചാരിക്കുമെന്നും ഭാവിച്ച് സ്വന്തം വിശ്വാസത്തെ ഏറ്റു പറയാതെ നിശ്ശബ്ദത പാലിക്കുന്നവർ ട്രംപിന്റെ പ്രവൃത്തിയെ കണ്ടു പഠിക്കണം.

ഇക്കഴിഞ്ഞ അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ നടന്ന മറ്റൊരു കാര്യം നമുക്ക് അവിശ്വസനീയമായി തോന്നാം. ട്രംപ് പരാജയപ്പെടാൻ വേണ്ടി നിരവധി മന്ത്രവാദിനികൾ ദുർമന്ത്രവാദം ചെയ്തിരുന്നു എന്ന വാർത്തകൾ കേൾക്കുന്നുണ്ട്. അതേസമയം ട്രംപ് വിജയിക്കുന്നതിന് വേണ്ടി അനേകം സ്ഥലങ്ങളിൽ ദിവ്യകാരുണ്യ ആരാധനയും പ്രദക്ഷിണങ്ങളും നടന്നിരുന്നു. ശക്തമായ പ്രാർഥനകൾ ലോകത്തിന്റെ നിരവധി ഭാഗങ്ങളിൽ നടന്നു. ട്രംപിനു ചുറ്റും ഒരു പ്രതിരോധ നിര ശക്തിപ്പെടുന്നു. മന്ത്രവാദം ഫലിക്കുന്നില്ല എന്നൊക്കെ മന്ത്രവാദിനികൾ പറയുകയും ചെയ്തു. ചില അമേരിക്കൻ പത്രങ്ങളിൽ വന്ന വാർത്തയാണിത്.

ആധുനികതയുടെ പേര് പറഞ്ഞ് വിശ്വാസത്തിൽ നിന്നും ധാർമികതയിൽ നിന്നും അകന്നുനിൽക്കാൻ ആഗ്രഹിക്കുന്നവർക്ക് ട്രംപിന്റെ വിജയം വിലങ്ങുതടിയാണ്. ഡൊണാൾഡ് ട്രംപും ജെ.ഡി. വാൻസും ലോകത്തിന്റെ നിരവധി ഭാഗങ്ങളിൽ പ്രതീക്ഷയ്ക്കു വക നൽകുന്നു. പരസ്യമായി ദൈവവിശ്വാസം ഏറ്റു പറയുകയും യേശുവാണ് ഏറ്റവും വലിയ നേതാവ് എന്ന് ലോകസമക്ഷം വെളിപ്പെടുത്തി സുവിശേഷപ്രഘോഷത്തിന് പുതിയൊരധ്യായം രചിക്കുകയും ചെയ്തു. ഇരുവരുടെയും ഭരണം ലോകത്തെ സമാധാനത്തിലേക്ക് നയിക്കട്ടെ എന്ന് ആശംസിക്കുന്നു.

# കോടതിവിധി അധ്യാപകർക്ക് ആശ്വാസം

അധ്യാപകർക്ക് കുട്ടികളെ ശിക്ഷിക്കാമോ എന്ന ചോദ്യം ഏറെ സന്ദിഗ്ധാവസ്ഥയിലൂടെ കടന്നു പോവുകയായിരുന്നു. അതിനിടയിൽ ന്യായമായ കാര്യത്തിൽ ശിക്ഷണം ആകാമെന്നും അത് കുട്ടികളുടെ സ്വഭാവ രൂപീകരണത്തിന് സഹായകമാണെന്നും കോടതി നിരീക്ഷിച്ചു. വർഷങ്ങൾക്കു മുമ്പ് ഇങ്ങനെയൊരു പ്രശ്നമില്ലായിരുന്നു. അധ്യാപകർ കുട്ടികളെ ശിക്ഷിച്ചാൽ അതാരും ചോദ്യം ചെയ്യുകയില്ലായിരുന്നു. മാതാപിതാക്കൾ ഇതിനെ വളരെ പോസിറ്റീവായിട്ടാണ് സ്വീകരിച്ചിരുന്നത്. അന്ന് അധ്യാപകർ വളരെയധികം ആദരിക്കപ്പെട്ടിരുന്നു. കുട്ടികളുടെ നന്മയ്ക്കു വേണ്ടിയാണ് അധ്യാപകർ ഇങ്ങനെ ചെയ്തിരുന്നത് എന്ന് മാതാപിതാക്കൾ വിശ്വസിച്ചു. എന്നാൽ മക്കളുടെ എണ്ണം കുറയുകയും സാമ്പത്തിക ഞെരുക്കം ഇല്ലാതാവുകയും ചെയ്തപ്പോൾ ഒരു വിഷമങ്ങളും അവർ അനുഭവിക്കരുതെന്നുള്ള മാതാപിതാക്കന്മാരുടെ അമിതമായ വാത്സല്യത്തിൽ നിന്നാണ് ഇങ്ങനെയൊരു സാഹചര്യം സംജാതമായത്. ഇതിന്റെ ഫലമായി എന്ത് തെറ്റ് ചെയ്താലും ആരും ഒന്നും ചെയ്യുകയില്ല എന്ന വിശ്വാസത്തിൽ കുട്ടികൾ പണ്ടുള്ളതിനേക്കാൾ അധികമായി അക്രമസ്വഭാവത്തിലും ലഹരിക്കും അടിമയായി മാറി. കുട്ടികൾക്കു ശിക്ഷണം ആവശ്യമാണെന്ന് വി. ഗ്രന്ഥം ഉദ്ബോധിപ്പിക്കുന്നു. "മകനെ ശിക്ഷണത്തിൽ വളർത്തുന്നവന് അവൻ മൂലം നന്മയുണ്ടാകും. സ്നേഹിതന്റെ മുമ്പിൽ അവനെ കുറിച്ച് അഭിമാനിക്കുകയും ചെയ്യും" (പ്രഭാ 30, 2).

കുട്ടികളുടെ തെറ്റുകൾ കണ്ടിട്ട് അധ്യാപകർ നിശ്ശബ്ദമായിരിക്കുന്ന കാഴ്ചയാണ് ഇന്ന് നമുക്ക് കാണാൻ കഴിയുന്നത്. ശിക്ഷിക്കുകയോ വഴക്കു പറയുകയോ ചെയ്താൽ അവർ ക്രൂശിക്കപ്പെടുന്ന അവസ്ഥ. പീഡനത്തിന്റെ പേരിൽ കോടതി കയറിയേണ്ടിവരുന്ന സാഹചര്യം നിലനിൽക്കുന്നു. അതിനാൽ തെറ്റുകൾക്ക് നേരെ പലരും കണ്ണടയ്ക്കുന്നു. പാളിച്ച പറ്റിയ പശ്ചാത്യ നിയമം അനുകരിച്ചതുകൊണ്ടുള്ള ഈ ദുരവസ്ഥ ഇനിയെങ്കിലും മാറിയിരുന്നെങ്കിൽ!!

***ശ്രീ സണ്ണി കോക്കാപ്പിള്ളിൽ കെയ്റോസ് മലയാളം അസോസിയേറ്റ് എഡിറ്റർകൂടിയാണ്.***

 - ചിത്രീകരണം:  വെങ്കി \ **കഥ:** സെറീൻ ഏയ്ഞ്ചൽ




# ലില്ലിയും കുഞ്ഞാറ്റയും

പൂന്തോട്ടത്തിൽ നിന്നും കിട്ടിയ വടിയുമായി കുഞ്ഞാറ്റയുടെ പിറകെ ഓടുകയാണ് ലില്ലി. "നിൽക്കടി അവിടെ. നിന്നെ ഞാനിന്ന് ശരിയാക്കും. നിന്നോട് അവിടെ നിൽക്കാനല്ലേ പറഞ്ഞത്... എടീ നിൽക്കാൻ." പിന്നോട്ട് തിരിഞ്ഞു നോക്കാതെ കുഞ്ഞാറ്റ ജീവൻ പണയംവച്ചുകൊണ്ട് ഓടുകയാണ്. ലില്ലിയും വിടുന്ന മട്ടില്ല. പെട്ടെന്നാണ് കല്ലിൽ തട്ടി ലില്ലി താഴെ വീണത്. കാൽമുട്ട് പൊട്ടി ചോര പൊടിയുന്നുണ്ട്. അവൾ കരഞ്ഞുകൊണ്ട് അവിടെയിരുന്നു. കരച്ചിൽ കേട്ട് കുഞ്ഞാറ്റ തിരിഞ്ഞു നോക്കിയപ്പോൾ കാൽമുട്ട് പൊട്ടി ചോരയുമായി നിൽക്കുന്ന ലില്ലിയെ കണ്ടു. കുഞ്ഞാറ്റ ഓടിച്ചെന്ന് അവളുടെ അടുത്തിരുന്നു. "എന്തുപറ്റി ലില്ലീ?" ചോദ്യം കേട്ടിട്ട്, കേട്ട

ഭാവം കാണിക്കാതെ ലില്ലി ദേഷ്യത്തോടെ കുമ്പിട്ടിരിക്കുകയാണ്. "എന്താണ് പറ്റിയത് ലില്ലി, ചോര വരുന്നുണ്ടല്ലോ." കുഞ്ഞാറ്റയുടെ ചോദ്യം കേട്ട് ലില്ലി തലയുയർത്തി. അവളെ കണ്ണുരുട്ടി കാണിച്ചു. "ഹും! നീ എന്നോട് മിണ്ടണ്ട. എന്റെ കൈയിൽ നിന്നും നീ എന്തിനാണ് പൂക്കൾ തട്ടിപ്പറിച്ചു വാങ്ങിച്ചത്. ഞാൻ പറഞ്ഞതല്ലേ നാളെ എനിക്ക് സ്കൂളിൽ കൊണ്ടുപോകാൻ വേണ്ടി ഉള്ളതാണെന്ന്. ദാ ഇത് കണ്ടോ തട്ടിപ്പറിച്ച് വാങ്ങിച്ചപ്പോൾ കുറെ പൂക്കൾ ചീത്തയായി പോയി. നീ എന്നോട് മിണ്ടണ്ട, ഞാൻ നിന്നോട് വഴക്കാ."

ലില്ലിയുടെ ദേഷ്യഭാവം കണ്ടപ്പോൾ കുഞ്ഞാറ്റയ്ക്ക് സങ്കടമായി. കുഞ്ഞാറ്റ വീട്ടിലേക്ക് മടങ്ങിപ്പോയി. അമ്മയോട് പരിഭവം പറഞ്ഞു. അമ്മ പുറത്തുവന്നു നോക്കിയപ്പോൾ ലില്ലി അതാ കാല് നിലത്ത് കുത്താൻ വയ്യാതെ കരഞ്ഞു കൊണ്ടുവരുന്നത് കണ്ടു. അമ്മയുടെ അടുത്ത് എത്തിയപ്പോൾ അവൾ സങ്കടം സഹിക്കാൻ വയ്യാതെ കുഞ്ഞാറ്റ തന്റെ കൈയിൽനിന്ന് പൂക്കൾ തട്ടിപ്പറിച്ചു കൊണ്ട് ഓടിയതും അവളുടെ പിന്നാലെ താൻ ഓടിയപ്പോൾ കല്ലിൽ തട്ടി വീണതുമെല്ലാം അമ്മയോട് വിവരിച്ചു. ഇനി ഞാനവളോട് മിണ്ടില്ലെന്നും എന്റെ കൂടെ കളിക്കാൻ വരേണ്ടെന്നും പറഞ്ഞപ്പോൾ അമ്മ രണ്ടുപേരെയും തന്റെ അടുക്കലേക്ക് വിളിച്ചു. രണ്ടുപേരും അമ്മയ്ക്കരികിൽ എത്തിയെങ്കിലും പരസ്പരം മുഖത്തേക്ക് നോക്കിയില്ല. ലില്ലിയുടെ മസ്സില് പിടിത്തം കണ്ട് അമ്മ രണ്ടുപേരോടുമായി പറഞ്ഞു: "എന്തിനാ നിങ്ങൾ ഇങ്ങനെ വഴക്ക് കൂടുന്നത്. കുഞ്ഞാറ്റ എന്തിനാണ് ലില്ലിയുടെ പൂക്കൾ തട്ടിപ്പറിച്ചു വാങ്ങിയത്. നിനക്ക് വേണമെങ്കിൽ അവളോട് ചോദിച്ചാൽ പോരെ, അവൾ നിന്റെ ചേച്ചി അല്ലേ. സ്നേഹത്തോടെ ചോദിച്ചാൽ അവൾ നിനക്ക് പൂക്കൾ തരുമായിരുന്നില്ലേ?" "ലില്ലി എന്തിനാണ് വടിയെടുത്ത് അവളെ അടിക്കാനായി പിറകെ ഓടിയത്. നിന്റെ കുഞ്ഞനുജത്തി അല്ലേ കുഞ്ഞാറ്റ. അവൾ രണ്ടുപൂക്കൾ എടുത്തു എന്ന് വിചാരിച്ച് എന്താ കുഴപ്പം. ആരെങ്കിലും എന്തെങ്കിലും ചോദിച്ചാൽ നമ്മുടെ കൈവശമുണ്ടെങ്കിൽ സന്തോഷത്തോടെ അതവർക്ക് കൊടുക്കണം. ലില്ലിയുടെ കൈയിലെ പൂക്കളല്ലേ കുഞ്ഞാറ്റ ചോദിച്ചത് അത് സന്തോഷത്തോടെ കൊടുക്കാമായിരുന്നില്ലേ."



"നമ്മുടെ കൈവശമുള്ളത് മറ്റുള്ളവർക്ക് നൽകുമ്പോഴാണ് യഥാർഥത്തിൽ നമുക്ക് സന്തോഷം ഉണ്ടാകുന്നത്. നമുക്ക് എന്തെങ്കിലും ലഭിക്കുമ്പോൾ കിട്ടുന്ന സന്തോഷത്തേക്കാൾ എത്രയോ വലുതാണ് നമ്മൾ എന്തെങ്കിലും മറ്റുള്ളവർക്ക് കൂടുമ്പോൾ നമുക്ക് ലഭിക്കുന്ന സന്തോഷം."




അമ്മ പിന്നെയും ധാരാളം നല്ല ഉപദേശങ്ങളും സ്നേഹിക്കേണ്ടതിന്റെ ആവശ്യകതയും ഒക്കെ അവരെ പറഞ്ഞു മനസ്സിലാക്കി. കേട്ട് നിന്നിരുന്ന രണ്ടുപേരുടെയും കണ്ണുകൾ നിറഞ്ഞു. ലില്ലി ഓടിച്ചെന്ന് കുഞ്ഞാറ്റയെ കെട്ടിപ്പിടിച്ചു. കവിളിൽ ഒരുമ്മ കൊടുത്തു. എന്നിട്ട് കൈയിലുണ്ടായിരുന്ന പൂക്കൾ നിറഞ്ഞ കവർ അവളുടെ നേരെ നീട്ടി. ചേച്ചിക്ക് സ്കൂളിൽ കൊണ്ടുപോകാനുള്ളതല്ലേ എന്ന് പറഞ്ഞ് കുഞ്ഞാറ്റ സ്നേഹപൂർവം വേണ്ടെന്നു പറഞ്ഞു. അമ്മ അടുക്കളയിൽ പോയി തിരികെ വന്ന് കൈയിലുണ്ടായിരുന്ന മിഠായി രണ്ടുപേർക്കും കൊടുത്തു. "ഇത് ഇന്നലെ അച്ഛൻ കൊണ്ടുവന്ന ചോക്ലേറ്റ് അല്ലേ, ഞങ്ങൾ ഇന്നലെ കഴിച്ചല്ലോ. ഇത് അമ്മയ്ക്ക് തന്നതല്ലേ." ലില്ലിയുടെ സംശയം. അമ്മ പറഞ്ഞു: "ചോക്ലേറ്റ് നിങ്ങൾക്ക് രണ്ടുപേർക്കും ഇഷ്ടമാണെന്ന് അമ്മയ്ക്ക് അറിയാം. അമ്മയ്ക്ക് തന്നത് നിങ്ങൾക്ക് തരാനായി അമ്മയിന്നലെ മാറ്റി വച്ചിരുന്നതാണ്, കഴിച്ചോളൂ." അമ്മയുടെ വാത്സല്യം കണ്ട് കുഞ്ഞാറ്റയും ലില്ലിയും താങ്ക്യൂ പറഞ്ഞുകൊണ്ട് ചോക്ലേറ്റുമായി വീണ്ടും തൊടിയിലേക്ക് ഓടി. ലില്ലിയും കുഞ്ഞാറ്റയും തോട്ടത്തിലെത്തിയപ്പോൾ ചെടിയിലെ പൂക്കളെല്ലാം തങ്ങളെ നോക്കി തലയാട്ടി പുഞ്ചിരിക്കുന്നതു കണ്ടു. സന്തോഷം കൊണ്ടവർ തുള്ളിച്ചാടി.

# വഴുതന മാത്തൻ



**കാർട്ടൂൺ - സിനിൽ കെ.ജെ.**






SUBSCRIBE!

TO THE BEST CATHOLIC MAGAZINE FOR YOUTH & YOUNG FAMILIES

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

Kairos Media
Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org | +91 484 2984327 | 91 62382 79115 | www.jykairosmedia.org

RNI No.KERMAL/2002/12027, Date of publication: 01/12/2024, ₹50.00




Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662